# പഞ്ചായത്ത് രാജ്

പുസ്തകം 52 ◆ ലക്കം 8
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
നവംബർ 2012




## ഭരണഭാഷ മാതൃഭാഷ

## ശിശുദിനചിന്തകൾ
### കുട്ടികളെ സ്നേഹിക്കുക

## മലയാളത്തിന്റെ സ്വാതന്ത്ര്യസമരം

## 'നമ്മുടെ പഞ്ചായത്ത് ശുചിത്വത്തിന്റെ പാതയിൽ

## പഞ്ചായത്തിന്റെ ശുചിത്വം നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

**നമ്മുടെ ലക്ഷ്യം**
**മാലിന്യമുക്ത കേരളം**



പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

# ഉള്ളടക്കം


5 എഡിറ്ററുടെ പേജ്

6 ശിശുദിന ചിന്തകൾ
ഡോ. എം കെ മുനീർ



8 മലയാളത്തിന്റെ സ്വാതന്ത്ര്യസമരം
ഡോ. എഴുമറ്റൂർ രാജരാജവർമ്മ



10 ബയോ എക്സ്ട്രാക്ഷൻ പ്ലാന്റ് സാങ്കേതിക സഹകരണം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

12 വിവർത്തനത്തിലെ ഔചിത്യം
ഡോ. വിളക്കുടി രാജേന്ദ്രൻ



14 മാധ്യമങ്ങൾ കേരളപ്പിറവിക്കുശേഷം
എം.വി. തോമസ്

19 മലയാളം
ചാന്ദ്രാജ്





20 അവകാശം കിട്ടിയവിവരത്തിന് വയസ്സേഴ്
അമ്പലപ്പുഴ ശ്രീകുമാർ

22 ജൈവവൈവിധ്യസംരക്ഷണം
വിനു.എ.



25 നിയമവാഴ്ച ജനാധിപത്യത്തിന്റെ മുഖമുദ്ര
ജോൺ എസ്. ജയിംസ്



27 ഹരിതകേരളം ഇനി ഹൈടെക് കൃഷിയിലേക്ക്
എം.എ. സുധീർ ബാബു

31 ഇ-ഗവേണൻസ് ന്യൂസ്

33 പഞ്ചായത്ത് അക്കൗണ്ട്: സംശയങ്ങളും മറുപടികളും
ഉദയഭാനു കണ്ടേത്ത്



35 വൻമതിൽ കടന്ന കാഴ്ചകൾ
എം.കെ. റഫീഖ



39 പന്ത്രണ്ടാം പഞ്ചവത്സപദ്ധതി നിർവ്വഹണം ഉദ്ഘാടനം
പഞ്ചായത്ത് ന്യൂസ് സർവ്വീസ്

42 വാർത്തകൾ വിശേഷങ്ങൾ

# കത്തുകൾ




## ലോകത്തിന് മാതൃക

സാന്ത്വന പരിചരണം സംബന്ധിച്ച് ഒക്ടോബർ ലക്കം 'പഞ്ചായത്ത് രാജ്' മാസികയിലെ ലേഖനങ്ങൾ ഹൃദയസ്പർശിയായിരുന്നു. പരിചരിക്കാനാരുമില്ലാത്തവർക്കും, സാമ്പത്തികമായി കഴിവില്ലാത്തവർക്കും താങ്ങും തണലുമായി പ്രവർത്തിക്കുന്ന സന്മനസ്സുകളെ എത്ര പ്രശംസിച്ചാലും മതിയാകുകയില്ല. സ്വന്തം മാതാപിതാക്കളെ പരിചരിക്കാതെ വഴിയോരങ്ങളിൽ ഉപേക്ഷിക്കുന്ന ഈ കാലഘട്ടത്തിൽ ഗ്രാമപഞ്ചായത്തുകളുടെ സഹായത്തോടെ ചെയ്യുന്ന മഹത്തരമായ സേവനം ലോകത്തിന് മാതൃകയാണ്. മനുഷ്യസ്നേഹികളായ ഡോക്ടർമാരും, സന്നദ്ധ പ്രവർത്തകരും ഈ പ്രവർത്തനങ്ങളിൽ കൂടുതലായി വരുമെന്നും അവർക്ക് സർക്കാർ തലത്തിൽ പ്രത്യേക പരിഗണന നൽകുമെന്നും പ്രതീക്ഷിക്കുന്നു. സാന്ത്വനപരിചരണത്തെപ്പറ്റി അറിയാത്ത, അർഹതപ്പെട്ട അനേകർ ഇപ്പോഴുമുണ്ട്. അത്തരക്കാർക്ക് അറിവും, ഇത്തരം സേവനങ്ങൾ ഏറ്റെടുക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രചോദനം നൽകുന്നതിനും ലേഖനങ്ങൾ പ്രയോജനപ്പെടുമെന്നതിൽ തർക്കമില്ല. പഞ്ചായത്തുരാജിന് നന്ദി.

വടവാതൂർ, കോട്ടയം

## വിശേഷാൽ ഗ്രാമസഭ – നാദാപുരം ഗ്രാമപഞ്ചായത്തിന് അവാർഡ്



ഗ്രാമസഭകൾ മെച്ചപ്പെടുത്തുന്നതിനായി 'കില'ഏർപ്പെടുത്തിയ സംസ്ഥാന അവാർഡ് നേടിയ നാദാപുരം ഗ്രാമപഞ്ചായത്തിനുള്ള ട്രോഫി പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പുമന്ത്രി ഡോ. എം.കെ. മുനീറിൽ നിന്നും പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരി ഏറ്റുവാങ്ങുന്നു.

ഗ്രാമസഭകൾ മെച്ചപ്പെടുത്തുന്നതിനായി നടത്തിയ വിശേഷാൽ ഗ്രാമസഭാ നടത്തിപ്പിന് സംസ്ഥാന അവാർഡു നേടിയ നാദാപുരം ഗ്രാമപഞ്ചായത്തിനുള്ള അവാർഡ് പഞ്ചായത്തു മന്ത്രി ഡോ. എം.കെ. മുനീർ, പ്രസിഡന്റ് സൂപ്പി നരിക്കാട്ടേരിക്ക് നൽകി. 30,000 രൂപയും പ്രശസ്തി പത്രവും ട്രോഫിയും അടങ്ങുന്നതാണ് അവാർഡ്. നാദാപുരം ഗ്രാമപഞ്ചായത്തിനെ കൂടാതെ കണ്ണൂർ ജില്ലയിലെ ചെമ്പിലോട്, എടക്കാട് കാസർഗോഡ് ജില്ലയിലെ ബേഡഡുക്ക കൊല്ലം ജില്ലയിലെ പന്മന എന്നീ ഗ്രാമപഞ്ചായത്തുകളും അവാർഡ് നേടി. പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയുടെ സംസ്ഥാനതല ഉൽഘാടനം നടന്ന കോഴിക്കോട് ജൂബിലി ഹാളിൽവെച്ചാണ് അവാർഡ് നൽകിയത്. ചടങ്ങിൽ വി.എം. ഉമ്മർ മാസ്റ്റർ എം.എൽ.എ. അദ്ധ്യക്ഷം വഹിച്ചു. എം.കെ. രാഘവൻ എം.പി., ജില്ലാകളക്ടർ മോഹൻ കുമാർ, കില ഡയറക്ടർ ഡോ. പി. പി. ബാലൻ, പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസ് എന്നിവർ സംസാരിച്ചു.

**പഞ്ചായത്ത് രാജ്**
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

നവംബർ 2012
പുസ്തകം 52
ലക്കം 8
വാർഷിക വരിസംഖ്യ: ₹ 120
www.lsgkerala.gov.in

**ഉപദേശക സമിതി**

ചെയർമാൻ
**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമവകുപ്പ് മന്ത്രി

അംഗങ്ങൾ
**വി.എസ്. സെന്തിൽ**, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

**എ. ഫിറോസ്**
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

**പി.ടി. മാത്യു**
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

**ജി. രാജീവ്**
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

**എ. ഹാഷിം**
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ
**എസ്. ലളിതാംബിക**, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ
**എ. ഹാഷിം**
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം
സർക്കാരിന്റേതായിരിക്കണമെന്നില്ല.
അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം
ലേഖകർക്ക് മാത്രമായിരിക്കും.
പരസ്യങ്ങളുടെ ഉള്ളടക്കത്തിലും
പഞ്ചായത്ത്‌രാജിന് ഉത്തരവാദിത്വമില്ല.

**മേൽവിലാസം**
എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

## എഡിറ്ററുടെ പേജ്

# മധുരം മലയാളം

2012 നവംബർ 1-ാം തീയതി ആഘോഷിച്ചത് കേരള സംസ്ഥാന രൂപീകരണത്തിന്റെ 57-ാം വാർഷികമായിരുന്നു. തിരുവിതാംകൂറിലെ ഏതാനും പ്രദേശങ്ങളും കൊച്ചി പ്രദേശവും മലബാറും ദക്ഷിണ കർണാടകത്തിലെ ഏതാനും പ്രദേശങ്ങളും ഉൾക്കൊള്ളിച്ച് കേരള സംസ്ഥാനം 1956 നവംബർ 1-ാം തീയതി രൂപവൽക്കരിച്ചു.

ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന ഇന്ത്യയിലെ ഇരുപത്തിരണ്ട് ഔദ്യോഗിക ഭാഷകളിൽ ഒന്നായ മലയാളം. നമ്മുടെ സംസ്ഥാനത്തെ ഭരണഭാഷയാണ്. കേരളത്തിലും ലക്ഷദ്വീപിലും പുറമേ ഗൾഫ് രാജ്യങ്ങൾ സിംഗപ്പൂർ മലേഷ്യ എന്നിവിടങ്ങളിലും പൈതൃകമുള്ള ഭാഷയാണ് മലയാളം. മലയാളത്തിന് ദേശീയഭാഷാ പദവി നൽകപ്പെട്ടത് മറ്റു ഭാഷകളുടേതുപോലെ തനതായ വ്യക്തിത്വം ഉള്ളതിനാലാണ്. മലയാളം സംസാരിക്കുന്ന ജനവിഭാഗത്തിനെ പൊതുവായി മലയാളികൾ എന്നുവിളിക്കുമ്പോഴും ഭാഷയുടെ കേരളീയ പാരമ്പര്യം പരിഗണിച്ച് കേരളീയർ എന്നും വിളിച്ചുപോരുന്നു. ലോകത്താകമാനം 4 കോടി ജനങ്ങളുടെ സംസാരഭാഷയാണ് മലയാളം.

ആധുനിക മലയാളഭാഷയുടെ പിതാവായ തുഞ്ചൻ പറമ്പിൽ തുഞ്ചത്തെഴുത്തച്ഛന്റെ നാമധേയത്തിൽ മലയാളം സർവകലാശാല ഉദ്ഘാടനം ചെയ്യപ്പെട്ടു കഴിഞ്ഞു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ മാതൃഭാഷയ്ക്ക് സർവ്വകലാശാലയില്ലാത്തത് മലയാളത്തിനായിരുന്നു. ആ കുറവ് നികത്തപ്പെട്ടതിൽ മലയാളികളായ നമുക്ക് അഭിമാനിക്കാം. ഇനി ലക്ഷ്യം ശ്രേഷ്ഠഭാഷാ പദവിയാണ്. അതിനുള്ള ശ്രമം നടന്നു വരുന്നു. ഏറ്റവും വേഗം അക്കാര്യം സാധിക്കും എന്ന് പ്രതീക്ഷിക്കാം.

മലയാള സർവകലാശാലയും വിശ്വമലയാള മഹോത്സവുമൊക്കെ ലോകത്തെങ്ങുമുള്ള മലയാളികളുടെ സംസ്കാരത്തിന്റെ സവിശേഷത വ്യക്തമാക്കുന്നു. മലയാളികൾ ഭാഷാ സ്നേഹികളാണ്. ദേശീയ തലത്തിലുള്ള ത്രിഭാഷാപദ്ധതി പൂർണ യോജിപ്പോടെ നടപ്പാക്കിയതു ഉദാഹരണം. കേരളത്തിൽ ഏത് മാധ്യമത്തിലുള്ള വിദ്യാലയമായാലും മലയാളം നിർബന്ധിത ഭാഷയാക്കാൻ ഉത്തരവായിട്ടുണ്ട്.

കേരളത്തിന് പുറത്ത് ജനിച്ചു വളരുന്ന മലയാളികളെ മലയാളം പഠിപ്പിക്കുവാൻ ഇന്ത്യയിലെ പ്രധാന നഗരങ്ങളിലൊക്കെ മലയാളം മിഷന്റെ പ്രവർത്തനം വ്യാപകമാക്കുന്നതിലൂടെ സാധിക്കും. ഇന്ത്യക്കു പുറത്തുള്ള മലയാളികളെ കൂടി ലക്ഷ്യമിട്ട് മുന്നോട്ടുപോകുന്നതിന് മലയാള സർവ്വകലാശാലയുടെ പ്രവർത്തനങ്ങൾ സഹായമാകും എന്ന് പ്രതീക്ഷിക്കാം.

ഔദ്യോഗികഭാഷ മലയാളം ആക്കിയതിലൂടെ സധാരണക്കാരുടെ ജീവിതം ഉൾക്കൊള്ളുന്ന ഫയലുകളിൽ എടുക്കുന്ന തീരുമാനങ്ങളും നടപടികളും എല്ലാവർക്കും ബോദ്ധ്യമാകുന്ന തരത്തിലായിട്ടുണ്ട്. 2005-ലെ കേന്ദ്ര വിവരാവകാശ നിയമവും 2012-ലെ കേരളാ സേവനാവകാശ നിയമവും സർക്കാർ ആഫീസുകളിലെ പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യതയോടും ഉത്തരവാദിത്വത്തോടും നിർവ്വഹിക്കാൻ നിർബന്ധിതമായിരിക്കുകയാണ്. ഇത്തരുണത്തിൽ നമ്മുടെ ഭാഷയിൽ ക്കൂടി ഔദ്യോഗിക കൃത്യനിർവ്വഹണം നടത്തുന്നതു നാം ഓരോരുത്തരുടേയും കടമയായി മാറുന്നു.

കേരളസർക്കാർ 2012 നവംബർ ഒന്ന് മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി "ഭരണഭാഷ മാതൃഭാഷ" എന്ന മുദ്രാവാക്യം എല്ലാ സർക്കാർ വകുപ്പുകളിലും പ്രചരിപ്പിക്കുന്നുണ്ട്. കേരളത്തിലെ ഭരണഭാഷ പൂർണ്ണമായും മലയാളത്തിലാക്കാനുള്ള യത്നത്തിൽ എല്ലാ സർക്കാർ ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. ഗ്രാമപഞ്ചായത്തുതലം മുതൽ സെക്രട്ടറിയേറ്റുവരെയും തിരിച്ചും എല്ലാ കാര്യങ്ങളും മലയാളത്തിൽ തന്നെയാകണം. എങ്കിൽമാത്രമേ ഈ സംരംഭം വിജയത്തിലെത്തുകയുള്ളൂ.

ചുരുക്കത്തിൽ "ഭരണഭാഷ മാതൃഭാഷ" എന്ന മുദ്രാവാക്യം പ്രത്യേകിച്ച് ഒരു കാലഘട്ടത്തിന്റേതല്ല. മറിച്ച് തുടർ നടപടികളിലൂടെ ഭരണത്തിന്റെ എല്ലാമേഖലകളിലും എക്കാലത്തും മലയാളികളുടെ മാതൃഭാഷയായ മലയാളം സ്ഥാനം ഉറപ്പിക്കണം. അതിനുവേണ്ടി നമുക്ക് കൂട്ടായി പരിശ്രമിക്കാം.



**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി



# ശിശു ദിനചിന്തകൾ
## കുട്ടികളെ സ്നേഹിക്കുക



നവംബർ 14 ശിശുദിനം. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനം. കുട്ടികളെയും പൂക്കളെയും പ്രകൃതിയെയും ജീവജാലങ്ങളെയും ആത്മാംശമായി കരുതി സ്നേഹിച്ചു നമ്മുടെ ചാച്ചാ നെഹ്റു. അതുകൊണ്ടു തന്നെ നെഹ്റുവിന്റെ ജന്മദിനം ശിശുദിനമായി ദേശീയതലത്തിൽ ആഘോഷിക്കുവാൻ ഭാരതം തീരുമാനിച്ചു. ബാല്യം ആഘോഷിക്കാനുള്ള ദിനമാണ് ശിശുദിനം. അതിരുകളില്ലാത്ത ആഹ്ലാദത്തോടെയാണ് ഈ ദിനം ആഘോഷിക്കപ്പെടുക. കുട്ടികളുള്ള ഏത് കോണിലും ഈ ദിവസത്തിന്റെ ഉത്സവം എത്തും.

> “ചക്രവാളത്തോളം വികസിതമാകുന്ന ഭാവന കുട്ടികൾക്കുണ്ട്. അവരുടെ ഭാവനയുടെ ലോകത്തിന് അതിരുകളില്ല. ബാല്യത്തിന്റെ അനുഗ്രഹമാണത്. പക്ഷേ ഈ അനുഗ്രഹങ്ങൾ പൂർണ്ണമായ തോതിൽ ലഭ്യമാകാതെ പോകുന്ന ശിശുക്കളും നമുക്കിടയിൽ ഉണ്ട്. ഈശ്വരസൃഷ്ടിയായ അവരെ പ്രത്യേകം കാത്ത് സൂക്ഷിക്കേണ്ട ചുമതല നമ്മുടേതാണ്, സമൂഹത്തിന്റേതാണ്, അവർ ഒരു പോറലും ഏൽക്കാതെ സംരക്ഷിക്കപ്പെടണം.”



പനിനീർപ്പൂവിന്റെ പരിമളവും കാന്തിയും ഇഷ്ടപ്പെട്ട വ്യക്തിയായിരുന്നു ചാച്ചാ നെഹ്റു. നെഹ്റുവിന്റെ ഓവർകോട്ടിന്റെ ബട്ടൺഹോളിൽ ഒരു ചെമ്പനിനീർപ്പൂവ് എപ്പോഴും ഉണ്ടാകുമായിരുന്നു. "Children are like the buds in a garden' എന്ന് നെഹ്റു കുട്ടികളെ വിശേഷിപ്പിച്ചു. സുന്ദരമായ ഉദ്യാനത്തിലെ പൂമൊട്ടുകളാണ് കുഞ്ഞുങ്ങൾ. ഈ മൊട്ടുകൾ വിടർന്നു സുഗന്ധവും സൗന്ദര്യവും ഒഴുക്കണം. കുട്ടികൾ വളർന്ന് ജീവിതത്തിന്റെ സുഗന്ധവും മാനുഷിക മൂല്യങ്ങളുടെ സൗന്ദര്യവും പ്രസരിപ്പിക്കണം. അപ്പോഴേ ജന്മലക്ഷ്യം സാർത്ഥകമാവുകയുള്ളൂ. മൊട്ടിൽ നിന്ന് വിടർന്ന് മനോഹരമായി പരിലസിക്കാൻ, മൊട്ടുകൾക്ക് പുഴുക്കുത്ത് ഏൽക്കാതെയും അവ വാടിപോകാതെയും നമ്മൾ കാത്ത് സൂക്ഷിക്കണം. കുട്ടികളുടെ കാര്യവും അതു പോലെ തന്നെ. ശൈശവത്തിലും ബാല്യത്തിലും അവരെ ഹൃദയത്തോടു ചേർത്ത് വളർത്തണം. അവർക്ക് സ്നേഹവും വാത്സല്യവും പകർന്നു നൽകണം. ധാർമ്മികമൂല്യങ്ങൾ അവരിൽ സന്നിവേശിപ്പിക്കണം. അവർ ഉത്തമ പൗരന്മാരായി വളർന്ന് രാജ്യത്തിന് അഭിമാനമാകാൻ നമുക്ക് പകർന്നു നൽകാൻ കഴിയുന്ന കാര്യങ്ങളാണിവ. പൂന്തോട്ടത്തിൽ വിടരാൻ ഭാഗ്യമില്ലാത്ത പൂക്കളെയും നമ്മൾ കാണാറുണ്ട്. ഉജ്ജ്വല ശോഭയും അപൂർവ്വഗന്ധവും ഉൾക്കൊള്ളുന്ന ആ പൂക്കളെയും നമ്മൾ കാണണം. കാട്ടുപൂക്കളായി അവ വിടർന്നു കൊഴിയരുത്. വിധിയുടെ വിളയാട്ടത്തിൽ ഒറ്റപ്പെട്ടു പോകുന്ന കുരുന്നുകളെ സമൂഹത്തിന്റെ പൊതുധാരയിൽ ലയിപ്പിച്ചു നിർത്തേണ്ട കടമ നമുക്കുണ്ട്.

എല്ലാ സദ്ഗുണങ്ങളുടെയും വിളനിലമാണ് കുട്ടികളുടെ ആത്മാവ്, അല്ലെങ്കിൽ ഹൃദയം. അവരുടെ മനസ്സിലെ സഹാനുഭൂതി, അവരുടെ മനസ്സിലെ കാരുണ്യം, അവരുടെ മനസ്സിലെ ഉദാരത ഇതിന്റെയൊന്നും മൂല്യം ഇതുവരെ ആർക്കും തിട്ടപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. കുട്ടികളുടെ മനസ്സിൽ ഒളിപ്പിച്ചു വച്ചിരിക്കുന്ന ഈ മഹാനിധിയുടെ മൂല്യം കണ്ടെത്താനായി അവരുടെ മനസ്സിലേക്കുള്ള വാതിലുകൾ തുറക്കാൻ കഴിയുന്നിടത്താണ് വിദ്യാഭ്യാസത്തിന്റെ വിജയം എന്ന് എമ്മാ ഗോൾഡ്മാൻ പറഞ്ഞിട്ടുണ്ട്. നമ്മുടെ രീതിക്കനുസരിച്ച് കുട്ടികളെ മാറ്റിയെടുക്കാൻ ശ്രമിക്കാതെ ദൈവം നമ്മുടെ കൈകളിൽ കാരുണ്യപൂർവം ഏൽപ്പിച്ച പോലെ അവരെ സ്നേഹിക്കുക മാത്രമാണ് നാം ചെയ്യേണ്ടത് എന്ന് ഗൊയ്ഥേയും രേഖപ്പെടുത്തിയിട്ടുണ്ട്. ചക്രവാളത്തോളം വികസിതമാകുന്ന ഭാവന കുട്ടികൾക്കുണ്ട്. അവരുടെ ഭാവനയുടെ ലോകത്തിന് അതിരുകളില്ല. ബാല്യത്തിന്റെ അനുഗ്രഹമാണത്.

പക്ഷേ ഈ അനുഗ്രഹങ്ങൾ പൂർണ്ണമായ തോതിൽ ലഭ്യമാകാതെ പോകുന്ന ശിശുക്കളും നമുക്കിടയിൽ ഉണ്ട്. ഈശ്വരസൃഷ്ടിയായ അവരെ പ്രത്യേകം കാത്ത് സൂക്ഷിക്കേണ്ട ചുമതല നമ്മുടേതാണ്, സമൂഹത്തിന്റേതാണ്, അവർ ഒരു പോറലും ഏൽക്കാതെ സംരക്ഷിക്കപ്പെടണം. ശിശുസംരക്ഷണകേന്ദ്രങ്ങൾ അവരെ ഉത്തമപൗരന്മരായി വളർത്താനുള്ള ഇടങ്ങളാവണം. മനുഷ്യരാശിയുടെ ഗതി നിർണ്ണയിച്ച മഹാന്മാരിൽ പലരും അനാഥരായിരുന്നു എന്നത് ചരിത്ര വസ്തുത. കുട്ടികളുടെ അവകാശങ്ങൾ അംഗീകരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക എന്നതിനർത്ഥം നമ്മുടെ ചിരന്തനമൂല്യങ്ങളുടെ കാവൽക്കാരനാവുക എന്ന് തന്നെയാണ്. നമ്മൾ രൂപം നൽകിയ ചൈൽഡ് റൈറ്റ്സ് കമ്മീഷൻ - ബാലാവകാശ സംഘടന - ഈ രംഗത്ത് കാതലായ മാറ്റം വരുത്തും. കേരളത്തിൽ അനാഥമന്ദിരങ്ങൾ 40 കോടി രൂപ ചെലവിൽ നവീകരിക്കും. ചിൽഡ്രൻസ് ഹോമുകളെയും ജുവനൈൽ ഹോമുകളെയും വേർതിരിക്കും. സ്കൂളുകളിൽ നടപ്പാക്കി വരുന്ന സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം കെയർഹോമുകളിൽ കൂടി വ്യാപിപ്പിക്കും. ഇതിനർത്ഥം വിദ്യാലയങ്ങളിൽ നിന്ന് പുറത്തുവരുന്ന കുട്ടികൾ തൊഴിലിനായി അലയേണ്ടിവരുകയില്ല എന്നതാണ്.

ഈ അനാഥശിശുക്കളുടെ ആഹ്ലാദം പങ്കിടാൻ കഴിയുന്നത് ജീവിതത്തിലെ ഏറ്റവും ധന്യമുഹൂർത്തങ്ങളിൽ ഒന്നായി ഞാൻ കരുതുന്നു. ഇസഡോറ ഡങ്കന്റെ ഒരു സൂക്തത്തിൽ ഞാൻ ചുരുക്കുന്നു. "So long as little children are allowed to suffer, there is no true love in this world.' ■

ഡോ. എഴുമറ്റൂർ രാജരാജവർമ്മ

> ജനാധിപത്യം ഇന്നും പൂർണാർത്ഥത്തിൽ അനുഭവപ്പെടാത്ത ജനതയാണ് നാം. ആശയവിനിമയത്തിന് പൂർണ്ണമായും മാതൃഭാഷ ഉപയോഗിക്കുന്നതിന് നാം എത്രകാലം കാത്തിരിക്കണം. 'നമസ്കാരം' പറയാതെ 'ഗുഡ്മോർണിംങ്' പറയുന്ന ജനത എന്നാണ് ചിന്താപരമായി ഉണരുക. എന്നാണ് അഭിമാനത്തിന്റെ സൂചകമായും വികാരവിചാരങ്ങളുടെ വാഹകമായും മാതൃഭാഷ മാറുന്നത്.

ഇംഗ്ലീഷുകാരനായ അപഹർത്താവിന്റെ രാഷ്ട്രീയഭരണത്തെ നാം വിജയപൂർവ്വം ബഹിഷ്ക്കരിച്ചതുപോലെ ഒരു സാംസ്ക്കാരിക അപഹർത്താവെന്ന നിലയിൽ ഇംഗ്ലീഷ് ഭാഷയെയും നാം ബഹിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ആംഗലേയഭാഷ വാണിജ്യത്തിനും നയതന്ത്രത്തിനുമുള്ള രാഷ്ട്രാന്തരഭാഷ എന്ന പദവിമാത്രം നിലനിർത്തേണ്ടതാണ്.

മഹാത്മാഗാന്ധിയുടെ വാക്യങ്ങളാണ് ഇത്. ഭാരതീയ ഭാഷകൾ ഇന്നും സാംസ്കാരികാപഹർത്താവായ ഇംഗ്ലീഷിന്റെ അടിമപ്പണി ചെയ്യാനും ആ അടിമത്തം മാറണമെങ്കിൽ ഭാരതീയ ഭാഷക്കുവേണ്ടി അതുപയോഗിക്കുന്ന ജനങ്ങൾ ഇംഗ്ലീഷ് ഭാഷയ്ക്കെതിരെ ഒരു സ്വാതന്ത്ര്യസമരം പ്രഖ്യാപിക്കേണ്ടിയിരിക്കുന്നു.

"പാരതന്ത്ര്യം വിധികല്പിതമാണതായേ" എന്ന് കുമാരനാശാൻ പറഞ്ഞത് ഭാഷയെപ്പറ്റിക്കൂടി ചേർത്തുകൊണ്ടല്ലേ എന്നു ന്യായമായും സംശയിക്കും. അതിനുകാരണമുണ്ട്. 'മനംപോലെ മംഗല്യം' എന്നാണ് ചൊല്ല്. അർഹിക്കുന്നതേ അനുഭവിക്കൂ എന്ന് മറ്റൊരു തരത്തിൽ പറയാം. ഭാഷാവേഷം, ആചാരം, മര്യാദ, ഭക്ഷണം, ഭരണം എന്നുവേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളിലും ആശാസ്യമല്ലാത്ത മാറ്റം ഉണ്ടായതിന് ഉത്തരവാദിത്വം മറ്റാർക്കുമല്ല, നമുക്കുതന്നെയാണ്.

# മലയാളത്തിന്റെ സ്വാതന്ത്ര്യസമരം



ഭാഷയുടെ ആവശ്യകതയെപ്പറ്റി, മാതൃഭാഷയുടെ ഉപയോഗത്തെപ്പറ്റിയൊക്കെ വീണ്ടും വീണ്ടും പറയേണ്ടിവരുന്നത്, ഈ അടിമത്തമനോഭാവം അറിയാതെ ചുമക്കുന്നതുകൊണ്ടാണ്. ഭൗതികമായ നേട്ടത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്ത ഒരു ജനതയായി കേരളീയർ മാറിയിരിക്കുന്നു. എന്തു ചെയ്യുന്നതും തനിക്കെന്തു നേട്ടം എന്ന ലക്ഷ്യം വച്ചുകൊണ്ടായി. പാരമ്പര്യവും സംസ്കാരവും അറിയണമെന്ന ആഗ്രഹമില്ലാതെ മതിഭ്രമത്തോടെ പരക്കം പായുന്ന ജനതയ്ക്ക് അക്കരപ്പച്ചയാണ് എപ്പോഴും.

ഭാരതത്തിന്റെ പൊതുസ്വഭാവമാണിത്. നന്നേ ചുരുക്കം സംസ്ഥാനങ്ങൾ മാത്രമാണ് നിവർന്നു നിൽക്കുന്നത്. കുനിഞ്ഞുനിന്ന് ശീലിച്ചവർക്ക് നിവരാൻ തോന്നുകേയില്ല. ഭാരതത്തിന് ഒരു പൊതുഭാഷ ഇത്രക്കാലമായിട്ടും തത്വത്തിലല്ല, പ്രയോഗത്തിൽ ഉണ്ടാകാത്തതെന്തുകൊണ്ട്, ഭാരതീയ ഭാഷകളുടെയും അവ സംസാരിക്കുന്ന ജനങ്ങളുടെ സംസ്കാരങ്ങളുടെയും നിലനിൽപ്പും പോഷണവും അല്ലേ ഭാഷാ സംസ്ഥാന പുനഃസംഘടനയുടെ ലക്ഷ്യം. എന്നിട്ടുമെന്തേ നാം ആലോചിച്ചിരിക്കുന്നത്?

ഭാഷയുടെ വളർച്ചയുടെ ലക്ഷണങ്ങളിലൊന്ന്, വൈജ്ഞാനിക സാഹിത്യത്തിന്റെ എല്ലാ ശാഖകളിലും നിരവധി ഗ്രന്ഥങ്ങൾ നിരന്തരം ഉണ്ടാവുക എന്നതാണ്. പദകോശങ്ങൾ, വ്യാകരണ ഗ്രന്ഥങ്ങൾ, നിരുക്തങ്ങൾ, പരിഭാഷാ ഗ്രന്ഥങ്ങൾ ഇവ ഉണ്ടായിക്കൊണ്ടേയിരിക്കണം. പ്രാചീന കൃതികളുടെ പുതിയ പതിപ്പുകളുടെയും പഠനങ്ങളുടെയും പ്രസിദ്ധീകരണം തുടരണം. ഭാഷാ സാങ്കേതിക വിദ്യ സാർവത്രികമാകണം. ഇങ്ങനെ നാനാതരത്തിൽ ദ്രുതഗതിയിലുള്ള വികാസം ഉണ്ടാകണമെങ്കിൽ സർക്കാർ തലത്തിലും സംഘടനാ തലത്തിലും വ്യക്തിതലത്തിലും ഉള്ള യത്നങ്ങൾ നിരന്തരം നടക്കണം.

ജനാധിപത്യം ഇന്നും പൂർണാർത്ഥത്തിൽ അനുഭവപ്പെടാത്ത ജനതയാണ് നാം. ആശയവിനിമയത്തിന് പൂർണ്ണമായും മാതൃഭാഷ ഉപയോഗിക്കുന്നതിന് നാം എത്രകാലം കാത്തിരിക്കണം. 'നമസ്കാരം' പറയാതെ 'ഗുഡ്മോർണിംഗ്' പറയുന്ന ജനത എന്നാണ് ചിന്താപരമായി ഉണരുക. എന്നാണ് അഭിമാനത്തിന്റെ സൂചകമായും വികാരവിചാരങ്ങളുടെ വാഹകമായും മാതൃഭാഷ മാറുന്നത്.

മാതൃഭാഷയുടെ പഠനഗവേഷണങ്ങൾക്കു മാത്രമായി നമുക്കെന്നാണ് ഒരു സ്ഥാപനം ഉണ്ടാവുക? പത്തുവരെ മലയാളം മാധ്യമത്തിൽ മാത്രം പഠിക്കുന്ന ജനതയായി നാം എന്നാണു മാറുക? ഇംഗ്ലീഷും ഹിന്ദിയും ബംഗാളിയും ഒക്കെ ഭാഷകൾ എന്ന നിലയിൽ പഠിക്കുക. ഭാഷകൾ പഠിക്കുന്നതും ഭാഷയിലൂടെ പഠിക്കുന്നതും രണ്ടാണ് എന്ന് എന്നാണ് നാം തിരിച്ചറിയുക! ഈ പാരതന്ത്ര്യം നമ്മുടെ ചിന്താപരമായ വികാസത്തെ മുരടിപ്പിക്കുന്നില്ലേ!

ക്ലാസിക്കൽ പദവിക്കുവേണ്ടിയുള്ള നെട്ടോട്ടത്തോടൊപ്പം നാം ഭാഷയ്ക്കുവേണ്ടി വല്ലതും ചെയ്യുന്നവരാകുക. അന്യസംസ്ഥാനങ്ങളും രാജ്യങ്ങളും മാതൃഭാഷയ്ക്കുവേണ്ടി ചെയ്യുന്ന സേവനങ്ങളും അതുകൊണ്ടു കൊയ്യുന്ന നേട്ടങ്ങളും പഠിക്കാൻ തയ്യാറാവുക. ഭാരതീയ ഭാഷകളെ നീചമെന്നും ശ്രേഷ്ഠമെന്നും പറഞ്ഞു തരംതിരിക്കുന്നതാരാണ്! അതിന് ഭരണഘടനാപരമായി എന്തു സാധൂകരണമാണുള്ളത്! ആത്മവിശ്വാസമില്ലാത്തവനെ ആർക്കും വേഗം കീഴടക്കാം.

അക്ഷര ബാഹുല്യം, തൊഴിലില്ലായ്മ, പദ ദാരിദ്ര്യം, കമ്പ്യൂട്ടർ സാധ്യത, തുടങ്ങി മാതൃഭാഷാ പഠനത്തിനും പ്രയോഗത്തിനും എതിരെ ഉപയോഗിക്കുന്ന വാദങ്ങളെല്ലാം നിരർഥകങ്ങളാണ്.

വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സമ്പന്നനെ സൃഷ്ടിക്കലല്ല. ഗുരുക്കന്മാർ യന്ത്രങ്ങളല്ല. പള്ളിക്കൂടങ്ങൾ യുദ്ധക്കളങ്ങളല്ല. പാഠപുസ്തകങ്ങൾ കീറച്ചാക്കുകളല്ല. കുഞ്ഞുങ്ങൾ കയറ്റുമതിച്ചരക്കല്ല. മാതാപിതാക്കൾ കറവപ്പശുക്കളല്ല. മതേതരത്വം എന്നാൽ മതരാഹിത്യം എന്നല്ല, മതസഹിഷ്ണുത എന്നാണ് അർഥം.

മാതൃഭാഷ മനസ്സിൽ നിന്നുണരണം. മനസ്സും വാക്കും പ്രവൃത്തിയും ഒരേ ഗതിയായാൽ പുരോഗതിയായി. മാതൃഭാഷാപഠനം മനുഷ്യനന്മയ്ക്കാണ്. രാജ്യപുരോഗതിക്കാണ്. സ്വാതന്ത്ര്യം പുരോഗതിയുടെ അടിത്തറയാകുന്നു. ■



# ബയോ എക്സ്ട്രാക്ഷൻ പ്ളാന്റ് സാങ്കേതിക സഹകരണം:

## കുടുംബശ്രീ സി.എസ്.ഐ.ആറുമായി ധാരണാപത്രം ഒപ്പു വച്ചു

വാഴനാര്, കൈതച്ചക്ക ഇലയിൽ നിന്നുള്ള നാര് എന്നിവ വേർതിരിക്കുന്നതിനുള്ള ബയോ എക്സ്ട്രാക്ഷൻ പ്ളാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് കുടുംബശ്രീ സംസ്ഥാന ദാരിദ്ര്യ നിർമാർജന മിഷൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഇന്റർ ഡിസിപ്ളിനറി സയൻസ് ആൻഡ് ടെക്നോളജിയുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള കൗൺസിൽ ഫോർ സയന്റിഫിക് ആൻഡ് ഇൻഡസ്ട്രിയൽ റിസർച്ചുമായി ധാരണാപത്രം ഒപ്പു വച്ചു.

പഞ്ചായത്ത് സാമൂഹികക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീറിന്റെ സാന്നിദ്ധ്യത്തിൽ കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ ഇൻ ചാർജ് പി.കെ. തോമസ്, എൻ.ഐ.ഐ.എസ്.ടി ബിസിനസ്സ് ഡെവലപ്മെന്റ് മേധാവി എം.എം. ശ്രീകുമാർ, എൻ.ഐ.ഐ.എസ്.ടി സയന്റിസ്റ്റ് ഡോ. വി.ബി. മണിലാൽ, ഡോ. റോഷൻ ശശികുമാർ എന്നിവരാണ് ധാരണാപത്രം ഒപ്പിട്ടത്.

കുടുംബശ്രീയുടെ സമഗ്ര പദ്ധതിയുടെ കീഴിൽ വരുന്ന 10,000 ഓളം വരുന്ന വനിതാ കർഷകർക്ക് ലളിതമായ സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ മൈക്രോ സംരംഭങ്ങളും മൂല്യവർദ്ധിത ഉല്പന്നങ്ങളും നിർമ്മിക്കാൻ കഴിയുന്നതിലൂടെ ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമൊണ് പ്രതീക്ഷിക്കുന്നത്. കൈതച്ചക്ക ഇലയിലെ നാര്, വാഴനാര് എന്നിവയ്ക്ക് വസ്ത്രവിപണിയിലും കരകൗശല മേഖലയിലും വൻ ഡിമാന്റാണുള്ളത്. നിലവിൽ ഇതിനാവശ്യമായ നാരുകൾ കൈക്കൊണ്ടാണ് വേർതിരിച്ചെടുക്കുന്നത്. ഇതിനായി മെഷീനുകൾ




കുടുംബശ്രീ നേതൃത്വത്തിൽ നടന്ന ശില്പശാലയിൽ കേന്ദ്രഗ്രാമവികസന മന്ത്രി ജയറാം രമേശ്, പഞ്ചായത്ത് സാമൂഹ്യക്ഷേമ മന്ത്രി ഡോ. എം.കെ. മുനീർ എന്നിവർ

വികസിപ്പിച്ചിട്ടുണ്ടെങ്കിലും ഇങ്ങനെ വേർതിരിച്ചെടുക്കുന്ന നാരുകൾക്ക് ഗുണമേൻമ കുറവാണ്. എന്നാൽ മറ്റു രീതികളെ അപേക്ഷിച്ച് വളരെ കുറഞ്ഞ സമയത്തിനുള്ളിൽ ബയോ എക്ട്രാക്ഷൻ പ്രോസസിലൂടെ ഗുണമേൻമയും നീളവും ഈടുമുള്ള നാരുകൾ വേർതിരിച്ചെടുക്കാൻ കഴിയുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ഏത്തപ്പഴത്തിന്റെ തൊലിയിൽ നിന്നും ന്യൂട്രീഷ്യസ് ഫൈബർ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും ചകിരിയിൽ നിന്നും ഗുണമേൻമയുള്ള വെളുത്ത കയർ നാരുകൾ വേർതിരിച്ചെടുക്കാനും ഈ സാങ്കേതിക വിദ്യയിലൂടെ സാധിക്കും.

നിലവിൽ തിരുവനന്തപുരത്തും എറണാകുളത്തുമാണ് ബയോ എക്സ്ട്രാക്ഷൻ പ്ലാന്റ് സ്ഥാപിക്കുന്നത്. പ്ലാന്റിന്റെ പ്രവർത്തനങ്ങൾ തികച്ചും പരിസ്ഥിതി സൗഹൃദപരമായിരിക്കും. ഇതിലൂടെ പുറംതള്ളപ്പെടുന്ന അവശിഷ്ടങ്ങൾ വളമായി ഉപയോഗിക്കാനാവും. മാത്രമല്ല നാരുകൾ വേർതിരിച്ചെടുക്കുന്ന പ്രക്രിയയ്ക്കു വേണ്ടി ഉപയോഗിക്കുന്ന ഒരു ടൺ അസംസ്കൃത വസ്തുക്കളിൽ നിന്നും 15,000 ലിറ്റർ ബയോ ഗ്യാസ് ഉല്പാദിപ്പിക്കാൻ കഴിയുമെന്നതും പദ്ധതിയുടെ നേട്ടമാണ്. തിരുവനന്തപുരം ജില്ലയിൽ 32 പഞ്ചായത്തുകളിലായി 3876 കുടുംബശ്രീ അംഗങ്ങൾ നേന്ത്രവാഴകൃഷിയും എറണാകുളം ജില്ലയിൽ 41 പഞ്ചായത്തുകളിലായി 3740 കുടുംബശ്രീ അംഗങ്ങൾ കൈതച്ചക്കയും കൃഷി ചെയ്യുന്നുണ്ട്. കുടുംബശ്രീ വനിതാ കർഷകർക്ക് നാരുകൾ വേർതിരിച്ചെടുക്കാനുള്ള ശാസ്ത്രീയ പരിശീലനം എൻ.ഐ.ഐ.എസ്.ടി നൽകും. ബയോ എക്ട്രാക്ഷൻ പ്രോസസിലൂടെ ഇത്തരം കുടുംബശ്രീ സംരംഭങ്ങൾക്ക് നൂതന സാങ്കേതിക വിദ്യ കൈവരുത്താനും ഉത്പാദന ക്ഷമത കൂട്ടുന്നതിനും അതുവഴി വരുമാനം വർദ്ധിപ്പിക്കാനുമാണ് കുടുംബശ്രീ ലക്ഷ്യമിടുന്നത്.

കുടുംബശ്രീ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ അരുണാ സുന്ദരരാജൻ, അൻവർ സാദത്ത് എം.എൽ. എ, എൻ.ഐ.ഐ.എസ്.ടി. ഡയറക്ടർ ഡോ. സുരേഷ് ദാസ്, എൻ.ഐ.ഐ.എസ്.ടി. സയന്റിസ്റ്റ് ഡോ. മണിലാൽ, ഡോ. റോഷൻ ശശികുമാർ, ടെക്നിക്കൽ ഓഫീസർ പി.പി. പൗലോസ്, സി.എസ്.ഐ.ആർ കോ-ഓർഡിനേറ്റർ ഡോ. എർലിക്ക് ദേശ കുടുംബശ്രീ പ്രോഗ്രാം ഓഫീസർ സഞ്ജയ്കുമാർ, അക്കൗണ്ട്സ് ഓഫീസർ എസ്. എൽ. സുരേഷ് കുമാർ തുടങ്ങിയവർ പങ്കെടുത്തു.■

# കുടുംബശ്രീ എം.ഇ.സി സംവിധാനം ബീഹാറിൽ

## ധാരണാപത്രം ഒപ്പിട്ടു

കുടുംബശ്രീ സൂക്ഷ്മസംരംഭത്തിനായി വികസിപ്പിച്ചെടുത്ത മൈക്രോ എന്റർപ്രൈസ് കൺസൾട്ടന്റ് (എം.ഇ.സി) സംവിധാനം ദേശീയ ഗ്രാമീണ ഉപജീവനമിഷന്റെ നേതൃത്വത്തിൽ മറ്റു സംസ്ഥാനങ്ങളിൽ പകർത്തുന്നതിന്റെ ഭാഗമായി ബീഹാറിൽ നടപ്പാക്കുന്നതു സംബന്ധിച്ച ധാരണാപത്രത്തിൽ കേന്ദ്ര ഗ്രാമവികസനമന്ത്രി ജയറാം രമേഷിന്റെയും പഞ്ചായത്ത് സാമൂഹ്യക്ഷേമ മന്ത്രി ഡോ. എം.കെ. മുനീറിന്റെയും സാന്നിദ്ധ്യത്തിൽ കുടുംബശ്രീയും ബീഹാറിലെ 'ജീവിക'യും തമ്മിൽ ധാരണാപത്രത്തിൽ ഒപ്പിട്ടു. ജീവിക (ബീഹാർ) ഡയറക്ടർ അരവിന്ദ് കുമാർ ചൗധരി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ കെ.ബി. വൽസലകുമാരി എന്നിവരാണ് ധാരണാപത്രത്തിൽ ഒപ്പിട്ടത്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അഡീഷണൽ സെക്രട്ടറി എസ്.എം. വിജയാനന്ദ് എൻ.ആർ.എൽ.എം. ഡയറക്ടർ ടി. വിജയകുമാർ, കുടുംബശ്രീ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ അരുണാ സുന്ദരരാജൻ, ഡയറക്ടർ (എ.&എഫ്.) പി.കെ. തോമസ്, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളായ അഡ്വ. ബിന്ദുകൃഷ്ണ, അഡ്വ. എൻ.എ. ഖാലിദ് എന്നിവരും സന്നിഹിതരായിരുന്നു.

**ദേശീയ ശിൽപശാല സമാപിച്ചു**

ദേശീയ ഗ്രാമീണ ഉപജീവന മിഷൻ പദ്ധതിയിൽ പഞ്ചായത്തീരാജ് - സാമൂഹിക സംഘടനാ സംവിധാന സംയോജനം എന്ന വിഷയത്തിൽ തിരുവനന്തപുരത്ത് കേന്ദ്ര ഗ്രാമവികസന മന്ത്രാലയം, കുടുംബശ്രീ യു.എൻ.ഡി.പി എന്നിവയുടെ നേതൃത്വത്തിൽ നാലു ദിവസമായി നടന്നുവന്ന ദേശീയ ശിൽപശാല തിങ്കളാഴ്ച സമാപിച്ചു. കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേഷ് സമാപനപ്രസംഗം നടത്തി. സംസ്ഥാന പഞ്ചായത്ത് സാമൂഹ്യക്ഷേമ മന്ത്രി ഡോ. എം.കെ. മുനീർ അദ്ധ്യക്ഷത വഹിച്ചു.

15 സംസ്ഥാനങ്ങളിൽ നിന്നായി 50 പ്രതിനിധികൾ നാലു ദിവസത്തെ ശിൽപശാലയിൽ പങ്കെടുത്തു. ശനി, ഞായർ ദിവസങ്ങളിൽ ശിൽപശാലാപങ്കാളികൾ 4 ജില്ലകളിലെ 11 പഞ്ചായത്തുകളിൽ നടത്തിയ പഠനപര്യടനത്തിൽ കണ്ടെത്തിയ കാര്യങ്ങളും തങ്ങളുടെ അനുഭവങ്ങളും ശിൽപശാലയുടെ സമാപന ചടങ്ങിൽ പങ്കുവച്ചു. കേന്ദ്ര ഗ്രാമവികസന മന്ത്രി ജയറാം രമേശ് മുഖ്യാതിഥിയായി. കേന്ദ്ര ഗ്രാമവികസന മന്ത്രാലയം അഡീഷണൽ സെക്രട്ടറി എസ്.എം.വിജയാനന്ദ്, ദേശീയ ഗ്രാമീണ ഉപജീവന മിഷൻ ഡയറക്ടർ ടി. വിജയകുമാർ, കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് വൈസ് ചെയർമാൻ അരുണാ സുന്ദരരാജൻ, എൻ.ആർ.എൽ.എം ചീഫ് ഓപ്പറേറ്റിംഗ് ഓഫീസർ ശാരദാമുരളീധരൻ എന്നിവർ പങ്കെടുത്തു.■



ഡോ. വിളക്കുടി രാജേന്ദ്രൻ



# വിവർത്തനത്തിലെ ഔചിത്യം

ഔദ്യോഗികഭാഷ മലയാളമാകുന്നതിലെ മുഖ്യപ്രക്രിയയാണല്ലോ വിവർത്തനം. മലയാളത്തിൽ നിന്ന് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്ത ഒരു ഗ്രന്ഥത്തിന് വിവർത്തകൻ കൈപ്പറ്റിയ തുക തിരിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് പ്രസാധകർ കോടതിയിൽ കേസ് നൽകിയ കാര്യം ഈയിടെ പത്രത്തിൽ വായിച്ചു. വിവർത്തനം മോശമായിയെന്നു മാത്രമല്ല, പ്രസാധകരുടെ പരാതി. മൂലകൃതിയിലെ ആശയങ്ങൾക്ക് വിരുദ്ധവുമായത്രേ തർജ്ജിമ. പലർ ചേർന്ന് വിവർത്തനം ചെയ്ത ഒരു പുസ്തകത്തിൽ (മധ്യകാല ഭാരതസംസ്കാരം) ഒരാളുടെ വിവർത്തനം അസഹ്യമായതിനാൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് പുസ്തകം ഉപേക്ഷിക്കേണ്ടി വന്ന കാര്യം ഈ ലേഖകന് നേരിട്ടറിയാം. യുനസ്കോ പ്രസിദ്ധീകരിച്ച *Histoy of Mankind* എന്ന ഗ്രന്ഥപരമ്പര മാനവചരിത്രം എന്ന പേരിൽ വിവർത്തനം ചെയ്ത് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിക്കുകയുണ്ടായി. പ്രശസ്തരായ എഴുത്തുകാരാണ് വിവർത്തകർ. ഇതിൽ ചില വാല്യങ്ങൾ തർജമയുടെ മേന്മകൊണ്ട് അച്ചടിമഷിപുരളാതെ പോയി. എഡിറ്റിംഗ് ഇല്ലാതെ പ്രസിൽ പോയി. പ്രസുകൾക്ക് ബാധ്യതയായ ചില വാല്യങ്ങളും ഇക്കൂട്ടത്തിലുണ്ട്. പദാനുപദവിവർത്തനത്തിലൂടെ മലയാളിത്തം കളഞ്ഞുകുളിച്ച ഇത്തരം കൃതികളുടെ കഥകൾ ഇനിയും എത്രയെങ്കിലും കണ്ടെന്നു വരാം. ഔദ്യോഗിക ഭാഷയുടെ കാര്യത്തിലും വിവർത്തനത്തിലെ അനൗചിത്യങ്ങൾ പെരുകിവരുകയാണ്. അതേപ്പറ്റിയുള്ള ഒരു അന്വേഷണമാണ് ഈ ലേഖനം.

> “കാര്യാലയം എന്ന പദം ഓഫീസുകളുടെ മുന്നിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിട്ട് താളേറെയായി. എന്നാൽ ജനം ഈ വാക്ക് ഉപയോഗിക്കുന്നുണ്ടോ എന്നു സംശയം. അവർ ഇപ്പോഴും വില്ലേജാഫീസിലും പഞ്ചായത്താഫീസിലും പോയി കരമടയ്ക്കുകയും സർട്ടിഫിക്കറ്റുകൾ വാങ്ങുകയും ചെയ്യുന്നു. ചേട്ടൻ എവിടെ പോയിട്ടു വരുന്നു എന്നു ചോദിച്ചാൽ ഞാൻ പഞ്ചായത്ത് കാര്യാലയത്തിൽ പോയിട്ടു വരുന്നു എന്ന് ഒരാളും പറയുമെന്നു തോന്നുന്നില്ല. ഓഫീസ് അത്രത്തോളം പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. പറയാനുള്ള എളുപ്പവും അക്ഷരലാഭവും ഓഫീസിനെ നമുക്ക് പ്രിയപ്പെട്ടതാക്കുന്നു.”

നമ്മുടെ സംസ്കാരം, ഭാഷാശൈലി, ഭാഷണരീതി, നാട്ടുനടപ്പ് ഇവയുമായി താദാത്മ്യം പ്രാപിച്ചില്ലെങ്കിൽ വിവർത്തനം ഏട്ടിലെ പശുവായി നിൽക്കുകയേയുള്ളൂ. ചില ഉദാഹരണങ്ങൾ നോക്കാം.

**എം. എൽ. എ. ക്വാർട്ടേഴ്സ്= സാമാജികരുടെ വാസസ്ഥലം**

എം.എൽ.എ. ക്വാർട്ടേഴ്സ് എന്നു തന്നെ മലയാള ലിപിയിൽ എഴുതുകയായിരുന്നു ഉചിതം. സാമാജികർ എന്നാൽ സഭയിലെ അംഗം. സമാജത്തിലേക്ക് വേണ്ടവിധം വന്നുചേരുന്നവൻ എന്നർത്ഥം. ക്വാർട്ടേഴ്സ് = വാസ

സ്ഥലം. ഇത് രേഖപ്പെടുത്തിയ പെയിന്ററല്ലാതെ മറ്റൊരാൾ ഇങ്ങനെ പറയുകയോ എഴുതുകയോ ചെയ്തിട്ടുണ്ടോ എന്നു സംശയം. ഞാൻ എം.എൽ.എ. ക്വാർട്ടേഴ്സ് വരെ പോകുന്നു എന്നല്ലാതെ സാമാജികരുടെ വാസസ്ഥലം വരെ പോകുന്നു എന്ന് ഒരാളും പറഞ്ഞിട്ടുണ്ടെന്നോ പറയുമെന്നോ തോന്നുന്നില്ല. ഒരു കൗതുകവാർത്തയായി ഈ ബോർഡ് നമുക്കു വായിക്കാമെന്നു മാത്രം. പലേടത്തും ലിപ്യന്തരണം (transliteration) കൊണ്ട് വിവർത്തനം സാധിക്കുകയാണ് ഉചിതം. ഒട്ടുമിക്ക ഇംഗ്ലീഷ് വാക്കുകളും മലയാളികൾക്ക് പരിചിതമാണ്. അവയുടെ ഉച്ചാരണത്തിൽ ഭേദങ്ങൾ ഉണ്ടായെന്നു വരാം എന്നു മാത്രം. ഉചിതമായ പദങ്ങൾ ലഭിച്ചാൽ അവയുടെ മൊഴിമാറ്റമാവാം. അല്ലാത്തിടങ്ങളിൽ ലിപ്യന്തരണത്തിലൂടെ ആ പദത്തെ സ്വന്തമാക്കുകയാണ് ഭംഗി. ഇല്ലെങ്കിൽ അത് നമ്മുടെ നർമബോധത്തിന്റെ കൊടിയടയാളമായിടക്കും എന്നേയുള്ള. ഭാഷാമാറ്റത്തിനു അത് ഉപകരിച്ചു എന്നു വരില്ല.

**ഓഫീസ്= കാര്യാലയം**

കാര്യാലയം എന്ന പദം ഓഫീസുകളുടെ മുന്നിൽ സ്ഥാനം പിടിച്ചുകഴിഞ്ഞിട്ട് നാളേറെയായി. എന്നാൽ ജനം ഈ വാക്ക് ഉപയോഗിക്കുന്നുണ്ടോ എന്നു സംശയം. അവർ ഇപ്പോഴും വില്ലേജാഫീസിലും പഞ്ചായത്താഫീസിലും പോയി കരമടയ്ക്കുകയും സർട്ടിഫിക്കറ്റുകൾ വാങ്ങുകയും ചെയ്യുന്നു. ചേട്ടൻ എവിടെ പോയിട്ടു വരുന്നു എന്നു ചോദിച്ചാൽ ഞാൻ പഞ്ചായത്ത് കാര്യാലയത്തിൽ പോയിട്ടു വരുന്നു എന്ന് ഒരാളും പറയുമെന്നു തോന്നുന്നില്ല. ഓഫീസ് അത്രത്തോളം പ്രചുരപ്രചാരം നേടിക്കഴിഞ്ഞു. പറയാനുള്ള എളുപ്പവും അക്ഷരലാഭവും ഓഫീസിനെ നമുക്ക് പ്രിയപ്പെട്ടതാക്കുന്നു.

**നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ്= (1) തടസ്സവാദരഹിത സാക്ഷ്യപത്രം (2) നിരാക്ഷേപ സാക്ഷ്യപത്രം**

ഔദ്യോഗിക മലയാളത്തിലെ കല്ലുകടിയായി ഇത്തരം വിവർത്തനങ്ങൾ ഇനിയും ഉണ്ടായേക്കാം. ഇത്തരത്തിലുള്ള വിവർത്തനങ്ങളാണ് ഇംഗ്ലീഷിനെ പരിരക്ഷിച്ച് നിർത്തുന്നത്. നോ ഒബ്ജക്ഷൻ എന്നാൽ തടസ്സമില്ല എന്നർത്ഥം. സമ്മതം തന്നെ. അപ്പോൾ സമ്മതപത്രം ധാരാളം മതിയാകും. അർത്ഥം വേഗം മനസ്സിലാവുകയും ചെയ്യും.

**കവറിംഗ് ലറ്റർ- ആമുഖക്കത്ത്**

അയയ്ക്കുന്ന കത്തിന് ആമുഖമായി ചേർക്കുന്ന കത്തിന് ആമുഖക്കത്ത് എന്ന പേരാണ് ഉചിതം. പല ഓഫീസുകളിലും പലതരത്തിലാണ് ഇതിന്റെ വിവർത്തനം. ആവരണപത്രം, ആവരണപ്രപത്രം, ഉപരിപത്രം, മുഖാവരണം എന്നിങ്ങനെയുള്ള വിവർത്തനങ്ങളൊന്നും കാര്യം ഗ്രഹിച്ചുള്ളതല്ല. പത്രം പോരാഞ്ഞ് പ്രപത്രം എന്നാണ് പ്രയോഗം. കാർഡുബോർഡ്കൊണ്ട് പൊതിഞ്ഞയയ്ക്കുന്ന പാർസലോ മറ്റോ ആണിത് എന്ന വ്യാഖ്യാനത്തിന് പഴുതു നൽകുന്നതുമാണ് ഈ പ്രയോഗം.

**വെയിറ്റിംഗ് റൂം = കാത്തിരുപ്പു മുറി/ കാത്തിരുപ്പ് കേന്ദ്രം**

വിശ്രമമുറി/ വിശ്രമസ്ഥലം എന്നായിരുന്നു തർജമയെങ്കിൽ അത് നമ്മെ അർത്ഥാന്തരങ്ങളിലേക്ക് കൊണ്ടെത്തിക്കുകയില്ലായിരുന്നു. കാത്തിരിപ്പുകാർ മാത്രമല്ല വെയിറ്റിംഗ് റൂമിൽ ഇരിക്കുന്നത്. യാത്രയ്ക്കിടെ വിശ്രമിക്കുന്നവരും



കൂട്ടത്തിൽ ഉണ്ടാവും. വ്യർത്ഥമായ പ്രവൃത്തി എന്നുകൂടി ഒരർത്ഥം ലാക്ഷണികമായി കാത്തിരിപ്പിനില്ലേ? ഇല്ലെങ്കിൽ അതിനു സാധ്യതയില്ലേ?

**പബ്ലിക് കംഫർട്ട് സ്റ്റേഷൻ= ശൗചാലയം**

ശൗചാലയം എന്തെന്നറിയാൻ നിഘണ്ടു നോക്കേണ്ടിവരും. പൊതുകക്കൂസ് എന്ന ശുദ്ധമലയാളമുള്ളപ്പോൾ ശൗചാലയം വേണോ?

**നിയമപരിഭാഷ**

ഈ ആക്റ്റിനു കീഴിൽ ഉണ്ടാക്കുന്ന ഏതൊരു ചട്ടവും അതുണ്ടാക്കിയ ശേഷം ആകുന്നവേഗം നിയമസഭയുടെ മുമ്പാകെ അത് സമ്മേളിച്ചിരിക്കുമ്പോൾ ഒരു സമ്മേളനത്തിലോ അഥവാ തുടർച്ചയായ രണ്ടു സമ്മേളനങ്ങളിലോ അടങ്ങിയിരിക്കാവുന്ന ആകെ പതിനാലുദിവസക്കാലത്തേക്കു വയ്ക്കേണ്ടതും, അപ്രകാരം വച്ച സമ്മേളനമോ അഥവാ ഉടൻ തുടർന്നു വരുന്ന സമ്മേളനമോ അവസാനിക്കുന്നതിനു മുമ്പ് നിയമസഭാചട്ടത്തിൽ ഏതെങ്കിലും രൂപഭേദം വരുത്തുകയോ അഥവാ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നെങ്കിൽ, ചട്ടത്തിന് അതിനുശേഷം അതത് സംഗതിപോലെ അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ അഥവാ പ്രാബല്യം ഇല്ലാതിരിക്കുകയോ ചെയ്യുന്നതാണ്. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപ ഭേദപ്പെടുത്തലോ അഥവാ പ്രാബല്യം ഇല്ലാതാക്കലോ ആ ചട്ടത്തിൻ കീഴിൽ മുമ്പു ചെയ്ത് ഏതിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗമാകാത്ത വിധം ആയിരിക്കേണ്ടതാണ്.

കേരളനിയമസഭ പാസാക്കിയ കേരള വനോത്പന്നം (വിൽപ്പന നിജപ്പെടുത്തൽ) നിയമത്തിന്റെ 7-ാം വകുപ്പിന്റെ 3-ാം ഉപവകുപ്പിന്റെ തർജുമയാണ് ഇത്. ഇതിൽ നിന്ന് ഏന്തെങ്കിലും മനസ്സിലാക്കാൻ കഴിഞ്ഞോ? വിവർത്തകനും അതുദ്ദേശിച്ചിട്ടില്ല. തോന്നിയമട്ടിൽ കാര്യം അവതരിപ്പിച്ച് അയാൾ തന്റെ പ്രവൃത്തി പൂർത്തിയാക്കി. ഒരു പരിശോധനയും കൂടാതെ ഇത് അംഗീകരിക്കപ്പെടുകയും ചെയ്തു.

ലളിതമായ മലയാളത്തിൽ ഇക്കാര്യം പറയാവുന്നതല്ലേ? നിയമത്തിന്റെ കീഴി ലുണ്ടാക്കുന്ന ചട്ടങ്ങളെപ്പറ്റിയാണ് ഇവിടെ പറയുന്നത്. ചട്ടമുണ്ടാക്കിയാൽ അത് നിയമസഭയുടെ മുമ്പാകെ 14 ദിവ സത്തേക്ക് വയ്ക്കണം. ഒരു നിയമസഭാ സമ്മേളനം കൊണ്ട് 14 ദിവസം തിക യുന്നില്ലെങ്കിൽ അടുത്ത സമ്മേളനവും ചേർത്ത് ദിവസം തികച്ചാൽ മതി. സമ്മേളനം അവസാനിക്കുന്നതിനുമുമ്പ് സഭയുടെ ചട്ടങ്ങളിൽ ഭേദഗതി വരുത്തു കയോ ചട്ടം തന്നെ വേണ്ടെന്നു വയ്ക്കു കയോ ചെയ്യാം. സഭയുടെ തീരുമാനപ്ര കാരം ഭേദഗതി നടപ്പിൽ വരുകയോ ചട്ടം റദ്ദാക്കുകയോ ചെയ്യും. എന്നാൽ ചട്ട ത്തിന്റെ അടിസ്ഥാനത്തിൽ അതുവരെ ചെയ്ത കാര്യങ്ങൾ അസാധുവാകുന്നത ല്ല. അങ്ങനെ പറഞ്ഞാൽ നമുക്ക് കാര്യം ഗ്രഹിക്കാം. കാര്യം ഗ്രഹിക്കരുതെന്നാ ണെങ്കിൽ ആദ്യത്തെ തർജ്ജിമ മതി.

**മിഷനറി = മതപരിവർത്തകൻ**

മിഷനറിയെ മതപരിവർത്തകനാക്കി യത് ഈയിടെ വലിയ വിവാദം സൃഷ്ടി ച്ചല്ലോ. വിശ്വമലയാളമഹോത്സവത്തോ ടനുബന്ധിച്ച് സ്ഥാപിച്ച ബഞ്ചമിൻ ബെയ്‌ലിയുടെ പ്രതിമയ്ക്ക് ചുവട്ടിലാണ് മതപരിവർത്തകൻ പ്രത്യക്ഷപ്പെട്ടത്. 34 വർഷം കേരളത്തിൽ മതപരിവർത്തനവും ഭാഷാസേവനവും നടത്തിയയാൾ എന്നാണ് വിശേഷണം. ബൈബിൾ വിവർത്തകൻ, മലയാള നിഘണ്ടുകാരൻ, കോട്ടയത്തെ സി.എം.എസ് പ്രസ്സ് സ്ഥാപ കൻ എന്നിങ്ങനെ ഭാഷയ്ക്ക് നിസ്തുല സംഭാവനകൾ ചെയ്ത പണ്ഡിതനായി രുന്നു ബഞ്ചമിൻ ബെയ്‌ലി. മതപ്രചാര കൻ, പാതിരി, മിഷനറി എന്നിങ്ങനെ യുള്ള വിശേഷണങ്ങൾക്ക് പകരം അദ്ദേ ഹത്തെ മതപരിവർത്തനം നടത്തിയ യാൾ എന്ന് വിശേഷിപ്പിച്ചത് ക്രൂരമായി പ്പോയി. കൺവേർഷൻ ആണ് മതപരി വർത്തനം. വിവർത്തകന്റെ അശ്രദ്ധ സംഘാടകർക്കു തന്നെ എന്നത്തെയും പേരുദോഷത്തിനിടയാക്കി.

മലയാളത്തിൽ പരിഭാഷപ്പെടുത്താൻ കഴിയുന്ന വാക്കുകളും ഇംഗ്ലീഷിൽ പ്രയോഗിച്ചു വരുന്നത് ഇപ്പോൾ സാധാ രണമായിട്ടുണ്ട്. ഉദാ. റൂൾ കമ്മിറ്റി, കമ്മി ഷൻ സിറ്റിംഗ് നടത്തി. നിയമസമിതി, കമ്മീഷൻ യോഗം ചേർന്നു എന്നിങ്ങ നെയായാൽ കാര്യം നമുക്ക് മനസ്സിലാ വും. സ്പീഡ് ഗവർണർ വേഗമാനകവും പോളിഗ്രാഫ് ടെസ്റ്റ് നുണപരിശോധന യുമായത് മലയാളത്തിനിണങ്ങുന്നതു തന്നെ. എന്നാൽ ഡ്രൈഡേ ഉണക്കുദി വസമാവുമ്പോൾ വിവർത്തനത്തിന് വഴി തെറ്റുന്നു എന്നു പറയാതെ വയ്യ.■

*ലേഖകൻ വൈലോപ്പിള്ളി സംസ്കൃതിഭവൻ മെമ്പർ സെക്രട്ടറിയാണ്.*



**എം.വി. തോമസ്**

# മാധ്യമങ്ങൾ കേരളപ്പിറവിക്കുശേഷം

ബഹുജന സമ്പർക്ക മാധ്യമങ്ങളിൽ പത്രം, സിനിമ, റേഡിയോ എന്നിവ കേരളപ്പിറവിക്കുമുമ്പേ മലയാളമണ്ണിൽ വേരു റപ്പിച്ചിരുന്നു. 1956ൽ കേരളസംസ്ഥാനം രൂപവത്ക്കരിക്കപ്പെടു മ്പോൾ മലയാളപത്രപ്രവർത്തനത്തിന് 109 വയസ്സും സിനിമയ്ക്ക് 28 വയസ്സും റേഡിയോപ്രക്ഷേപണത്തിന് 13 വയസ്സുമാണ് പ്രായ മുണ്ടായിരുന്നത്. എന്നാൽ കേരളസംസ്ഥാനം രൂപംകൊണ്ട് 26 വർഷം പൂർത്തിയായപ്പോൾ മാത്രമാണ് ഇവിടെ ടെലിവിഷൻ സംപ്രേഷണം ആരംഭിച്ചത്. എന്നിട്ടും ഇതര മാധ്യമങ്ങളെ പിന്ത ള്ളിക്കൊണ്ട് ആശയ വിനിമയരംഗത്ത് മേൽക്കോയ്മ നേടാൻ ടെലി വിഷന് കഴിഞ്ഞു. 20-ാം നൂറ്റാണ്ടിന്റെ അന്ത്യത്തിലെത്തിയപ്പോൾ ടെലിവിഷൻ ഉൾപ്പെടെ സകല സമ്പർക്ക മാധ്യമങ്ങൾക്കും ഭീഷണി ഉയർത്തിക്കൊണ്ട് ഇന്റർനെറ്റ് കേരളത്തിലും എത്തി ച്ചേർന്നു. പുതിയ നൂറ്റാണ്ടിന്റെ തുടക്കത്തിൽ മുഖം കാണിച്ചു തുടങ്ങിയ മൊബൈൽ ഫോൺ മറ്റെല്ലാ മാധ്യമങ്ങളെയും പിന്നി ലാക്കിക്കൊണ്ട് വെന്നിക്കൊടി പാറിക്കുകയാണ്.

**പത്രങ്ങൾ**

സ്വാതന്ത്ര്യലബ്ധി മുതൽ കേരളപ്പിറവിവരെയുള്ള അന്തരാള ഘട്ടം കഴിഞ്ഞതോടെ ആധുനികസാങ്കേതിക വിദ്യയുടെ ആവിർഭാ വംമൂലം പത്രങ്ങൾ അച്ചടിച്ചിറക്കാൻ വമ്പിച്ച മുതൽമുടക്ക് വേണ്ടി വന്നു. തന്മൂലം ഇടത്തരം ചെറുകിട പത്രങ്ങൾ പ്രതിസന്ധിയി ലായി. വൻതോതിൽ പണമിറക്കാൻ കഴിവുള്ള ബിസിനസ് സ്ഥാപ നങ്ങൾ, സാമുദായിക സംഘടനകൾ, രാഷ്ട്രീയ കക്ഷികൾ പത്ര പ്രവർത്തനരംഗത്ത് പിടിമുറുക്കി. ദേശബന്ധു, ദിനമണി, പ്രഭാതം, മലയാളരാജ്യം, കേരള ടൈംസ്, കേരളഭൂഷണം, എക്സ്പ്രസ്സ് എന്നിവ അന്തർധാനം ചെയ്തു. കേരളപ്പിറവിക്കുശേഷം ആവി ർഭവിച്ച കേരളധ്വനി, ഈ നാട്, സദ്വാർത്ത, കേരളപത്രിക, കേരള ദേശം തുടങ്ങിയ പത്രങ്ങളും ഏറെനാൾ നിലനിന്നില്ല. ഈ കാല യളവിൽത്തന്നെ ആരംഭിച്ച മാധ്യമം, മംഗളം, ജന്മഭൂമി എന്നിവ ശ്രദ്ധേയമായ പുരോഗതി നേടി. സി.പി.ഐ.യുടെ മുഖപത്രമായ ജനയുഗവും കോൺഗ്രസ്സിന്റെ മുഖപത്രമായ വീക്ഷണവും ഇടയ്ക്കു മുടങ്ങിയെങ്കിലും ഇപ്പോഴും നിലനിൽക്കുന്നു. 1970 കൾ വരെ പ്രചാരത്തിൽ ഒന്നാം സ്ഥാനത്തായിരുന്ന മാതൃഭൂമിയെ പിന്ത ള്ളിക്കൊണ്ട് മലയാളമനോരമ മുന്നിലെത്തി. ഓഡിറ്റ്ബ്യൂറോ ഓഫ് സർക്കുലേഷന്റെ (എബിസി) 2011 ജൂലൈ ഡിസംബർ കാലത്തെ

കണക്കുപ്രകാരം മലയാളമനോരമയുടെ പ്രചാരം 20,48,274 കോപ്പിയും മാതൃഭൂമിയുടേത് 12,74,595 കോപ്പിയുമാണ്. മൂന്നാംസ്ഥാനത്ത് നിൽക്കുന്നത് 4,12,029 കോപ്പികൾ (2010 ജനുവരി ജൂൺ) പ്രചാരമുള്ള ദേശാഭിമാനി (സി.പി.ഐ.എം മുഖപത്രം) ആണ്. ചന്ദ്രിക, ദീപിക, കേരളകൗമുദി, സിറാജ് എന്നിവയും ഇപ്പോഴത്തെ ശ്രദ്ധേയമായ ദിനപത്രങ്ങളാണ്. ഇന്ത്യൻ എക്സ്പ്രസ്സ്, ഹിന്ദു, ടൈംസ് ഓഫ് ഇന്ത്യ, ഡെക്കാൺ ക്രോണിക്കിൾ എന്നീ ഇംഗ്ലീഷ് പത്രങ്ങൾക്ക് കേരളത്തിൽ എഡിഷനുകൾ ഉണ്ട്. ചെറുകിട പത്രങ്ങളും സായാഹ്ന പത്രങ്ങളും മുളച്ചു പൊന്തുകയും തകർന്നടിയുകയും ചെയ്തുകൊണ്ടിരിക്കുന്നു. സായാഹ്നപത്രങ്ങളിൽ രഷ്ട്രദീപികയും കേരളകൗമുദി ഫ്ളാഷും പുരോഗതിയുടെ പാതയിൽ മുന്നേറുന്നു. മലയാളത്തിലെ എല്ലാ പ്രമുഖ പത്രങ്ങളും ഓൺലൈൻ എഡിഷനുകൾ പ്രസിദ്ധീകരിക്കുന്നുണ്ട്. കേരളപ്പിറവിക്കുശേഷം പത്രപ്രവർത്തനരംഗത്ത് ദൃശ്യമായ ഒരു സവിശേഷത ആനുകാലികങ്ങളുടെ വൻതോതിലുള്ള വളർച്ചയാണ്. സംസ്ഥാനരൂപവത്ക്കരണത്തിനു തൊട്ടുമുമ്പ് 1956 ഫെബ്രുവരി 19ന് മലയാള മനോരമ വാരിക വീണ്ടും പ്രസിദ്ധീകരിച്ചു തുടങ്ങിയതോടുകൂടിയാണ് മലയാളത്തിൽ ഒരു മാസികാതരംഗമുണ്ടായത്. 1969ൽ ആരംഭിച്ച മംഗളം വാരിക 18 ലക്ഷംവരെ പ്രചാരം വർധിച്ച് എൺപതുകളിൽ ഇന്ത്യയിലെ ഏറ്റവും പ്രചാരമുള്ള വാരികയായി. ഈ കാലഘട്ടത്തിൽ ഒട്ടേറെ ജനപ്രിയവാരികകൾ മലയാളത്തിൽ ഉണ്ടായി എങ്കിലും അതിവൈകാരികതയ്ക്ക് പ്രാധാന്യം നൽകുന്ന പൈങ്കിളി സാഹിത്യത്തിനാണ് അവ ഊന്നൽ നൽകിയത്. ഇപ്പോൾ മുഖ്യധാരാപത്രങ്ങൾ മാത്രമല്ല, അവയുടെ അനുബന്ധ പ്രസിദ്ധീകരണങ്ങളും പൈങ്കിളി ശൈലിയിലുള്ള സെൻസേഷനലിസത്തിലേക്ക് വഴിമാറിക്കൊണ്ടിരിക്കുകയാണ്.

സാങ്കേതികവിദ്യയിലും പ്രൊഡക്ഷനിലും മലയാളപത്രങ്ങൾ ഏറെ മുന്നേറിയിട്ടുണ്ടെങ്കിലും ഉള്ളടക്കത്തിന്റെ കാര്യത്തിൽ മഞ്ഞപ്പത്രങ്ങളുടെ നിലവാരത്തിലേക്ക് മുഖ്യധാരാപത്രങ്ങൾപോലും കൂപ്പുകുത്തിക്കൊണ്ടിരിക്കുകയാണ്. മലയാള പത്രപ്രവർത്തനത്തിന് സാഹിത്യ-സാംസ്ക്കാരിക മേഖലകളുമായുള്ള ബന്ധം അടിക്കടി കുറഞ്ഞുവരുന്നു. എങ്ങനെയും പ്രചാരം വർദ്ധിപ്പിക്കുക, പരസ്യം പിടിക്കുക, കൂടുതൽ ആദായമുണ്ടാക്കുക എന്നീ ലക്ഷ്യങ്ങൾ മുൻനിർത്തി ഇൻഷ്വറൻസ്, സമ്മാന പദ്ധതികൾ, കൂട്ടുവ്യാപാരങ്ങൾ മുതലായവയിലൂടെ കൂടുതൽ കൂടുതൽ വായനക്കാരെയും പരസ്യക്കാരെയും ആകർഷിക്കാനാണ് ഇപ്പോൾ മലയാളം പത്രങ്ങൾ പൊതുവേ ശ്രദ്ധ പതിപ്പിക്കുന്നത്. ഇതര മാധ്യമരംഗങ്ങളിലേക്ക് കടന്നുകൂടാനും അവ കാര്യമായ ശ്രമം നടത്തുന്നുണ്ട്.

> “ 1975 ആഗസ്റ്റ് ഒന്നുമുതൽ ഒരു വർഷക്കാലം ഇന്ത്യയിൽ നടന്ന വമ്പിച്ച ഉപഗ്രഹ പരീക്ഷണ പരിപാടി (ടകഠഋ) യിൽ കേരളം ഉൾപ്പെട്ടിരുന്നില്ല. എങ്കിലും തിരുവനന്തപുരം ഉൾപ്പെടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ടെലിവിഷൻ പ്രത്യക്ഷപ്പെടുകയും സൈറ്റ് പരിപാടികൾ ദൃശ്യമാവുകയും ചെയ്തു. കൂടാതെ ശ്രീലങ്കയുടെ 'രൂപവാഹിനി' പരിപാടികൾ ലഭിക്കുകയും ചെയ്തിരുന്നു. കേരളത്തിലാദ്യമായി ടെലിവിഷൻ സംപ്രേഷണം നടത്തിയത് കെൽട്രോൺ ആണ്. 1932 ജനുവരിയിൽ കെൽട്രോണിന്റെ ടിവി ട്രാൻസ്മിറ്റർ തിരുവനന്തപുരത്ത് സംപ്രേഷണം ആരംഭിച്ചു. ദൂരദർശൻ സംസ്ഥാനത്ത് ടി.വി. സംപ്രേഷണം തുടങ്ങിയത് 1982 നവംബർ 19ന് ആണ്. ”

**സിനിമ**

1956ൽ സംസ്ഥാന രൂപവത്ക്കരണം നടക്കുന്നതുവരെ അമ്പതോളം ചിത്രങ്ങൾ മാത്രമേ മലയാളത്തിൽ ഉണ്ടായിട്ടുള്ളൂ. കേരളപ്പിറവിക്കുമുമ്പ് ഉണ്ടായ ചിത്രങ്ങളിൽ കലാപരമായി മികച്ചതെന്ന് എടുത്ത് പറയാവുന്ന ചിത്രങ്ങൾ 'ജീവിതനൗക' (1951), 'നീലക്കുയിൽ' (1954), 'ന്യൂസ്പേപ്പർ ബോയ്' (1954) എന്നിങ്ങനെ വിരലിലെണ്ണാവുന്നവ മാത്രമെ ഉള്ളൂ. ദേശീയതലത്തിൽ ഏറ്റവും മികച്ച ചിത്രത്തിനുള്ള പുരസ്ക്കാരം മലയാളത്തിന് ആദ്യമായി നേടിക്കൊടുത്ത് 'ചെമ്മീൻ' (1965) മലയാളസിനിമയുടെ പ്രശസ്തി ദേശദേശാന്തരങ്ങളിൽ എത്തിച്ചു. തുടർന്ന് നമ്മുടെ ഭാഷയിലെ ഒട്ടെല്ലാ പ്രശസ്ത സാഹിത്യകൃതികൾക്കും ചലച്ചിത്രാവിഷ്ക്കരണങ്ങൾ ഉണ്ടായി. 1972ൽ അടൂർഗോപാലകൃഷ്ണൻ സംവിധാനം ചെയ്ത 'സ്വയം വരം' മലയാള സിനിമാ ചരിത്രത്തിലെ ഒരു നാഴികക്കല്ലായിത്തീർന്നു. അക്കാലത്ത് ശക്തിപ്രാപിച്ച ഫിലിംസൊസൈറ്റി പ്രസ്ഥാനം മലയാള സിനിമയിൽ നവതരംഗങ്ങൾ





സൃഷ്ടിക്കുന്നതിന് സഹായകമായി. അടൂർഗോപാലകൃഷ്ണൻ, ജി. അരവിന്ദൻ, ജോൺ എബ്രഹാം, കെ.ആർ. മോഹനൻ, ഷാജി തുടങ്ങിയ സംവിധായകർ നമ്മുടെ സിനിമയുടെ കലാമൂല്യം വർദ്ധിപ്പിക്കുന്നതിൽ ശ്രദ്ധാലുക്കളായിരുന്നു. എം.ടി. വാസുദേവൻ നായർ, പത്മരാജൻ, സേതുമാധവൻ, കെ.ജി. ജോർജ്, പി.എ. ബക്കർ, ടി.വി. ചന്ദ്രൻ, എ. വിൻസെന്റ്, ഭരതൻ, ജയരാജ്, ശ്യാമപ്രസാദ് മുതലായ സംവിധായകരും, തിരക്കഥാകൃത്തുക്കളും കലാമൂല്യത്തോടൊപ്പം വാണിജ്യപരതയിലും ശ്രദ്ധ പതിപ്പിച്ചിരുന്നു. ഐ.വി. ശശി, പി. ഭാസ്ക്കരൻ, ഫാസിൽ, സിബിമലയിൽ, പ്രിയദർശൻ, ബ്ലസ്സി തുടങ്ങിയ സംവിധായകർ കലാമൂല്യവും സാങ്കേതിക വിദ്യയും ജനപ്രീതിയും ഇഴുകിച്ചേർന്ന ഒട്ടേറെ ചിത്രങ്ങൾ സൃഷ്ടിച്ചു. മലയാളത്തിലെ ഏറ്റവും തലയെടുപ്പുള്ള സംവിധായക നിർമ്മാതാക്കളായിരുന്ന കുഞ്ചാക്കോയുടെ ഉദയ സ്റ്റുഡിയോയും പി. സുബ്രഹ്മണ്യത്തിന്റെ മെറിലാൻഡ് സ്റ്റുഡിയോയും അപ്പച്ചന്റെ നവോദയ സ്റ്റുഡിയോയും പ്രവർത്തനരഹിതമായത് മലയാളത്തിന് തീരാനഷ്ടമായി. സർക്കാരിന്റെ ഉടമസ്ഥതയിൽ തിരുവല്ലത്ത് ഉയർന്നുവന്ന സ്റ്റുഡിയോ മലയാള സിനിമയെ മലയാള മനസ്സിലേക്ക് പറിച്ചു നടുന്നതിൽ വേണ്ടത്ര വിജയം വരിച്ചില്ല.


സത്യൻ, മധു, നസീർ, മമ്മൂട്ടി, മോഹൻലാൽ, സുരേഷ്ഗോപി, ജയറാം, ദിലീപ്, തിലകൻ, പൃഥ്വിരാജ് തുടങ്ങിയ നടന്മാരും പത്മിനി, രാഗിണി, ഷീല, ശാരദ, ജയഭാരതി, മോനിഷ, ഉർവശി, ശോഭന, മഞ്ജുവാര്യർ, മീരാജാസ്മിൻ തുടങ്ങിയ നടിമാരും വയലാർ, ഒ.എൻ.വി, പി. ഭാസ്ക്കരൻ, ശ്രീകുമാരൻ തമ്പി, ബിച്ചുതിരുമല, യൂസഫലി കേച്ചേരി, ഗിരീഷ് പുത്തൻചേരി തുടങ്ങിയ ഗാനരചയിതാക്കളും ദക്ഷിണാമൂർത്തി, ദേവരാജൻ, കെ. രാഘവൻ, ബാബുരാജ്, സലിൽ ചൗധരി, ബോംബെ രവി, എം. ജയചന്ദ്രൻ തുടങ്ങിയ സംഗീതസംവിധായകരും കമുകറ പുരുഷോത്തമൻ, യേശുദാസ്, എം.ജി. ശ്രീകുമാർ, പി. ജയചന്ദ്രൻ, എസ്. ജാനകി, പി. ലീല, ചിത്ര, സുജാത തുടങ്ങിയ ഗായകരും എസ്.എൽ.പുരം, എം.ടി. വാസുദേവൻ നായർ, പദ്മ രാജൻ തുടങ്ങിയ തിരക്കഥാകൃത്തുകളും കേരളപ്പിറവിക്കുശേഷം മലയാള സിനിമയുടെ പേരും പെരുമയും വാനോളം ഉയർത്തി. എന്നാൽ ഇതിനൊരു മറുവശം കൂടിയുണ്ട്. സിനിമയെ വെറും വില്പനച്ചരക്കായികണ്ട് സെക്സും വയലൻസും തരംതാണ വിനോദവും കൊണ്ട് നമ്മുടെ സിനിമയ്ക്ക് അപമാനം വരുത്തിവയ്ക്കുന്ന ഒരുകൂട്ടർ ഇക്കാലമത്രയും സജീവമായി രംഗത്തുണ്ടായിരുന്നു.

ചലച്ചിത്ര അവാർഡുകൾ, ചലച്ചിത്രോത്സവങ്ങൾ എന്നിവ ഏർപ്പെടുത്തിയും ചലച്ചിത്രവികസന കോർപ്പറേഷൻ, ചലച്ചിത്ര അക്കാദമി എന്നിവ സ്ഥാപിച്ചും സബ്സിഡികൾ, അവശകലാകാരന്മാർക്കുള്ള പെൻഷൻ എന്നിവ നൽകിയും സംസ്ഥാന സർക്കാർ മലയാള സിനിമയെ പരിപോഷിപ്പിക്കാൻ അശ്രാന്തപരിശ്രമം ചെയ്തുവരുന്നു. എന്നാൽ ചലച്ചിത്രമേഖലയിലെ വിവിധ സംഘടനകൾ തമ്മിലുള്ള പോരുകളും ടെലിവിഷന്റെ ആവിർഭാവവും സൂപ്പർ സ്റ്റാർ മേധാവിത്വവും ഒക്കെകൂടി മലയാള സിനിമയെ ഒരു പ്രതിസന്ധിയിൽ അകപ്പെടുത്തിയിരിക്കുകയാണ്.

**റേഡിയോ**

കേരളസംസ്ഥാനം രൂപംകൊണ്ടപ്പോൾ മൂന്ന് റേഡിയോ നിലയങ്ങളാണ് കേരളത്തിൽ ഉണ്ടായിരുന്നത്. തിരുവനന്തപുരം, തൃശൂർ, കോഴിക്കോട്. 1971 ൽ ആലപ്പുഴയിൽ റിലേസ്റ്റേഷൻ തുടങ്ങി. കൊച്ചിയിൽ 1989ലും കണ്ണൂരിൽ 1991ലും ദേവികുളത്ത് 1994ലും എഫ്.എം. സ്റ്റേഷനുകൾ പ്രവർത്തനമാരംഭിച്ചു. തിരുവനന്തപുരം അനന്തപുരി എഫ്.എം., കൊച്ചിയിൽ റെയിൻബോ എഫ്.എം, മഞ്ചേരി ഡ്രീംസ് എഫ്.എം., കോഴിക്കോട് റിയൽ എഫ്.എം. എന്നീ നിലയങ്ങളും ആകാശവാണിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.

കേരളപ്പിറവി മുതൽ ടെലിവിഷന്റെ ആവിർഭാവം വരെ (1956–82) ആകാശവാണിയുടെ പ്രസക്തിയും പ്രാധാന്യവും വർധിച്ചുകൊണ്ടാണിരുന്നത്. സംസ്ഥാനം രൂപവത്ക്കരിക്കപ്പെട്ടശേഷം കേരളത്തിന്റെ വികസനത്തിന് ആവശ്യമായ മാധ്യമ പിന്തുണ നൽകുന്നതിൽ ആകാശവാണി ഗണ്യമായ പങ്കാണ് വഹിച്ചത്. സാഹിത്യ-സാംസ്ക്കാരിക മേഖലകളുടെ അഭ്യുന്നതിക്കും ആകാശവാണി നൽകിയ സംഭാവന സ്തുത്യർഹമാണ്. നാടൻകലകൾ സംരക്ഷിക്കുകയും പ്രചരിപ്പിക്കുന്നതിലും





റേഡിയോ അനുഷ്ഠിച്ച സേവനം വളരെ വലുതാണ്. എന്നാൽ ടെലിവിഷന്റെ പ്രചുരപ്രചാരം റേഡിയോയെ പിന്നാമ്പുറങ്ങളിലേക്ക് തള്ളിയെന്ന അവസരത്തിലാണ് സ്വകാര്യ എഫ്.എം. റേഡിയോ സ്റ്റേഷനുകൾ അനന്തമായ വിനോദപരിപാടികളുമായി രംഗപ്രവേശം ചെയ്ത് റേഡിയോയുടെ ജനപ്രീതി വീണ്ടെടുത്തത്. തിരുവനന്തപുരം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റെഡ് എഫ്.എം., തിരുവനന്തപുരം, കൊച്ചി, തൃശൂർ, കണ്ണൂർ എന്നിവിടങ്ങളിലെ ക്ലബ് എഫ്.എം, കൊച്ചി, തൃശൂർ, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ പ്രവർത്തിക്കുന്ന റേഡിയോ മാംഗോ എഫ്.എം., തൃശൂരിലും കണ്ണൂരിലുമുള്ള ബെസ്റ്റ് എഫ്.എം., തിരുവനന്തപുരത്തെ ബിഗ് എഫ്.എം., റേഡിയോ മിർച്ചി എഫ്.എം. എന്നീ സ്വകാര്യ വാണിജ്യനിലയങ്ങളാണ് കേരളത്തിൽ ഇപ്പോഴുള്ളത്. മലയാളമനോരമയുടെ ആഭിമുഖ്യത്തിൽ 2007 നവംബർ 29ന് കോഴിക്കോട്ടു തുടങ്ങിയ റേഡിയോ മാംഗോ ആണ് കേരളത്തിലെ ആദ്യത്തെ സ്വകാര്യ എഫ്.എം. സ്റ്റേഷൻ. മൊബൈൽ ഫോണുകളിലും വാഹനങ്ങളിലും ലഭ്യമായ എഫ്.എം. ചാനലുകൾ നമ്മുടെ യുവാക്കളെയും സംഗീതപ്രിയരെയും ഹരം പിടിപ്പിച്ചിരിക്കുകയാണ്.

**ടെലിവിഷൻ**

1975 ആഗസ്റ്റ് ഒന്നുമുതൽ ഒരു വർഷക്കാലം ഇന്ത്യയിൽ നടന്ന വമ്പിച്ച ഉപഗ്രഹ പരീക്ഷണ പരിപാടി (SITE) യിൽ കേരളം ഉൾപ്പെട്ടിരുന്നില്ല. എങ്കിലും തിരുവനന്തപുരം ഉൾപ്പെടെ സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും ടെലിവിഷൻ പ്രത്യക്ഷപ്പെടുകയും സൈറ്റ് പരിപാടികൾ ദൃശ്യമാവുകയും ചെയ്തു. കൂടാതെ ശ്രീലങ്കയുടെ 'രൂപവാഹിനി' പരിപാടികൾ ലഭിക്കുകയും ചെയ്തിരുന്നു. കേരളത്തിലാദ്യമായി ടെലിവിഷൻ സംപ്രേഷണം നടത്തിയത് കെൽട്രോൺ ആണ്. 1932 ജനുവരിയിൽ കെൽട്രോണിന്റെ ടിവി ട്രാൻസ്മിറ്റർ തിരുവനന്തപുരത്ത് സംപ്രേഷണം ആരംഭിച്ചു. ദൂരദർശൻ സംസ്ഥാനത്ത് ടി.വി. സംപ്രേഷണം തുടങ്ങിയത് 1982 നവംബർ 19ന് ആണ്. 1984 ഏപ്രിൽ രണ്ടിന് തിരുവനന്തപുരത്ത് കുടപ്പനക്കുന്നിലെ ആയിരം വാട്ട് ശക്തിയുള്ള ട്രാൻസ്മിറ്ററും പ്രൊഡക്ഷൻ സെന്ററും പ്രവർത്തനമാരംഭിച്ചു. അതെത്തുടർന്ന് ഹിന്ദിപരിപാടികൾ കണ്ടുകൊണ്ടിരുന്ന കേരളീയർക്ക് 1985 ജനുവരി ഒന്നുമുതൽ കുടപ്പനക്കുന്നിലെ ദൂരദർശൻ കേന്ദ്രത്തിൽനിന്ന് മലയാളപരിപാടികൾ ലഭിച്ചുതുടങ്ങി.

മലയാളത്തിൽ ആദ്യത്തെ ഉപഗ്രഹ ചാനലായ ഏഷ്യാനെറ്റ് 1992 ആഗസ്റ്റ് മൂന്നിന് ഓണപ്പുലരിയിൽ പ്രവർത്തനമാരംഭിച്ചു. പിന്നീട് ഏഷ്യാനെറ്റ് ന്യൂസ്, ഏഷ്യാനെറ്റ് പ്ലസ്സ് തുടങ്ങിയ ചാനലുകളും തുടങ്ങി. ഇന്ത്യയിലാദ്യത്തെ കേബിൾ കമ്പനിയായ ഏഷ്യാനെറ്റ് സാറ്റലൈറ്റ് കമ്യൂണിക്കേഷൻ ലിമിറ്റഡ് സ്ഥാപിച്ചത് ഏഷ്യാനെറ്റാണ്. പ്രത്യേക കമ്പനിയായി പ്രവർത്തിക്കുന്ന ഈ സ്ഥാപനം 1997 ൽ ഏഷ്യാനെറ്റ് കേബിൾ വിഷൻ ഉൾപ്പെടെ ധാരാളം കേബിൾ ചാനലുകൾ ആരംഭിച്ചു. കേരളത്തിലുടനീളം ധാരാളം കേബിൾനെറ്റ് വർക്ക് സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്.




ഏഷ്യാനെറ്റ്, സൂര്യ, കൈരളി, ജീവൻ, അമൃത, മഴവിൽമനോരമ, ജയ്ഹിന്ദ്, ദർശന എന്നീ പൊതു വിനോദ ചാനലുകളും കൊച്ചു ടിവി എന്ന കുട്ടികളുടെ ചാനലും ഏഷ്യാനെറ്റ്മൂവീസ് എന്ന ചലച്ചിത്ര ചാനലും, റിപ്പോർട്ടർ, ഏഷ്യാനെറ്റ് ന്യൂസ്, ഇന്ത്യാവിഷൻ, പീപ്പിൾ, മനോരമ ന്യൂസ് എന്നീ വാർത്താ ചാനലുകളും ഏഷ്യാനെറ്റ് പ്ലസ്സ്, വീ ടിവി, യെസ് ഇന്ത്യാ വിഷൻ, രാജ് മ്യൂസിക്സ് മലയാളം എന്നീ യുവജന ചാനലുകളും മാക്സ് വിഷൻ എന്ന വിപണന ചാനലും വിക്ടേഴ്സ് എന്ന വിദ്യാഭ്യാസ ചാനലും ശാലോം, പവർ വിഷൻ, ആത്മീയ യാത്ര, ഗുഡ്നെസ് ടിവി എന്നീ ആധ്യാത്മിക ചാനലുകളുമാണ് ഇപ്പോൾ മലയാളത്തിലുള്ളത്. ഒരുപക്ഷേ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ടിവി ചാനലുകളുള്ള ഭാഷ മലയാളമാ



യിരിക്കും. ഒരു ഡസനോളം മലയാളം ചാനലുകൾ കൂടി രംഗത്തെത്താനുള്ള പരിശ്രമത്തിലാണ്. വ്യക്തികളുടെയും സമൂഹത്തിന്റെയും ധാർമ്മിക-സദാചാര ചിന്തകളെയും ജീവിത ശൈലികളെയും മാറ്റിമറിക്കാനും രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിൽ കോളിളക്കങ്ങൾ സൃഷ്ടിക്കാനും നമ്മുടെ മുഖ്യധാരാ ചാനലുകൾക്ക് കഴിയുന്നുണ്ട്. മാധ്യമാവബോധവും മാധ്യമ വിദ്യാഭ്യാസവും അനിവാര്യമാക്കുന്ന അവസ്ഥാവിശേഷമാണ് ഇതുമൂലം സംജാതമായിരിക്കുന്നത്.

**ഇന്റർനെറ്റ്**

ലോകത്തിനു ലഭിച്ച ഏറ്റവും വലിയ അനുഗ്രഹങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന ഇന്റർനെറ്റ് 1998 ലാണ് കേരളത്തിലെത്തിയത്. വിഎസ്എൻഎൽ, കേരള ടെലികമ്യൂണിക്കേഷൻ എന്നിവ മുൻകൈ എടുത്താണ് ഈ നേട്ടം കൈവരിച്ചത്. സാധാരണ കമ്പ്യൂട്ടറുകൾക്കു പുറമേ ലാപ്ടോപ്പ്, ഐപാഡ്, മൊബൈൽ ഫോൺ എന്നിവയിലും ഇന്റർനെറ്റ് സേവനങ്ങൾ ലഭിക്കുമെന്നായതോടെ ഇന്റർനെറ്റിന്റെ പ്രചാരം അടിക്കടി വർധിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ ഈ സേവനങ്ങൾ ദുരുപയോഗം ചെയ്യുന്ന സൈബർ കുറ്റവാളികൾ കേരളത്തിൽ ഏറിവരുന്നത് ആശങ്കാജനകമാണ്.

**മൊബൈൽ ഫോൺ**

മറ്റെല്ലാ മാധ്യമങ്ങളെയും കീഴടക്കാൻ കഴിവുള്ള മൊബൈൽ ഫോൺ 1992ലാണ് ഇന്ത്യയിൽ പ്രചാരം നേടിയത്. എങ്കിലും കേരളത്തിൽ ഇത് എത്തിയത് 1997 ൽ മാത്രമാണ്. ഫോൺ വിളിക്കാൻ മാത്രമല്ല മറ്റ് അനവധി കാര്യങ്ങൾക്ക് ഇത് ഉപയോഗിക്കാമെന്ന സ്ഥിതി വന്നതോടെ മനുഷ്യ ജീവിതത്തിന്റെ അനിവാര്യഘടകമായി മൊബൈൽ ഫോൺ മാറിയിട്ടുണ്ട്. വാച്ചായും അലാറമായും ടോർച്ചായും ക്യാമറയായും കമ്പ്യൂട്ടറായും റേഡിയോ ആയും ടേപ് റിക്കാർഡറായും മറ്റും തലമുറകൾ പിന്നിട്ട് മുന്നേറുന്ന മൊബൈൽ ഫോൺ ഏറ്റവുമധികം ദുരുപയോഗം ചെയ്യപ്പെടുന്ന ഉപകരണം കൂടി ആയിത്തീർന്നിട്ടുണ്ട്. മൊബൈൽ ഫോണിന്റെ ശക്തിദൗർബല്യങ്ങൾ ഇനിയും കൂടുതൽ വ്യക്തമാവാൻ പൊകുന്നതേ ഉള്ളൂ. ■

*ലേഖകൻ റിട്ട. ഡെപ്യൂട്ടി ഡയറക്ടർ*
*ഐ & പി.ആർ.ഡി*





**ചാന്ദ്‌രാജ്**

# മലയാളം

മൂന്നരക്കോടിയിലധികം പേർ സംസാരിക്കുന്ന, കേരളീയരുടെ മാതൃഭാഷയായ മലയാളത്തിന് ലോകഭാഷകളുടെ പട്ടികയിൽ 26-ാം സ്ഥാനമാണുള്ളത്. എങ്കിലും കേരളീയ സമൂഹത്തിൽ മലയാളഭാഷയ്ക്ക് അർഹമായസ്ഥാനം ഉണ്ടോ എന്ന ചോദ്യത്തിന് ഇല്ല എന്ന് ഖേദപൂർവ്വം സമ്മതിക്കേണ്ടിവരും. മലയാളികൾ തന്നെയാണ് ഈ ദുരവസ്ഥയ്ക്ക് കാരണമെന്നതും വ്യക്തമാണ്. ഉന്നതവ്യവഹാരിക മണ്ഡലങ്ങളിൽ നിന്ന് പിൻവാങ്ങി മലയാളം ഒരു വീട്ടുഭാഷയായി മാത്രം ചുരുങ്ങാതിരിക്കണമെങ്കിൽ ഒട്ടേറെ പ്രവർത്തനങ്ങൾ ഈ രംഗത്ത് ഫലപ്രദമായി നടപ്പിലാക്കേണ്ടതുണ്ട്. പഠനഭരണ രംഗങ്ങളിലും ശാസ്ത്രസാങ്കേതിക മേഖലകളിലും ശക്തമായ സാന്നിധ്യം ഉറപ്പിച്ചാൽ മാത്രമേ ഏതു ഭാഷയും വികസിക്കൂ. അങ്ങനെ വികസിതമായ ഭാഷ നിലനിൽക്കുന്ന നാട്ടിൽ മാത്രമേ വികസനവും സാധ്യമാകൂ. ഭാഷയുടെ വികസനവും നാടിന്റെ പുരോഗതിയും തമ്മിൽ വളരെയേറെ ബന്ധമുണ്ട്. ഇതിന് എത്രയെങ്കിലും ഉദാഹരണങ്ങൾ ലോകചരിത്രത്തിൽ നിന്ന് ചൂണ്ടിക്കാണിക്കാൻ കഴിയും. ചുരുക്കത്തിൽ മലയാളഭാഷയുടെ സമഗ്രമായ പുരോഗതി കേരളത്തിന്റെ വികസനത്തിന് അനിവാര്യമാണെന്നു വരുന്നു.

കേരളസർക്കാർ 2012 നവംബർ ഒന്നു മുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കുകയാണ്. ഇതിന്റെ ഭാഗമായി "ഭരണഭാഷ മാതൃഭാഷ" എന്ന മുദ്രാവാക്യം എല്ലാ സർക്കാർ വകുപ്പുകളിലും പ്രചരിപ്പിക്കുന്നുണ്ട്. കേരളത്തിലെ ഭരണഭാഷ പൂർണമായും മലയാളത്തിലാക്കാനുള്ള യത്നത്തിൽ എല്ലാ സർക്കാർ ജീവനക്കാരുടെയും പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതുണ്ട്. പഞ്ചായത്ത് തലം മുതൽ ഭരണസിരാകേന്ദ്രമായ സെക്രട്ടറിയേറ്റുവരെയും തിരിച്ചും എല്ലാ ഔദ്യോഗികകാര്യങ്ങളും മലയാളത്തിൽത്തന്നെയാവണം. ഈ സംരംഭം അപ്പോൾ മാത്രമേ വിജയത്തിലെത്തുകയുള്ളൂ.

ജനാധിപത്യം പൂർണ്ണമാകണമെങ്കിൽ ഭരണം ജനങ്ങളുടെ ഭാഷയിൽത്തന്നെയായിരിക്കണം. ജനങ്ങൾക്ക് ഏതു കാര്യവും തങ്ങളുടെ ഭാഷയിൽ നിർവ്വഹിക്കാമെന്നുവന്നാൽ മാത്രമേ ഭരണത്തിൽ ജനങ്ങളുടെ പങ്കാളിത്തം പൂർണ്ണമാവുകയുള്ളൂ. ഭരണഭാഷ മലയാളമാക്കാനുള്ള പ്രവർത്തനങ്ങൾ ഏറെക്കുറെ വിജയിച്ചിട്ടുണ്ടെങ്കിലും ഇനിയും ഒട്ടേറെ കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തുതീർക്കാനുണ്ട്. ഭരണരംഗത്ത് ആവശ്യമായ സാങ്കേതികപദങ്ങൾ എല്ലാ ജീവനക്കാരിലും ഇനിയും എത്തിയിട്ടില്ല. ഓരോ വകുപ്പിനും ആവശ്യമായ പദകോശം അച്ചടിച്ച് അതതുവകുപ്പിന് എത്തിച്ചാൽ മാത്രമേ ഭരണപരമായ കത്തിടപാടുകൾക്കും മറ്റും വേണ്ടുന്ന പദങ്ങൾ ജീവനക്കാർക്ക് ഉപയോഗിക്കാൻ കഴിയൂ. ഈ രംഗത്തും ഏറെ ശ്രദ്ധ പതിയേണ്ടതുണ്ട്.

> "ഭരണഭാഷ മാതൃഭാഷ"

ഭരണകാര്യങ്ങൾക്ക് മലയാളഭാഷ ഉപയോഗിക്കുമ്പോൾ അനുഭവപ്പെടുന്ന മറ്റൊരു പ്രതിബന്ധം ലിപിമാനകീകരണത്തിന്റെ അഭാവമാണ്. ഒരു വാക്കിനു തന്നെ പലതരം ലിപിവ്യവസ്ഥ ഒഴിവാക്കി എല്ലായിടത്തും ഒരുപോലെ അച്ചടിക്കുമ്പോഴേ കമ്പ്യൂട്ടറിലും വിവരസാങ്കേതിക രംഗത്തും മലയാളത്തിന് സ്ഥാനമുറപ്പിക്കാൻ കഴിയൂ. കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയ 'അച്ചടിയും എഴുത്തും ഒരു സ്റ്റൈൽ പുസ്തക'ത്തിന്റെ മാതൃക ഏവർക്കും അവലംബിക്കാൻ പറ്റിയ ഒന്നാണ്. അതിന് സർക്കാർ തലത്തിൽ പ്രചാരണം കൊടുത്ത് ഈ പ്രതിസന്ധി മറികടക്കാവുന്നതാണ്. അക്ഷരത്തെറ്റുകൾ കമ്പ്യൂട്ടർവഴി കണ്ടുപിടിക്കാനും (Spell check) മലയാളത്തിന് യൂണികോഡ് വഴി ലോകമെങ്ങും പ്രചാരം കിട്ടാനും ഈ മാർഗ്ഗം അവലംബിക്കാം.

അന്യസംസ്ഥാനങ്ങളിൽ നിലവിലുള്ളതുപോലെ ഉദ്യോഗാർത്ഥികൾക്ക് പ്രാദേശികഭാഷാപരിജ്ഞാനം നിർബന്ധമാക്കിയും ഒദ്യോഗികകാര്യങ്ങൾക്ക് മലയാളം നന്നായി ഉപയോഗിക്കുന്നവർക്ക് ആനുകൂല്യങ്ങൾ നൽകിയും മലയാളം ഉപയോഗിക്കാത്തവർക്ക് പിഴയിട്ടും ഭരണരംഗത്ത് മലയാളത്തിന്റെ സ്ഥാനം ഉറപ്പിക്കാൻ കഴിയും.

മറ്റു ദക്ഷിണേന്ത്യൻ ഭാഷകളെപ്പോലെ മലയാളത്തിനും ക്ലാസിക്കൽ പദവി നേടിയെടുക്കാനുള്ള സർക്കാരിന്റെ ശ്രമങ്ങൾ വിജയത്തോടടുക്കുകയാണ്. ഭാഷാപുരോഗതിക്കായുള്ള പ്രവർത്തനങ്ങൾക്ക് ആക്കം കൂട്ടാൻ ക്ലാസിക്കൽ പദവി സഹായിക്കുമെന്ന് കരുതാം. 2012 ഒക്ടോബർ 30, 31 നവംബർ 1 എന്നീ തീയതികളിൽ തിരുവനന്തപുരത്തുവച്ചു നടന്ന 'വിശ്വമലയാള മഹോത്സവം' മലയാളത്തിന്റെ കീർത്തി വ്യാപിക്കുവാൻ കാരണമായിട്ടുണ്ട്. ഈ അവസരത്തിൽ അവതരിപ്പിച്ച പ്രബന്ധങ്ങളും ഭാഷാപുരോഗതിക്കായുള്ള നിർദ്ദേശങ്ങളും സമാഹരിച്ച് അവയുടെ പശ്ചാത്തലത്തിൽ തുടർപ്രവർത്തനങ്ങൾ നടത്തേണ്ടതുണ്ട്. ഭാഷാസ്നേഹികൾ ചിരകാലമായി ആഗ്രഹിച്ചിരുന്ന 'മലയാള സർവകലാശാല' നവംബർ 1ന് യാഥാർത്ഥ്യമായി. കേവലം സാഹിത്യ സംബന്ധിയായ വിഷയങ്ങൾമാത്രം കൈകാര്യം ചെയ്യാതെ ശാസ്ത്ര സാങ്കേതികവിഷയങ്ങൾ ഉൾപ്പെടെ എല്ലാ അറിവുകളും മലയാളത്തിലൂടെ പഠിക്കാനും പഠിപ്പിക്കാനുമുള്ള ഉന്നത സ്ഥാപനമായി ഭാവിയിൽ മലയാള സർവകലാശാല മാറുമെന്ന് കരുതാം.

ചുരുക്കത്തിൽ മലയാളത്തിന്റെ പ്രസക്തി നവംബർ മാസത്തിൽ മാത്രം ഒതുങ്ങാനുള്ളതല്ല. തുടർനടപടികളിലൂടെ ഭരണത്തിന്റെ സമസ്ത മേഖലകളിലും മലയാളികളുടെ മാതൃഭാഷയായ മലയാളം സ്ഥാനമുറപ്പിക്കണം. അതിനുള്ള പരിശ്രമങ്ങൾ വിജയത്തിലെത്തുമെന്ന് പ്രത്യാശിക്കാം.■

അമ്പലപ്പുഴ ശ്രീകുമാർ എം.കോം.

# അവകാശം കിട്ടിയവിവരത്തിന് വയസ്സേഴ്!



നിയമം അറിയില്ല എന്നത് ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതിന് ഒരു കാരണമല്ല എന്ന തത്വം നിയമ വാഴ്ചയുടെ നട്ടെല്ലായി നിലകൊള്ളുമ്പോഴും മഹാഭൂരിപക്ഷവും നിയമപരമായ കാര്യങ്ങളിൽ നിരക്ഷരരാണ്. അറിവ് ശക്തിയാണ്. ശരിയായ തെരഞ്ഞെടുപ്പ് നടത്തണമെങ്കിൽ ശരിയായ അറിവ് ഉണ്ടായിരിക്കണം സാധനങ്ങളും സേവനങ്ങളും വിലകൊടുത്തുവാങ്ങുന്ന ഉപഭോക്താവിനും ജനാധിപത്യ ഭരണക്രമത്തിൽ രാജകീയമായ സമ്മതിദാനാവകാശം വിനിയോഗിക്കുന്ന പൗരനും ഈ തത്വം ബാധകമാണ്.

തത്വം ഇതാണെങ്കിലും യാഥാർത്ഥ്യം എന്താണ്? വിവരങ്ങളും സേവനങ്ങളും പെതുജനങ്ങളിൽ നിന്ന് മറച്ചുവെയ്ക്കപ്പെടുന്നു. ഇവിടെയാണ് വിവരാവകാശ നിയമത്തിന്റെ പ്രസക്തിയേറുന്നത്. എല്ലാ പൗരനും അഭിപ്രായം പ്രകടിപ്പിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് ഭരണഘടനയിലെ ആക്റ്റ് 19(1) ൽ പറയുന്നു. അഭിപ്രായം ഉണ്ടാകണമെങ്കിൽ വിവരങ്ങൾ അറിയാനുള്ള മാർഗ്ഗങ്ങൾ പൗരന് ഉണ്ടായിരിക്കണം ഇതിലേക്കുള്ള ഒരു വലിയ കാൽവെയ്പ്പാണ് "വിവരാവകാശനിയമം 2005" സ്വീഡനിലാണ് ആദ്യമായി ഈ നിയമം നിലവിൽ വന്നത്. (1776) അഴിമതി രഹിത രാജ്യങ്ങളുടെ പട്ടികയിൽ സ്വീഡൻ ഇന്ന് മുൻപന്തിയിലാണെന്ന കാര്യം നാം വിസ്മരിച്ചുകൂടാ. ലോകത്ത് 30 രാജ്യങ്ങൾ ഇതു നടപ്പാക്കിക്കഴിഞ്ഞു.

## ഇന്ത്യൻ പശ്ചാത്തലം

2005 മേയ് 11 ന് ലോക്സഭ പാസ്സാക്കിയ നിയമത്തിന് ജൂൺ 15 ന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചു. 2005 ഒക്ടോബർ 12 ന് ജമ്മുകാശ്മീരൊഴികെ എല്ലായിടത്തും ഈ നിയമം പ്രാബല്യത്തിൽ വന്നു.

*ലക്ഷ്യം:* ഭാരതീയനോടുള്ള ഉത്തരവാദിത്തം നിറവേറണമെങ്കിൽ ഭരണക്രമത്തിൽ സുതാര്യത ഉറപ്പാക്കേണ്ടതുണ്ട്. പൊതുഅധികാരസ്ഥാപനങ്ങളിലെ നടപടിക്രമങ്ങളിൽ കാലതാമസം, അഴിമതി, സ്വജന പക്ഷപാതം, എന്നിവ ഇല്ലാതാക്കണമെങ്കിൽ പൗരൻമാർക്ക് വിവരങ്ങൾ കൃത്യസമയത്ത് അറിയേണ്ടതുണ്ട്. ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർ തീരുമാനങ്ങളിലും നയരൂപീകരണത്തിലും നിർണ്ണായകമായ സ്വാധീനം ചെലുത്താനും പൗരൻമാർ പ്രാപ്തരാകുന്നു. വിവരാവകാശനിയമത്തിന്റെ പ്രധാന ലക്ഷ്യവും ഇതാണ്.

നമ്മുടെ രാജ്യത്ത് ഭരണരംഗത്ത് സുതാര്യതയുടെ കാര്യത്തിൽ നിശബ്ദമായ ഒരു വിപ്ലവം തന്നെയാണ് നടന്നുകൊണ്ടിരിക്കുന്നത്. "കസ്റ്റമർ ഈസ് കിംഗ്" എന്നതുമാറി "കസ്റ്റമർ ആസ് ഗോഡ്" എന്ന നിലയിലേക്ക് കാര്യങ്ങൾ

നീങ്ങുന്നു. ഇതുപയോഗിച്ച് ജീവനക്കാരെ സ്ഥാനത്തും അസ്ഥാനത്തും ബുദ്ധിമുട്ടിക്കുന്ന ചിലരെങ്കിലുംമുണ്ടെന്നുള്ളത് സത്യമാണ്. നിയമം ക്ഷേമത്തിനായി മാത്രം ഉപയോഗിക്കാൻ പൗരൻ ശ്രദ്ധിക്കേണ്ടതാണ്.

**നിയമചുരുക്കം**

*ആകെ 31 സെക്ഷനുകൾ*

*സെക്ഷൻ 3:* പൗരനു വിവരങ്ങൾ ലഭിക്കാൻ അവകാശം നൽകുന്നു.

*സെക്ഷൻ 5:* അവരവരുടെ പൊതു അധികാര സ്ഥാപനത്തിൽ ഉദ്യോഗസ്ഥൻമാരെ State Public Information officer/state Assistant public information officer/ Appellate Authorithy എന്നീ തരത്തിൽ നാമകരണം ചെയ്തു ജനശ്രദ്ധയിൽ ടി ഉദ്യാഗസ്ഥവ്യക്തികളുടെ ബോർഡ് പ്രദർശിപ്പിക്കുകയും വേണം. വിവരാവകാശ നിയമപ്രകാരം ലഭിക്കുന്ന ഒരപേക്ഷ 5 ദിവസത്തിൽ കൂടുതൽ SPIO കൈവശം വെയ്ക്കാൻ പാടില്ല.

*സെക്ഷൻ 6:* വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷ എഴുതപ്പെട്ടതോ, ഇലക്ട്രോണിക് സംവിധാനം മുഖേനയുള്ളതോ, ഹിന്ദിയിലോ ഇംഗ്ലീഷിലോ അല്ലെങ്കിൽ ഇൻഡ്യാഗവൺമെന്റ് അംഗീകരിച്ച ഏതെങ്കിലും ഔദ്യോഗിക ഭാഷയിൽ ആയിരുന്നാൽ മതി.

അപേക്ഷ SPIO/SAPIO പേരില യയ്ക്കാം അപേക്ഷ എഴുതാൻ അപേക്ഷകനെ സഹായിക്കാം. അപേക്ഷയിൽ ചോദിക്കുന്ന വിവരങ്ങൾ നൽകുക എന്നല്ലാതെ അതെന്തിനുവേണ്ടി എന്ന് കാണിക്കേണ്ട കാര്യമില്ല. അപേക്ഷയിൽ ഒപ്പു വേണമെന്നില്ല. പൊതു അധികാര സ്ഥാപനത്തിന്റെ കൈവശം ഇല്ലാത്ത വിവരം മറ്റൊരു സ്ഥാപനത്തിലേക്ക് 5 ദിവസത്തിനുള്ളിൽ കൈമാറുകയും ഈ വിവരം അപേക്ഷകനെ അറിയിക്കേണ്ടതുമാണ്.

*സെക്ഷൻ 7:* ത്വരിത വേഗത്തിൽ വിവരങ്ങൾ നൽകേണ്ടതാണ്. അല്ലാത്ത പക്ഷം 30 ദിവസം സമയം അനുവദിച്ചിട്ടുണ്ട്.

ഒരുവ്യക്തിയുടെ ജീവനെയോ സ്വാതന്ത്ര്യത്തെയോ ഹനിക്കുന്ന വിവരം 48 മണിക്കൂറിനുള്ളിൽ നൽകേണ്ടതാണ്.

വിവരങ്ങൾ നൽകുന്നതിന് പൊതു അധികാര സ്ഥാപനത്തിനുവേണ്ടി സർക്കാരിന് റൂൾസ് നിർമ്മിച്ച് ഫീസ് ഈടാക്കാവുന്നതാണ്. ഫീസ് എങ്ങനെനിർണ്ണയിക്കുന്നു എന്ന് പൗരനെ അറിയിക്കണം. ഫീസിന്റെ വിവരം അറിയിക്കുന്നതുമുതൽ ഫീസ് പൗരൻ നൽകുന്നതുവരെയുള്ള കാലയളവ് 30 ദിവസത്തിൽ നിന്നും കുറയ്ക്കും. കത്തിൽ ഫീസ് ഈടാക്കുന്നത്, കൊടുത്ത വിവരത്തിൽ അതൃപ്തിയുണ്ടെങ്കിൽ അപ്പലേറ്റ് അതോറിറ്റിക്ക് പരാതി നൽകാവുന്നതാണ്. SPIO യുടെ മറുപടിയിൽ അപ്പലേറ്റ് അതോറിറ്റിയുടെ അഡ്രസ്സ് ഉണ്ടായിരിക്കണം.

ദാരിദ്ര്യരേഖക്കു താഴെയുള്ളവരിൽ നിന്ന് ഫീസ് ഈടാക്കാൻപാടില്ല.

ശാരീരികമായി അസ്വാസഥ്യം ഉള്ളവർക്ക് സഹായം SPIO നൽകണം.

30 ദിവസത്തിനുള്ളിൽ വിവരം നൽകാൻ കഴിഞ്ഞില്ലെങ്കിൽ ഫീസ് ഈടാക്കാതെ വിവരം നൽകാൻ നിയമം അനുശാസിക്കുന്നു.

*സെക്ഷൻ 8:* ഏതൊക്കെ വിവരങ്ങളാണ് നൽകാൻ പാടില്ലാത്തതെന്നു പറയുന്നു

വിവരം നിക്ഷേധിച്ചാൽ അതിന്റെ കാരണം, അപ്പിൽ കാലാവധി, അപ്പല്റ്റ് അതോറിറ്റിയുടെ മേൽവിലാസം എന്നിവ അപേക്ഷകനെ അറിയിക്കേണ്ടതാണ്. ക്യാബിനറ്റ് തീരുമാനം കഴിഞ്ഞാൽ ആ ക്യാബിനറ്റ് നോട്ടും അതിന്റെ വിശദാംശങ്ങളും ലഭിക്കുവാൻ പൗരന് അർഹത ഉണ്ട്.

ഒരു പാർലമെന്റ് അംഗത്തിനോ നിയമസഭാംഗത്തിനോ നിഷേധിക്കാൻ പാടില്ലാത്ത വിവരം പൗരനും നിഷേധിക്കാൻ പാടില്ല.

പൊതുതാൽപ്പര്യത്തിന് എപ്പോഴും പ്രാധാന്യം നൽകണം. SPIO യുടെ തീരുമാനത്തിനെതിരെ 30 ദിവസത്തിനകം ഒന്നാം അപ്പീലിനും ഒന്നാം അപ്പീൽ തീരുമാനത്തിനെതിരെ 90 ദിവസത്തിനകം സംസ്ഥാന വിവരാവകാശ കമ്മീഷന് അപ്പീൽ നൽകാനും പൗരനും അവകാശമുണ്ട്.

ഒന്നാം അപ്പീൽ അപ്പലേറ്റ് അതോറിറ്റിക്കും രണ്ടാം അപ്പീൽ സംസ്ഥാന വിവരാവകാശ കമ്മിഷനുമാണ് നൽകേണ്ടത്.

അപേക്ഷകനോട് മോശമായി പെരുമാറിയാൽ കോമ്പൻസേഷന് അവകാശമുണ്ട്. ഈ നിയമം അനുസരിച്ച് നിലവിലുള്ള വിവരങ്ങൾ (സർക്കാർ, പൊതുമേഖലാസ്ഥാപനങ്ങൾ) രഹസ്യമല്ല. ഈ നിയമത്തിന് മറ്റുനിയമത്തെക്കാൾ അധിക പ്രഭാവം ഉണ്ടായിരിക്കുന്നതാണ്. അപ്പീൽ ഒഴിച്ച് മറ്റു യാതൊരു വിധത്തിലും കോടതികൾക്ക് ഇതിന്റെ നടപടിക്രമങ്ങളിൽ കൈകടത്തുവാൻ പാടില്ലാത്തതാകുന്നു.

*സെക്ഷൻ 20* ൽ എന്തെല്ലാം തരത്തിലുള്ള പിഴകൾ ചാർത്താമെന്ന് വിശദമായി പറയുന്നു. തെറ്റായതും, തെറ്റിദ്ധരിപ്പിക്കുന്നതുമായ വിവരങ്ങൾ നൽകുവാൻ പാടില്ല. നിശ്ചിത സമയത്തിനുള്ളിൽ വിവരം നൽകാതിരുന്നാൽ, നിഷേധിച്ചാൽ, അപൂർണ്ണമായ, തെറ്റിധരിപ്പിക്കുന്നവിവരം നൽകിയാൽ 250 രൂപാ നിരക്കിൽ ഓരോദിവസവും പിഴ നൽകാൻ SPIO നിർബന്ധിതനാകുന്നു. തുക പരമാവധി 25000 രൂപ. സംസ്ഥാന വിവരാവകാശ കമ്മീഷന് SPIO ക്ക് എതിരെ ബാധകമായ സർവ്വീസ് ചട്ടങ്ങൾപ്രകാരം ശിക്ഷണ നടപടിക്കുവേണ്ടി ശുപാർശ ചെയ്യുവാൻ അധികാരമുണ്ട്.

ഒരു കാര്യം എല്ലാവരും അറിഞ്ഞിരിക്കുക!

വിവരാവകാശനിയമം പൗരനു ലഭിച്ച ഒരു വലിയ ആശ്വാസ നിയമമാണ്. ആ നിയമത്തിന് ഇന്ന് വയസ്സ് ഏഴ്; (2005 –2012) മറക്കാതിരിക്കുക. പൗരനാണ്/ജനമാണ് നമ്മുടെ യജമാനൻ/നമ്മുടെ രാജാവ്. ■



# ജൈവവൈവിധ്യ സംരക്ഷണം
## തദ്ദേശസ്ഥാപനങ്ങൾക്കും ജനങ്ങൾക്കുമുള്ള പങ്ക്

**വിനു എ**

പ്രകൃതിവിഭവങ്ങൾ നശിച്ചുക്കൊണ്ടിരിക്കുന്ന ഈ കാലത്ത് അവ സംരക്ഷിക്കാനുള്ള ഉത്തരവാദിത്തം എല്ലാവർക്കുമുണ്ട്. ജൈവവൈവിധ്യങ്ങളെ നിലനിർത്താൻ തദ്ദേശസ്ഥാപനങ്ങളും ജനങ്ങളും ചേർന്ന് പ്രവർത്തിക്കണം

നമ്മുടെ ജീവിതത്തിനാവശ്യമായ സാഹചര്യങ്ങൾ പ്രദാനം ചെയ്യുന്നത് പ്രകൃതിയാണ്. മണ്ണ്, വായു തുടങ്ങി സൂക്ഷ്മജീവികൾവരെയുള്ളവയാണ് ഭൂമിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നത്. ഈ ജൈവഘടനയുടെ നിലനിൽപ്പാണ് ജീവജാലങ്ങളുടെ നിലനിൽപ്പിനാധാരം. മാറുന്ന കാലത്തിൽ പ്രകൃതിതന്നെ വെല്ലുവിളികളെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജീവന്റെ ആധാരമായ ഏതെങ്കിലും ഒരു ഘടകം നഷ്ടപ്പെടുന്ന സാഹചര്യം ഉണ്ടായാൽ ഇതൊക്കെയും തകിടം മറിയും. ജനപ്പെരുപ്പവും അതുമൂലം ഉണ്ടായ പോഷകാഹാരലഭ്യതക്കുറവും പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. വ്യവസായവത്ക്കരണം വേഗത്തിൽ മുന്നോട്ട് പോകുന്നതിനൊപ്പം തന്നെ ഉപഭോഗ സംസ്ക്കാരവും വർദ്ധിച്ച തോതിൽ പ്രകൃതിക്കുമേൽ ഭീഷണിയാവുന്നു.

ആഹാരത്തിന്റെ കാര്യത്തിൽ നാം ഇന്ന് പൂർണ്ണമായും കൃഷിയെയും മൃഗപരിപാലനത്തെയും മത്സ്യബന്ധനത്തെയുമാണ് ആശ്രയിക്കുന്നത്. ഈ രംഗത്ത് നടത്തിവരുന്ന നടപടികൾ പ്രകൃതിവിഭവങ്ങൾക്ക് ഭീഷണിയുയർത്തുന്നതാണ്. മനുഷ്യന്റെ നിലനിൽപ്പിനാവശ്യമായ വിഭവങ്ങളുടെ ഉറവിടങ്ങളെ ഇങ്ങനെ വേർതിരിക്കാം. അന്തരീക്ഷം, ഹൈഡ്രോസ്ഫിയർ, ലിത്തോസ്ഫിയർ, ബയോസ്ഫിയർ ഇതിൽ ആദ്യത്തേത് ജീവന് സംരക്ഷണമായി നിൽക്കുന്നു. ജീവന്റെ നിലനിൽപ്പിന് പരമപ്രധാനമായ മറ്റൊന്നാണ് ജലം. ഇതാണ് ഹൈഡ്രോസ്ഫിയർ കരുതി നൽകുന്നത്. കൃഷിക്കും മറ്റും ആശ്രയിക്കുന്ന മണ്ണാണ് ലിത്തോസ്ഫിയർ. പരസ്പരാശ്രിതമായ ഒരു ജീവിതചക്രമാണ് സൃഷ്ടിക്കപ്പെട്ടത്. കനംകുറഞ്ഞ ഒരു പാളിയിൽ ജീവചക്രത്തെ അടയാളപ്പെടുത്തിയിരിക്കുന്നു. ഇതാണ് ബയോസ്ഫിയർ അഥവാ ജൈവമണ്ഡലം.

ഇതിലേതെങ്കിലും ഒന്നിന്റെ നാശം ജീവജാലങ്ങളെ ആകെ തന്നെ ബാധിക്കും. പരസ്പരാശ്രിതമായ ഒരു ചാലകത്തിലൂടെയുള്ള ഒരു യാത്രയാണ് നമ്മുടെ ജീവിതം എന്നുപറയാം. എന്നിരിക്കിലും പ്രകൃതിവിഭവങ്ങൾ ഭൂമിയിൽ സമമായല്ല വിതരണം ചെയ്തിട്ടുള്ളത്. പ്രകൃതിവി





ഭവങ്ങളിൽ കൂടുതലും കൈവശം വെച്ച് ഉപയോഗിക്കുന്നത് പടിഞ്ഞാറൻ രാജ്യങ്ങളാണ്. ഇന്ത്യ, ചൈന തുടങ്ങിയ ജനസംഖ്യ കൂടുതലുള്ള രാജ്യങ്ങൾക്ക് കൂടുതൽ വിഭവങ്ങൾ ആവശ്യമാകുമ്പോൾ അത് നേടിയെടുക്കാൻ സാധിക്കാതെ വരുന്നു. അമേരിക്കയിലെ ജനസംഖ്യ ലോകജനസംഖ്യയുടെ നാലു ശതമാനം മാത്രമാണ്. ലോകത്തെ വിഭവങ്ങളുടെ 25 ശതമാനത്തോളം ഉപയോഗിക്കുന്നത് അവരാണ്. ഭക്ഷണത്തിൽ കൂടുതൽ സസ്യാഹാരത്തെ കൂടുതലായി ആശ്രയിക്കുന്ന ഇന്ത്യക്ക് കൃഷിയിടങ്ങളും മറ്റു സൗകര്യങ്ങളും കൂടുതലായി ആവശ്യമാണ്.

ഭൂമി ഏറ്റവും വലിയ വിഭവമാണെന്ന് പറയാം. കൃഷി തുടങ്ങി എല്ലാ സാഹചര്യങ്ങൾക്കും ഭൂമി അത്യന്താപേക്ഷിതമാണ്. സ്വാഭാവികമായ സാഹചര്യങ്ങളെ മാത്രം ഉപയോഗപ്പെടുത്തിക്കൊണ്ട് മുന്നോട്ട് പോകാൻ സാധിക്കാത്ത അവസ്ഥയാണ് ഇപ്പോൾ ഉള്ളത്. അതായത് കൂടുതൽ ഭൂപ്രദേശങ്ങൾ കൃഷിക്കും കന്നുകാലി വളർത്തൽ തുടങ്ങിയവയ്ക്കായി വേണ്ടിവരുന്നു. അതായത്, രാജ്യത്തിന്റെ വർദ്ധിച്ചുവരുന്ന ഭക്ഷ്യോൽപ്പാദനം എന്ന ആവശ്യത്തെ തൃപ്തിപ്പെടുത്തുന്നതിനായി ഇത്തരം പ്രവൃത്തികൾ ആവശ്യമാണ്. എന്നാൽ ഭൂമിക്കുമേൽ അധികഭാരം കടുത്ത സമ്മർദ്ദത്തിലേക്കാണ് എത്തിക്കുക.

**പ്രകൃതിവിഭവങ്ങൾ**

പ്രകൃതിവിഭവങ്ങളെ ഇങ്ങനെ തരം തിരിക്കാം. പുനസൃഷ്ടിക്കാവുന്നതും അല്ലാത്തവയും. പുനസൃഷ്ടിക്കാവുന്നതിന് ഉദാഹരണമായി ജലത്തെ നമുക്കെടുക്കാം. ജലം വിവിധ രൂപങ്ങളിലേക്ക് മാറുന്നുവെന്നേയുള്ളൂ. എന്നാൽ എണ്ണ, കൽക്കരി തുടങ്ങിയവ ഇതുപോലെയല്ല അവയുടെ ഉപയോഗം വർദ്ധിക്കുമ്പോൾ അധികം വൈകാതെ അതു നഷ്ടപ്പെടും. എങ്കിലും അമിതമായ ചൂഷണം പുനസൃഷ്ടിക്കാവുന്ന വിഭവങ്ങളെയും ഇല്ലാതാക്കുമെന്നതാണ് യാഥാർത്ഥ്യം.

കാർഷികമേഖലയുമായി അടുത്തു നിന്ന് പ്രവർത്തിക്കുന്നവർക്ക് പ്രകൃതിവിഭവങ്ങളെക്കുറിച്ചും അതിന്റെ മൂല്യത്തെക്കുറിച്ചും നന്നായി അറിയാം. കാരണം അവരുടെ ജീവിതം അതുമായി ബന്ധപ്പെട്ടാണ് നിലകൊള്ളുന്നത്. എന്നാൽ ഇന്ന് കേരളം അടക്കമുള്ള ഇന്ത്യൻ പ്രദേശങ്ങൾ പലതും നഗരപ്രദേശങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. ഇതിനായി നാം സൗകര്യപൂർവ്വം വനങ്ങൾ വെട്ടിത്തെളിക്കുകയും ജീവിതത്തെ കൂടുതൽ ആസ്വദിക്കാൻ മുന്നിട്ടിറങ്ങുകയും ചെയ്തു. വനത്തിനൊപ്പം തന്നെ ജലസ്രോതസുകളിലും പ്രശ്നങ്ങൾ വന്നുകൊണ്ടിരിക്കുന്നു. സ്വാഭാവികമായ ജലസ്രോതസുകളിൽ പലതും അപ്രത്യക്ഷമായിക്കൊണ്ടിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം.

വനം, ജലം മറ്റു പ്രകൃതിവിഭവങ്ങളുടെ വ്യതിയാനം കാലാവസ്ഥയിലും മാറ്റം ഉണ്ടാകുന്നുണ്ട്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും പ്രകൃതിക്ഷോഭങ്ങളുടെ കഥകൾ നിരന്തരമായി വരുന്നത് കാണാതിരിക്കാനാവില്ല. വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ കാര്യങ്ങൾ കൂടുതൽ ശക്തമായാൽ ജീവിതം ദുഷ്ക്കരമായിരിക്കും. കൃഷി, വൈദ്യുതി, വ്യവസായം തുടങ്ങി ആധുനിക ജീവിതസൗകര്യങ്ങളിൽ വെള്ളത്തിന്റെ ഉപയോഗം വർദ്ധിച്ചുവരികയാണ്. ഭൂമിയുടെ സ്വാഭാവികമായ ശേഷിയെ സംരക്ഷിച്ചുകൊണ്ടു മാത്രമെ നമുക്ക് മുന്നോട്ട് പോകാൻ സാധിക്കൂ. പ്രകൃതിയെ ആശ്രയിക്കാതെ അഥവാ ചൂഷണം ചെയ്യാതെ നമുക്ക് ജീവിക്കാനും സാധിക്കില്ല.

ലോകം ഇപ്പോൾ വർദ്ധിച്ച പ്രാധാന്യത്തോടെ കാണുന്ന ഒരു കാര്യമാണല്ലോ ഭക്ഷ്യസുരക്ഷ. നിശ്ചിത അളവ് ഭക്ഷണം മാത്രമേ ഭൂമിക്ക് നൽകാൻ സാധിക്കുകയുള്ളൂ. ജനസംഖ്യവർദ്ധനയ്ക്കൊപ്പം എല്ലാവർക്കും ആവശ്യമുള്ളത്രയും ഭക്ഷണം ലഭ്യമാകുന്നുവെന്ന് ഉറപ്പുവരുത്തണം. പരമ്പരാഗത കൃഷിക്കാരെ സംരക്ഷിച്ചുകൊണ്ടുതന്നെ ഇതിന് പരിഹാരം കണ്ടെത്താനാവും. ഇവർക്ക് പ്രോത്സാഹനം നൽകണം. ഭക്ഷ്യദൗർലഭ്യം അനുഭവപ്പെടുന്ന സാഹചര്യത്തിൽ കൂടുതൽ ഉത്പാദനം ഉള്ള രാജ്യങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യാവുന്നതാണ്. ഇതിനായി അന്താരാഷ്ട്രതലത്തിലുള്ള ഒരു നടപടിക്രമം രൂപപ്പെടുത്തണം. അപ്പോഴും രാജ്യത്തെ കാർഷികരംഗത്തിനോട് മത്സരം ഉണ്ടാകുന്ന വിധമാകരുത് ഇറക്കുമതിനയം. ചെറുകിടകൃഷിക്കാർ തങ്ങളുടെ ജീവിതനിലവാരത്തിലുണ്ടാകുന്ന പ്രതിസന്ധിയിൽ രക്ഷനേടാൻ നഗരങ്ങളിലേക്ക് കുടിയേറുന്നു. ഇവർ അവിദഗ്ദ്ധ തൊഴിലാളികളായി മാറുകയും ചൂഷണത്തിന് വിധേയരാകേണ്ടിയും വരുന്നു.

ലോകത്ത് നിരവധി സസ്യങ്ങളെ മനുഷ്യർക്ക് ഭക്ഷ്യയോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ടെങ്കിലും ഇതിൽ പലതിനെയും നാം ആശ്രയിക്കാറില്ല. ഇവയെ കൂടി ഉപയോഗിക്കാനും അവയുടെ പരിപോഷണം കൂടി നടത്തേണ്ടതുണ്ട്. ഇതിലൂടെ ജൈവവൈവിധ്യങ്ങളെ സംരക്ഷിച്ചുനിർത്താനും സാധിക്കും. പരമ്പരാഗതമായ പല ഔഷധങ്ങളും ഇത്തരത്തിൽ പെടും. ആധുനികജീവിതത്തിൽ ഇവയുടെ ആവശ്യം കൂടിവരികയാണ്.

**ഊർജ്ജം**

ഊർജ്ജമേഖലയിൽ നാം കടുത്ത വെല്ലുവിളികൾ നേരിടുകയാണ്.

നമ്മുടെ പ്രധാന ഊർജ്ജ ഉറവിടം സൂര്യനാണ്. നാം അടക്കമുള്ള ജീവജാലങ്ങളുടെ നിലനിൽപ്പിന് സൗരോർജ്ജം ആവശ്യമാണ്. എന്നാൽ വർദ്ധിച്ചുവരുന്ന ഊർജ്ജാവശ്യങ്ങളെ നിറവേറ്റുവാൻ തക്കതായ വിധത്തിൽ സൂര്യനെ ആശ്രയിക്കാനാവില്ല. സാമ്പത്തിക വളർച്ചയെ അടിസ്ഥാനമാക്കി നീങ്ങുന്ന ഒരു സാമൂഹ്യഘടനയിൽ ഊർജ്ജവിനിയോഗം പരമപ്രധാനമായ കാര്യമാണ്. പ്രകൃതിവാതകങ്ങൾ, കൽക്കരി, എണ്ണ, ജലവൈദ്യുതി, ആണവോർജ്ജം തുടങ്ങിയ വിവിധ മേഖലകളെയാണ് നാം ഇന്ന് ആശ്രയിച്ചുവരുന്നത്.

എന്നാൽ ഈ ഊർജ്ജ ഉറവിടങ്ങൾ പലപ്പോഴും ചില രാജ്യങ്ങളുടെ അല്ലെങ്കിൽ ശക്തികളുടെ കൈകളിൽ പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചുനിർത്താനുള്ള ബാധ്യത ഓരോ രാജ്യങ്ങൾക്കും ഏറിവരികയുമാണ്. കാറ്റിൽ നിന്നുള്ള വൈദ്യുതി, സൗരോർജ്ജം, ബയോഗ്യാസ് തുടങ്ങിയവയെ ഉപയോഗപ്പെടുത്താൻ സാധിക്കുന്നതിലൂടെ ഊർജ്ജരംഗത്ത് സ്വയം നിലനിൽപ്പ് നേടിയെടുക്കാൻ സാധിക്കും. ചെറുകിട വൈദ്യുതപദ്ധതികൾ പരിസ്ഥിതിക്ക് പ്രശ്നങ്ങൾ ഉണ്ടാക്കുന്നില്ല. മാത്രമല്ല സാമൂഹികമായ പ്രതിസന്ധികൾ നിർമ്മാണഘട്ടങ്ങളിൽ ഉണ്ടാവുകയുമില്ല. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ സഹകരണത്തോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടത്താവുന്നതാണ്.

### പ്രകൃതിവിഭവങ്ങൾ

പ്രകൃതിവിഭവങ്ങളെ ആവശ്യത്തിന് ഉപയോഗിക്കാമെന്നതായിരുന്നു അടുത്ത കാലംവരെ മനുഷ്യന്റെ മതം. എന്നാൽ ഇതിന്റെ പരിധി വർദ്ധിച്ചാൽ പ്രകൃതിക്കും പ്രതിസന്ധിയാകുമെന്ന് ഇപ്പോൾ തിരിച്ചറിഞ്ഞുതുടങ്ങിയിരിക്കുന്നു. അതുകൊണ്ടുതന്നെ ആധുനികജീവിതത്തിന്റെ ഓട്ടത്തിനിടയിലും നാം പ്രകൃതിവിഭവങ്ങളെ സംരക്ഷിച്ചുനിർത്തണമെന്നത് പ്രധാനമായിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ രംഗത്ത് ഉണ്ടാക്കുന്ന നയങ്ങൾ ഏറെയാണ്. സംസ്ഥാന സർക്കാരിന്റെ കാവുകൾ സംരക്ഷിക്കാനുള്ള പരിപാടി ഇതിന്റെ ഭാഗമായി കാണാം. ഈ പ്രയത്നത്തിൽ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്കും വ്യക്തികൾക്കും താഴെപ്പറയുന്ന പ്രകാരമുള്ള പദ്ധതികളും പരിപാടികളും ഏറ്റെടുത്ത് നടപ്പിലാക്കാവുന്നതാണ്.

1. സംയോജിത വനപരിപാലനം നടപ്പിലാക്കുക. ഇതിലൂടെ ജനവിഭാഗങ്ങൾക്ക് വനവിഭവങ്ങളോടുള്ള ബഹുമാനം വളർത്താൻ സാധിക്കും. മാത്രമല്ല, ഇതിന്റെ പ്രയോജനങ്ങൾ ആ മേഖലയ്ക്ക് ഗുണകരമാവുകയും ചെയ്യും.
2. തടയണകൾ സ്ഥാപിക്കുക വൻകിട അണക്കെട്ടുകൾ കൂടുതൽ പ്രയോജനം നൽകുന്നുവെന്നതുപോലെ തന്നെ അവമൂലമുള്ള ബാധ്യതയും ഏറെയാണ്. ചെറുതടയണകളിലൂടെ കാർഷികാവശ്യങ്ങൾക്കും മറ്റുമുള്ള ജലം സംഭരിക്കാൻ സാധിക്കും.
3. വീടുകളിൽ അടുക്കളത്തോട്ടങ്ങൾ നിർബന്ധിതമാക്കുക. ഇതിന്റെ പ്രാരംഭ നിർദ്ദേശങ്ങൾ തദ്ദേശസ്ഥാപനങ്ങൾ നൽകണം. വീടുകളിൽനിന്നും ഒഴുക്കിക്കളയുന്ന പാഴ്ജലം ഇതിന് മതിയാവും.
4. ചെറുകിട ജലവൈദ്യുത പദ്ധതികൾ സാധ്യമായ ഇടങ്ങളിൽ സ്ഥാപിക്കാനുള്ള സാധ്യത പരിശോധിക്കുക. ഇത്തരത്തിലുള്ള പദ്ധതികൾക്ക് വലിയ തയ്യാറെടുപ്പുകൾ ആവശ്യമാണ്.
5. സൗരോർജ്ജം ഉപയോഗിക്കുക. സൗരോർജ്ജലാമ്പുകളും മറ്റും വിതരണം ചെയ്തുകൊണ്ടും ഇവയുടെ പ്രാധാന്യമറിയിക്കുന്ന കാമ്പയിൻ പ്രവർത്തനങ്ങളിലൂടെയും ഈ രംഗത്ത് മാറ്റം വരുത്താൻ സാധിക്കും. മാത്രമല്ല, സാധാരണ ബൾബുകൾക്കു പകരം ട്യൂബ്ലൈറ്റുകളും സി.എഫ്. എല്ലുകളും ഉപയോഗിക്കുക.
6. ജലമലിനീകരണവും അനധികൃതമണലൂറ്റും തടയുക. ഇതിനായി ജനകീയസമിതികൾ ഉണ്ടാക്കി പ്രവർത്തിക്കാവുന്നതാണ്.





സുസ്ഥിരമായ ജീവിത സാഹചര്യമാണ് നാം ലക്ഷ്യമിടുന്നത്. വർദ്ധിച്ചുവരുന്ന ജീവിതപ്രശ്നങ്ങൾക്കിടയിൽ പ്രകൃതിയെ കുറിച്ചും നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇല്ലെങ്കിൽ നാളെയെന്നത് ഒരു മിഥ്യയായി മാറുമെന്നത് തീർച്ച. ■



# നിയമവാഴ്ച
## ജനാധിപത്യത്തിന്റെ മുഖമുദ്ര

ജോൺ എസ്. ജയിംസ്



സാമാന്യബുദ്ധി അടുക്കിപ്പെറുക്കിവച്ചത് നിയമം-അതിനാൽ സാമാന്യബുദ്ധിക്ക് നിരക്കാത്തത് നിയമത്തിനു പൊറുക്കാനാവില്ല. നാലുപേർ കേട്ടാൽ നിരക്കാത്ത കാര്യങ്ങൾ നിയമത്തിനുമുന്നിലും നിരക്കുന്നതല്ല. അതുകൊണ്ടാണ് ധാർമ്മികമായി ശരിയല്ലാത്ത കാര്യങ്ങൾ പൊതുവേ നിയമത്തിനു മുന്നിലും ശരിയല്ല എന്നുവരുന്നത്. അതുപോലെ ഒരു ശരാശരി പൗരന് ഉണ്ടായിരിക്കേണ്ട ധാർമ്മികബോധം നിയമത്തിനും നിയമം നടപ്പാക്കുന്ന അധികാരിക്കും ആവശ്യം ഉണ്ടായിരിക്കേണ്ടതുണ്ട്.

ജനാധിപത്യ സംവിധാനത്തിൽ നിയമം ജനങ്ങൾ ഉണ്ടാക്കുന്നു; നിലവിലുള്ള നിയമങ്ങൾ ജനാഭിലാഷപ്രകാരം ഭേദഗതി ചെയ്യപ്പെടുകയും ചെയ്യുന്നു. ഈ നിയമങ്ങൾ പ്രകാരം രാജ്യഭരണം ക്രമപ്പെടുത്തുകയാണ് ജനാധിപത്യ സർക്കാരുകൾ ചെയ്യുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഉൾപ്പെടെ നിയമാനുസൃതമുള്ള ഭരണം ക്രമപ്പെടുത്തുകയാണ് നിയമവാഴ്ചകൊണ്ട് ഉദ്ദേശിക്കുന്നത്. അതിനാൽ നിയമവാഴ്ചതന്നെയാണ് ജനാധിപത്യ സംവിധാനത്തിന്റെ മുഖമുദ്ര.

നിയമം അധികാരസ്ഥാനങ്ങളെ സൃഷ്ടിക്കുന്നു. ഈ അധികാരസ്ഥാനങ്ങളാകട്ടെ നിയമവാഴ്ച പ്രയോഗത്തിൽ വരുത്താൻ പ്രതിജ്ഞാബദ്ധമാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഭരണക്രമം നിയമബന്ധിതമാണ്. ജനപ്രതിനിധികൾ നിർവ്വഹണ ഉദ്യോഗസ്ഥർ എന്നിവർ കയ്യാളുന്ന അധികാരസ്ഥാനങ്ങൾ, ഭരണനിർവഹണത്തിൽ പാലിക്കേണ്ട നിയമവ്യവസ്ഥകളെപ്പറ്റിയും നിയമസംബന്ധിയായ ആചാരമര്യാദകളെപ്പറ്റിയും തികച്ചും ബോധവാന്മാരായിരിക്കേണ്ടതുണ്ട്. എങ്കിൽമാത്രമേ ഭരണനിർവ്വഹണം കുറ്റമറ്റതും ജനോപകാരപ്രദവും ആയിത്തീരുകയുള്ളൂ.

> “ജനങ്ങൾ ചോദ്യം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനാൽ ഉദ്യോഗസ്ഥരും അധികാരസ്ഥാനീയരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ നിയമസാക്ഷരത നേടണം. ആരും പഠിപ്പിക്കാനായി കാത്തിരിക്കേണ്ട ഒരു വിഷയമല്ലിത്. ഓരോരുത്തരും കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഉള്ള നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും ബന്ധപ്പെട്ട നിയമപുസ്തകങ്ങളിലെ പ്രസക്തഭാഗങ്ങൾ വായിച്ചു മനസ്സിലാക്കുന്നതാണ് കരണീയം.”

ഒരു ഭരണക്രമത്തിൽ, നീതിനിർവ്വഹണത്തിനും അതിലൂടെ സാമൂഹ്യക്ഷേമത്തിനും സാമ്പത്തിക ഉന്നമനത്തിനും അഴിമതി നിർമ്മാർജ്ജനത്തിനുമായാണ് നിയമവാഴ്ച എന്നും നിലകൊള്ളുന്നത്. അധികാരസ്ഥാനീയർ എപ്പോഴും ഈ നിയമവാഴ്ചയോട് ആദരവ് പുലർത്തേണ്ടതുണ്ട്. എങ്കിൽമാത്രമേ നിയമത്തെക്കുറിച്ചും നടപടിക്രമങ്ങളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ കഴിയുകയുള്ളൂ. നിയമവ്യവസ്ഥകളുടെ പ്രസക്തിയും, പ്രയോഗവും, പ്രയോജനവും മനസ്സിലാക്കുന്നതോടുകൂടി ഇവർക്ക് നിയമത്തോടുള്ള ആഭിമുഖ്യം വളരുക തന്നെ ചെയ്യും. ഇന്ന് അധികാരത്തിലിരിക്കുന്ന ബഹുഭൂരിപക്ഷം ജനപ്രതിനിധികളും നിർവ്വഹണ ഉദ്യോഗസ്ഥരും നിയമവാഴ്ചയെ ആദരിക്കുന്നവരും നിയമവ്യവസ്ഥകളെക്കുറിച്ച് സാമാന്യമായ അവബോധം ഉള്ളവരുമാണ്. അതുകൊണ്ടാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലൂടെ ജനങ്ങൾക്ക് പ്രായേണ മെച്ചപ്പെട്ട സേവനം ലഭ്യമാകുന്നത്. നിയമകാര്യങ്ങളെക്കുറിച്ച് കൂടുതൽ അറിവ് നേടുന്നതോടുകൂടി കൂടുതൽ മെച്ചപ്പെട്ട പ്രകടനം കഴ്ചവയ്ക്കാനും സാധിക്കുന്നു. ഈ അറിവ് നേടുന്നത്, പ്രത്യേക തുടക്കമോ ഒടുക്കമോ ഇല്ലാതെയുള്ള ഒരു തുടർപ്രക്രിയയാണ്. ഒരു തീർത്ഥയാത്ര!

നിയമവ്യവസ്ഥകളെയും അവയ്ക്കു പിന്നിലുള്ള തത്വങ്ങളെയും സംബന്ധിച്ച ഒരു അവബോധം കുറഞ്ഞതോതിലെങ്കിലും ഓരോ പൗരനും അഭിലഷണീയമാണ്. ഭരണക്രമത്തിൽ സുതാര്യത ഉറപ്പാക്കാനാണ് 'അറിയാനുള്ള അവകാശം' നിയമത്തിലൂടെ സ്ഥാപിക്കപ്പെട്ടത്. 1994-ലെ നിയമഭേദഗതിയിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ ഈ അവകാശം കേരളക്കരയിൽ സ്ഥാപിതമായി. ഈ നിയമത്തിലൂടെയുള്ള പ്രയോജനം കൂടുതൽ ലഭ്യമാകുന്നതിന് പൊതുജനങ്ങൾക്ക് നിയമസാക്ഷരത ഉപകരിക്കുകതന്നെ ചെയ്യും.

ജനങ്ങൾ ചോദ്യം ചോദിക്കാൻ തുടങ്ങിയിരിക്കുന്നു. അതിനാൽ ഉദ്യോഗസ്ഥരും അധികാരസ്ഥാനീയരും അവർ കൈകാര്യം ചെയ്യുന്ന വിഷയങ്ങളിൽ നിയമസാക്ഷരത നേടണം. ആരും പഠിപ്പിക്കാനായി കാത്തിരിക്കേണ്ട ഒരു വിഷയമല്ലിത്. ഓരോരുത്തരും കൈകാര്യം ചെയ്യുന്ന വിഷയത്തിൽ ഉള്ള നിയമവ്യവസ്ഥകളും നടപടിക്രമങ്ങളും ബന്ധപ്പെട്ട നിയമപുസ്തകങ്ങളിലെ പ്രസക്ത ഭാഗങ്ങൾ വായിച്ചു മനസ്സിലാക്കുന്നതാണ് കരണീയം.

എല്ലാ നിയമങ്ങൾക്കും ബാധകമായ ചില പൊതുതത്വസംഹിതകളുണ്ട്. ഈ പൊതുതത്വങ്ങളെ നിരാകരിച്ചുകൊണ്ട് ഒരു നിയമത്തിനും നിലനിൽക്കാനാവില്ല. നീതിനിർവ്വഹണമാണ് നിയമത്തിന്റെ പരമലക്ഷ്യം എന്ന തത്വം ഒരു രജതരേഖപോലെ എല്ലാ നിയമങ്ങളിലൂടെയും കടന്നുപോകുന്നുണ്ട്. സ്വാഭാവികനീതി നിഷ്ക്കർഷിക്കുന്ന മൗലിക അവകാശങ്ങൾ ഒരു നിയമത്തിനും നിഷേധിക്കാനാവില്ല. കാര്യങ്ങളിങ്ങനെയൊക്കെയാണെങ്കിലും പല അധികാരസ്ഥാനങ്ങളും ഇത്തരം പൊതുതത്വങ്ങളെ കണക്കിലെടുക്കാതെ സാങ്കേതിക കാരണങ്ങളെ മാത്രം ആശ്രയിച്ച് തീരുമാനങ്ങൾ എടുക്കുന്നു. ഇത്തരം തീരുമാനങ്ങൾ കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതും റദ്ദാക്കപ്പെടുന്നതും സാധാരണമാണ്. ഇതിലൂടെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനും സർക്കാരിനും ഉണ്ടാകുന്ന നഷ്ടം ഭീമമാണ്. നിയമപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുമ്പോൾ ഇത്തരം പൊതുതത്വങ്ങളെക്കുറിച്ചോ, മൗലിക അവകാശങ്ങളെക്കുറിച്ചോ, നടപടിക്രമങ്ങളിൽ പാലിക്കേണ്ട കാര്യങ്ങളെപ്പറ്റിയോ സാമാന്യ വിവരമുണ്ട് എങ്കിൽ ഇത്തരം നഷ്ടം ഒഴിവാക്കാമായിരുന്നുവെന്നു വൈകി ബോദ്ധ്യപ്പെടാറുമുണ്ട്.

ഈ സാഹചര്യത്തിൽ നിയമവ്യവസ്ഥകളുടെ പിന്നിലുള്ള അടിസ്ഥാന തത്വങ്ങൾ, അവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിക്കുന്ന നിയമങ്ങളിൽ എങ്ങനെ പ്രതിഫലിക്കുന്നു എന്നീ കാര്യങ്ങളെക്കുറിച്ച് ഒരു അന്വേഷണം അധികാരസ്ഥാനങ്ങളിൽ ഇരിക്കുന്നവരും ഭരിക്കപ്പെടുന്നവരും നടപ്പാക്കേണ്ടതുണ്ട്. അത്തരം ഒരു അന്വേഷണം ഈ പംക്തികളിലൂടെ ആകാം.■

*ലേഖകൻ സെക്രട്ടറിയേറ്റ് ലോ ഡിപ്പാർട്ടുമെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്*






# ഹരിതകേരളം ഇനി ഹൈടെക് കൃഷിയിലേക്ക്...

**എം. എ. സുധീർ ബാബു**

കേരളം, കേരവൃക്ഷത്തിന്റെയും നെൽപ്പാടങ്ങളുടെയും സംസ്ഥാനമെന്നതിനു പുറമെ ഹൈടെക് കൃഷിയുടെ വിളനിലങ്ങളായി മാറാനുള്ള തിടുക്കത്തിലാണിപ്പോൾ. സംസ്ഥാന ബജറ്റിൽതന്നെ "ഹൈടെക് ഫാമിങ്ങ് (Hi-tech Farming) പ്രചരിപ്പിക്കുന്നതിനും ഗ്രീൻഹൗസ് (ഹരിതഗൃഹങ്ങൾ) നിർമ്മിച്ച് എല്ലാ പഞ്ചായത്തുകളിലും യുവതലമുറയെ കാർഷികരംഗത്തേക്ക് ആകർഷിപ്പിക്കുന്നതിനും പ്രത്യേകമായ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്.

ഹൈ-ടെക്ക് കൃഷിയിൽ, കേരളം കടന്നുവന്നിട്ടേയുള്ളൂ. എന്നാൽ ഈ രംഗത്ത് വിപ്ലവകരമായ നേട്ടങ്ങൾ നമുക്കും നിഷ്പ്രയാസം കൊയ്തെടുക്കാം. ഹൈ-ടെക് കൃഷി നമ്മുടെ പരമ്പരാഗതമായ കൃഷി സമ്പ്രദായത്തിനെതിരല്ല. "ഹൈ-ടെക്" എന്ന പേരു കേൾക്കുന്നയവസരത്തിൽ ഈ രീതി സാധാരണകാർക്ക് ചെയ്യാവുന്നതല്ലായെന്ന ധാരണ തീർത്തും അടിസ്ഥാനരഹിതവും തെറ്റായതുമായ ധാരണയാണ്.

ഹൈടെക് കൃഷിയുമായി ബന്ധപ്പെട്ട ചില പേരുകളാണ് "പ്രിസിഷൻ ഫാമിങ്ങ്' (ക്ലിപ്ത/കൃത്യ കൃഷി) ഗ്രീൻ ഹൗസ് ഫാമിങ്ങ്, സംരക്ഷിത കൃഷി (protected Farming), മഴമറ കൃഷി (Rain Shelter Farming) എന്നിവ മിക്കവർക്കും ഇതു കേൾക്കുമ്പോൾ പല തരം സംശയങ്ങൾ വരിക പതിവാണ്. കാരണം ഇന്ന് ഇതുസംബന്ധിച്ച്, കർഷകർക്കിടയിൽ ശക്തമായ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ നടത്തിവരികയാണ്. ഇത് ശക്തിപ്പെടുത്താനും, ഗ്രാമതലത്തിൽ കാർഷിക സംരംഭങ്ങൾ ആരംഭിക്കുന്ന യുവതലമുറകൾക്ക്, അവരുടെ പഞ്ചായത്തുകളിലോ



തൊട്ടടുത്തുള്ള കൃഷി വിജ്ഞാന കേന്ദ്രങ്ങളിലോ വെച്ച് നല്ല പരിശീലനം നൽകാനും നാം ശ്രദ്ധ നൽകണം. ഇതിന് കേരളകാർഷിക സർവ്വകലാശാല, തമിഴ്നാട് കാർഷിക സർവ്വകലാശാല, സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ മിഷൻ, വി.എഫ്.പി.സി.കെ. കൃഷി വകുപ്പും എന്നിവ സംയുക്തമായി പരിശീലനപരിപാടികൾ നടപ്പിലാക്കിയാൽ നമ്മുടെ എല്ലാ പഞ്ചായത്തുകളിലും "ഹൈ-ടെക് ഫാമിങ്ങ് ലിറ്ററസി" (അതിനൂതന കൃഷി സാക്ഷരത) ജനകീയ വിജ്ഞാനമായി തീരും. ഇതിനുള്ള ശ്രമങ്ങൾ നടന്നുവരികയും, ചില കർഷകർ, ഇപ്പോൾത്തന്നെ ഈ സംരംഭത്തിലേർപ്പെട്ട്, വിജയപാതയിലുമാണ്. ഇത്തരത്തിൽ ഒരു മാതൃകാ സംരംഭമാണ് പാലക്കാട് ചിറ്റൂരിലെ മുൻ എം.എൽ.എയും കർഷകനുമായ കെ. കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിൽ പെരുമാട്ടി പഞ്ചായത്തിൽ നടന്നുവരുന്ന കാർഷിക മുന്നേറ്റം കൊക്കോക്കോളയ്ക്കെതിരെയുള്ള ജനകീയ സമരംകൊണ്ട് ആഗോളതലത്തിൽ അറിയപ്പെട്ട പെരുമാട്ടി ഗ്രാമം ഇന്ന് അക്ഷരാർത്ഥത്തിൽ ''ഹൈ-ടെക് ഫാമിങ്ങ് വില്ലേജ്" എന്ന തലത്തിലേക്ക് വന്നിരിക്കുകയാണ്. പെരുമാട്ടി സഹകരണ ബാങ്ക് പ്രസിഡന്റും, സംസ്ഥാന കാർഷിക നയരൂപീകരണ ചെയർമാനുമായ കൃഷ്ണൻകുട്ടിയുടെ നേതൃത്വത്തിലാണ് "പ്രസിഷൻ ഫാമിങ്ങ് ക്ലസ്റ്റർ" എന്നാശയവും നടപ്പിലായിട്ടുള്ളത്. ഇദ്ദേഹത്തിന്റെ നേതൃത്വത്തിൽ അഗ്രോ സർവ്വീസ് കേന്ദ്രവും പെരുമാട്ടിയിൽ പ്രവർത്തിച്ചുവരികയാണ്. ഭാരതത്തിലെ ഹരിതവിപ്ലവത്തിന്റെ പിതാവായ ഡോ. എം.എസ്. സ്വാമിനാഥനാണ് ഈ കേന്ദ്രം ഉദ്ഘാടനം ചെയ്തത്. അഗ്രോ സർവ്വീസ് സെന്റർ, മിക്കയിടങ്ങളിലും, നെൽകൃഷി മേഖലയിൽ മാത്രമായി ഒതുങ്ങി നിൽക്കുകയാണ് പതിവ്. എന്നാൽ ഇവിടുത്തെ കേന്ദ്രം പഴം, പച്ചക്കറി കൃഷിരംഗത്തും ഈ കേന്ദ്രം സഹായമാവുകയാണ്. ഈ നേട്ടത്തിന്റെ ചുവടുപിടിച്ചാണ് കേരളത്തിൽ ചില യുവകർഷകരും മറ്റു ചിലരും ഹൈ-ടെക് ഫാമിങ്ങിലേക്കിറങ്ങിയിരിക്കുന്നത്. ഇത്തരത്തിൽ ഒരാളാണ് വയനാട്ടിലെ യുവകർഷകനായ ഡീഗോൾ തോമസ്, താന്ന്യം പഞ്ചായത്തിലെ രാജൻ എന്നീ കർഷകർ. ഇതിനുപുറമെ നിരവധി മാതൃകകൾ കേരളമെമ്പാടും ദിവസം പ്രതി വന്നുകൊണ്ടിരിക്കുകയാണ്.

യഥാർത്ഥത്തിൽ എന്താണീ "ഹൈ-ടെക് അഗ്രികൾച്ചർ" അഥവാ "ഹൈ-ടെക്ഫാമിങ്ങ്"എന്നണാദ്യം മനസ്സിലാക്കേണ്ടത്.

കാലം തെറ്റിയ കൃഷിയും താളം തെറ്റിയ മേളവും "ഒരുപോലെ" എന്ന കാർഷിക പഴമൊഴി, പരമ്പരാഗതമായ

> കാലം തെറ്റിയ കൃഷിയും താളം തെറ്റിയ മേളവും "ഒരുപോലെ" എന്ന കാർഷിക പഴമൊഴി, പരമ്പരാഗതമായ കൃഷി സമ്പ്രദായത്തിന് യോജിച്ചതാണ്. എന്നാൽ കാലാവസ്ഥാഭേദങ്ങളും, കാലാവസ്ഥാവ്യതിയാനങ്ങളും, പ്രശ്നമില്ലാതെ, വർഷത്തിൽ മുഴുക്കെ പച്ചക്കറി-പുഷ്പവിളകൾ കൃഷിചെയ്ത്, ഇരട്ടിയിലേറെ വിളവ് നേടാനും വരുമാനം കൂട്ടാനും സഹായിക്കുന്ന ഹൈ-ടെക്ക്ഫാമിങ്ങിന്റെ ഭാഗമായവയാണ്. ഗ്രീൻഹൗസുകൾ

കൃഷി സമ്പ്രദായത്തിന് യോജിച്ചതാണ്. എന്നാൽ കാലാവസ്ഥാഭേദങ്ങളും, കാലാവസ്ഥാ വ്യതിയാനങ്ങളും, പ്രശ്നമില്ലാതെ, വർഷത്തിൽ മുഴുക്കെ പച്ചക്കറി-പുഷ്പവിളകൾ കൃഷിചെയ്ത്, ഇരട്ടിയിലേറെ വിളവ് നേടാനും വരുമാനം കൂട്ടാനും സഹായിക്കുന്ന ഹൈ-ടെക്ക്ഫാമിങ്ങിന്റെ ഭാഗമായവയാണ്. ഗ്രീൻഹൗസുകൾ, അതിനകത്തു കൃഷി ചെയ്യുന്ന വിളകൾക്കുള്ള, ആധുനിക സാങ്കേതിക വിദ്യ വഴിയുള്ള ''ക്ലിപ്തകൃഷി''-(Precision Farming), ഫെർട്ടിഗേഷൻ, പെസ്റ്റിഗേഷൻ, എന്നിവ.



ഹൈ-ടെക് കൃഷിമേഖലക്കിവിടെ നല്ല വേരോട്ടവും ജനകീയാടിത്തറയും കിട്ടാൻ വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി സാധിക്കും. "കേട്ട് പഠിക്കുന്നതും, കണ്ടു പഠിക്കുന്നതും ചെയ്തു പഠിക്കുന്നതും" എല്ലാം വ്യത്യസ്തമായ ഗുണസവിശേഷതകളാണ് നൽകുക.

"കണ്ടറിവും, ചെയ്തറിവും" ശക്തമായിരിക്കും. ആയതിനാൽ ഹൈടെക് ഫാമുകൾ നേരിട്ടു സന്ദർശിച്ച്, മനസ്സിലാക്കുന്നതും കാർഷിക വിദഗ്ധരുടെ കീഴിൽ പരിശീലനം നേടി സ്വയം ചെയ്തു വിജയിക്കുന്നതും അനിവാര്യമാണ്. "അനുഭവമാണ് യഥാർത്ഥ ഗുരു" എന്നതിനാൽ ഹൈ-ടെക് കൃഷി വിജയം വരിച്ചവരുമായി നിരന്തരം ബന്ധപ്പെട്ട്, കാര്യങ്ങൾ ഗ്രഹിക്കണം. "ഹൈ-ടെക് കൃഷി" (അതിനൂതന സാങ്കേതിക കൃഷി) യാണ് യുവാക്കളുടെ പുത്തൻ അഭിരുചി. കൃഷിഭൂമിയുടെ ലഭ്യതക്കുറവ് യുവജനങ്ങൾക്കു കൃഷിയിലുള്ള താൽപ്പര്യക്കുറവ്, സാങ്കേതിക വിദ്യകൾ സ്വീകരിക്കുന്നതിലെ വിമുഖത, തീരെ കുറഞ്ഞ ഉത്പാദനക്ഷമത, കീടരോഗനാശിനികളുടെ അമിത പ്രയോഗം, രാസവളം അമിതമായി, അശാസ്ത്രീയമായി വിനിയോഗിക്കുക, കൃഷിപ്പണിക്ക് ആളുകളെ യഥാസമയത്ത് കിട്ടാതിരിക്കുക, എന്നീ പ്രശ്നങ്ങൾ ഒഴിവാക്കാൻ ഏറെ സഹായകരമാണ്. "ഹൈ-ടെക്" കൃഷിരീതി. ഇതിനോടൊപ്പം പരമ്പരാഗതരായി ചെയ്യുന്ന കാർഷിക വിളകളും നിലനിർത്തിയാലേ ശരിയായ "ഭക്ഷ്യ സുരക്ഷയും, ഭക്ഷ്യ സുഭിക്ഷയും" നേടാൻ പറ്റുകയുള്ളൂ.

ഗ്രാമതലത്തിൽ തരിശിടാതെ എല്ലാ നെൽപ്പാടങ്ങളും നെൽകൃഷിയിറക്കി, ഭക്ഷ്യ ഭദ്രതയുറപ്പാക്കുകയും ഇതോടൊപ്പം മറ്റു വിളകൾ പ്രത്യേകിച്ച് പച്ചക്കറി-പുഷ്പവിളകൾ ഹൈ-ടെക്ക് ഗ്രീൻഹൗസുകളിൽ കൃഷിയിറക്കുകയും ചെയ്താൽ " കാർഷിക സുഭിക്ഷത" നേടാൻ പറ്റും.

നമ്മുടെ നാട്ടിൽ, പഴം-പച്ചക്കറികൾ കൃഷിയിറക്കി വരുന്നുണ്ടെങ്കിലും ഇവിടുത്തെ ജനതയുടെ മുഴുവൻ ആവശ്യവും നിറവേറ്റാൻ ഇപ്പോഴും നാം മറ്റു സംസ്ഥാനങ്ങളെയാശ്രയിച്ചു വരികയാണ്. ഇത് പഴം-പച്ചക്കറിയുടെ കാര്യത്തിലും, മുല്ലപ്പൂ, റോസ്, മല്ലികപ്പൂവ്, വാടാർമല്ലി, ഗ്ലാഡിയോലസ്, കനകാമ്പരം എന്നു വേണ്ട സകലമാന പൂക്കളുടെ കാര്യത്തിലും നാം മറ്റുള്ളവരെയാശ്രയിച്ചു വരികയാണ്.

ഗ്രാമതലത്തിൽ പുഷ്പകൃഷി പ്രചരിപ്പിക്കുന്നതിലൂടെ ഓണം മറ്റാവശ്യത്തിന് നമുക്കിവിടുത്തെ പൂക്കൾ പറിച്ചെടുക്കാം. ഇവിടെയെല്ലാം ഹരിതഗൃഹ കൃഷിയുടെ പ്രസക്തി ഏറിവരികയാണ്.

"കുറഞ്ഞ സമയം കൊണ്ട് കുറച്ചു സ്ഥലത്തുനിന്ന്, കൂടുതൽ വിളവും കൂടുതൽ വരുമാനവും" എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിനെല്ലാം പ്രതിവിധിയാണ് "ഹൈ-ടെക് കൃഷി രീതി" എന്നതും ഏറെ ദേഹാദ്ധ്വാനമില്ലാതെയും, കഠിനമായ പ്രവർത്തിയില്ലാതെയും എന്നാൽ നൂതന സാങ്കേതിക വിദ്യ കൃത്യമായി വിനിയോഗിച്ച് വിളവ് കൂട്ടാനും ഇതു സഹായിക്കുന്നു.

ഇസ്രായേലിൽ ഏറെ വിജയിച്ച ഫലപ്രദമായ കാർഷിക വിള മാനേജ്മെന്റ് വഴി, കൃഷിയിൽ നിന്ന് മികച്ച ആദായം ലഭ്യമാക്കുക? ഫലപ്രദമായ, മണ്ണ്, ജലം, വിള മാനേജ്മെന്റ് എന്ന ഘടകവും ഇതിലുണ്ട്. ഭക്ഷ്യ സുരക്ഷ (Food security) ഉറപ്പാക്കാൻ സമഗ്രമായ സമീപനമാവശ്യമാണല്ലോ ഇതിലൊന്നാണ് " ഹൈ-ടെക് ഫാമിങ്ങും പ്രിസിഷൻ ഫാമിങ്ങും'' എന്നതിൽ തർക്കമില്ല. കൃഷിയിടത്തിന്റെയും, ജലത്തിന്റെയും ലഭ്യത, ദിനം പ്രതി ക്ഷയിച്ചുവരുന്ന പ്രവണതയ്ക്ക് കടിഞ്ഞാണിടണം. ശരിയായ വിധത്തിലുള്ള കൃഷിയിട ജല മാനേജ്മെന്റ് ക്ലിപ്ത കൃഷിവഴി പറ്റും.



കാര്യക്ഷമമായ ആസൂത്രണവും, വിശദമായ പദ്ധതി രൂപപ്പെടുത്തലും, കാര്യക്ഷമമായും, കൃത്യതയോടെയുള്ള നടത്തിപ്പും, ഇതിന്റെ വിജയ ഘടകങ്ങളാണ്.

സംരക്ഷിത കൃഷിക്ക് വ്യത്യസ്ത വലിപ്പവും, തരത്തിലുള്ളതുമായ "ഗ്രീൻ ഹൗസുകൾ" (ഹരിതഗൃഹങ്ങൾ) ആവശ്യമാണ്.

പ്രകൃതിയിലെ സാധാരണ അന്തരീക്ഷത്തിൽ നിന്ന് ഏറെ വ്യത്യാസമുള്ള അന്തരീക്ഷമായിരിക്കും, ഗ്രീൻഹൗസിനകത്തുള്ളത്. സംരക്ഷിത കൃഷിയിൽ അന്തരീക്ഷത്തിലെ താപനില, പ്രകാശത്തിന്റെ തീവ്രത പ്രകാശ ദൈർഘ്യം,

വായുവിലടങ്ങിയിരിക്കുന്ന വ്യത്യസ്ത മൂലകങ്ങളുടെ തോത്. എന്നിവ മുഖ്യമാണ്. ഇവ വഴി ഉത്പ്പാദനക്ഷമത ക്രമാതീതമായി കൂടുന്നു. ഇതിൽ, സൂക്ഷ്മ ജലസേചനം (Micro-Irrigation) മണ്ണ്-ഇല്ലാതെയുള്ള കൃഷി (ഹൈഡ്രോപോണിക്സ്), ജലസേചനം വഴി രാസവളം ചേർക്കുന്ന രീതി (ഫെർട്ടിറിഗേഷൻ), എന്നിവയെല്ലാം അവിഭാജ്യ ഘടകങ്ങളാണ്.

"ആവശ്യം സൃഷ്ടിയുടെ മാതാവ്" എന്ന ചൊല്ല്, നമ്മുടെ നാട്ടിലും ഇന്നത്യാവശ്യമാണ്. കൃഷിയിട വിസ്തൃതി കുറയുന്നതിനാലും, കാർഷിക ജോലിക്കാരെ ലഭിക്കാത്തതിനാലും, കുറഞ്ഞ സ്ഥലത്തുനിന്ന് കൂടിയ വിളവുത്പ്പാദിക്കുന്ന ഹൈ-ടെക് രീതി നാം പ്രചരിപ്പിക്കേണ്ടതത്യാവശ്യമാണ്. ഹൈ-ടെക് ഫാമിന്റെ ഹരിതഗൃഹങ്ങൾക്ക് പ്രാധാന്യമുണ്ട്. കാലാവസ്ഥ ഭേദമില്ലാതെ, ഏതു കാലത്തും എല്ലാ പച്ചക്കറി വിളകളും ഇതിനകത്ത് നടാം.........

ഹരിതഗൃഹങ്ങളിൽ മണ്ണില്ലാതെ ചകിരി, കമ്പോസ്റ്റ്, നെല്ലിലെ ഉമി, ചില പോഷക-രാസലായിനി എന്നിവയിലും ചെടികൾ നടാവുന്ന സാങ്കേതികവിദ്യ ലഭ്യമാണ്.

ഹരിതഗൃഹ കൃഷി ഭാരതത്തിൽ തന്നെ പ്രചാരംനേടിവരുന്നയവസ്ഥയിലാണ്. ഇതിൽ തണൽ വലയുപയോഗിച്ചുള്ള ഗൃഹങ്ങളും, വലിയ തോതിലുള്ള ഹരിത ഗൃഹങ്ങളും പ്രചാരം നേടിയിട്ടുണ്ട്. ഹരിതഗൃഹത്തി (ഗ്രീൻഹൗസ്) നകത്തെ അന്തരിക്ഷം, അതിന്റെ രൂപകല്പനയെയും, ക്രമീകരണത്തെയും ആശ്രയിച്ചിരിക്കും. കൃഷിയിറക്കാനുദ്ദേശിക്കുന്ന സസ്യം, അതിന്റെ വിപണന സാധ്യത, നല്ല വില, എന്നിവയ്ക്കനുസരിച്ച് എത്ര വലിപ്പമുള്ള ഗൃഹങ്ങൾ വേണമെന്നും; ഏതെല്ലാം വിളകൾ, ഏതുമാസം നടണം, ഇത്യാദികാര്യങ്ങൾ ആസൂത്രണം ചെയ്യണം.

ഹരിതഗൃഹം, നമ്മുടെ ആവശ്യമനുസരിച്ച്, പല ആകൃതിയിലും പല വലിപ്പത്തിലും, വിവിധതരം നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുണ്ടാക്കാം........ ഉയർന്ന സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്ന ചെലവേറിയ സംവിധാനങ്ങൾക്കൊപ്പം ലളിതവും ചെലവു കുറഞ്ഞതുമായ മാതൃകകളും (Models), ഇന്നു ലഭ്യമാണ്.

> "കുറഞ്ഞ സമയം കൊണ്ട് കുറച്ചു സ്ഥലത്തുനിന്ന്, കൂടുതൽ വിളവും കൂടുതൽ വരുമാനവും" എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം. ഇതിനെല്ലാം പ്രതിവിധിയാണ് "ഹൈ-ടെക് കൃഷി രീതി"

ജി.ഐ. (ഗാൽവനൈസ്ഡ് അയേൺ) പൈപ്പു കൊണ്ടോ, കോൺക്രീറ്റ് അല്ലെങ്കിൽ ഇഷ്ടികയുപയോഗിച്ചുള്ള തൂൺ, ഉരുക്ക് മേൽക്കൂര, ഇവയുപയോഗിച്ച് ഹരിതഗൃഹ ചട്ടക്കൂട് (Frame/Structure) ഉണ്ടാക്കാം.

ചെലവു കുറഞ്ഞ തരത്തിന് നമ്മുടെ നാടൻ മുള, ചൂളമരം (കാറ്റാടി), കമുക്, എന്നിവ ഉപയോഗിക്കാം.

ഹരിതഗൃഹങ്ങളുടെ (Green House) വശങ്ങളും, മേൽക്കൂരയും, വയ്ക്കുന്നതിന്, "യു.വി. സ്റ്റെബിലൈസ്ഡ് പോളിഎത്തിലീൻ ഷീറ്റുകൾ" (U.V. Stabilized polythylene sheets) ഉപയോഗിച്ചു വരുന്നു. ഇത്തരം ഷീറ്റുകൾ അൾട്രാവയലറ്റ് രശ്മികൾ, ഹരിതഗൃഹത്തിനുള്ളിലേക്ക് കടത്തിവിടാത്തതിനാൽ ചെടികൾ നല്ല ആരോഗ്യത്തോടെ വളരുന്നു.

ഹരിതഗൃഹങ്ങളിൽ, അൾട്രാവയലറ്റ് രശ്മികളില്ലാത്തതിനാൽ, ചിലയിനം ബാക്ടീരിയകൾ, കുമിളകൾ, എന്നിവയുടെ പ്രവർത്തനശേഷി കുറയുന്നതിനും, തത്ഫലമായി ഇവയുടെ ആക്രമണവീര്യം ഇല്ലാതാവുന്നതിനും സഹായിക്കും.

ഹരിതഗൃഹത്തിലെ ലഭ്യമായ ഒരു യൂണിറ്റ് സ്ഥലത്തുനിന്ന് ഒരു യൂണിറ്റ് ജലം കൊണ്ട്, സാധാരണ രീതിയിൽ കിട്ടാവുന്ന വിളവിന്റെ പതിൻമടങ്ങ് വർദ്ധിപ്പിക്കാം.

ഹരിതഗൃഹത്തിലെ വിളകളിലൂടെ ലഭിക്കുന്ന വിളവ്, തുറന്ന സ്ഥലത്തെ കൃഷിയിൽ നിന്നുള്ളതിന്റെ നാലിരട്ടിവരെയാകാം. ഗുണമേന്മയേറിയ പച്ചക്കറികൾ ഫലങ്ങൾ, പൂക്കൾ, എന്നിവ ഗൃഹത്തിനുള്ളിലെ കൃഷിവഴിക്കിട്ടും.

കേരളത്തിലേക്കിണങ്ങിയ ഹരിതഗൃഹകൃഷിക്കാവശ്യമായ ചെലവു കുറഞ്ഞ രീതി കേരളകാർഷിക സർവകലാശാല തയ്യാറാക്കിയിട്ടുണ്ട്. ഹരിതഗൃഹ കൃഷിക്ക് നല്ല സഹായമാണ് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ചെയ്തു വരുന്നത്. നമ്മുടെ നാട്ടിൽ ഹൈ-ടെക് രീതിയിലൂടെ, തക്കാളി, മുളക്, കാപ്സിക്ക, പയർ, വെള്ളരി, മുള്ളൻവെള്ളരി എന്നിവയെല്ലാം ചില കർഷകർ ഉത്പ്പാദിപ്പിച്ച് വിജയിച്ചിട്ടുള്ളതാണ്. വയനാട്ടിലെ ഡീഗോൾ, താന്ന്യത്തെ രാജൻ, എന്നിവരുടെ പേരുകൾ ഇതിൽ മുന്നിലാണ്.

എന്തായാലും ഹൈ-ടെക് ഫാമിങ്ങിലൂടെ സമീപഭാവിയിൽ "ഹരിതകേരളം; ഹരിതഗൃഹ കൃഷിയിലൂടെ മികച്ച നേട്ടം, സ്വായത്തമാക്കുമെന്നുതന്നെ നമുക്കാശിക്കാം."

ഹൈ-ടെക് കൃഷിക്ക് താൽപ്പര്യമുള്ളവർ ആദ്യം ഈ രീതി ചെയ്യുന്ന കർഷകരെ നേരിട്ടു സന്ദർശിച്ച് ചോദിച്ചറിയുക. പിന്നീട് വിദഗ്ധ പരിശീലനത്തിനായി കാർഷിക വിദഗ്ധരുമായി നേരിട്ടു ബന്ധപ്പെടണം. എല്ലാ വിധ സഹായങ്ങൾക്കും സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കർഷകർക്കൊപ്പമുള്ളത് നമുക്ക് നല്ല കുരുത്തുമാണ്.■

*ലേഖകൻ പട്ടാമ്പി, സോയിൽ സർവ്വെ ഓഫീസറാണ്.)*



# ഇ-ഗവേണൻസ് വാർത്തകൾ
## E- Governance News

### കട്ടപ്പന ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കമ്പ്യൂട്ടർവൽക്കരണത്തിലൂടെ ഇ-ഗവേണൻസ് പ്രവർത്തനങ്ങൾക്ക് കേരളത്തിന് മാതൃക



കട്ടപ്പന ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ കമ്പ്യൂട്ടറൈസേഷൻ പ്രഖ്യാപനവും ഇ-ഗവേണൻസ് സേവനങ്ങൾ, ഇ-പേയ്മെന്റ് എന്നിവയുടെ ഉദ്ഘാടനവും കട്ടപ്പന ഗ്രാമപഞ്ചായത്ത് സുവർണ്ണ ജൂബിലിയോടനുബന്ധിച്ച് 2012 ഒക്ടോബർ 5 ന് പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പ് മന്ത്രി ഡോ. എം.കെ. മുനീർ നിർവ്വഹിച്ചു. പി.റ്റി. തോമസ് എം.പി, റോഷി അഗസ്റ്റിൻ എം.എൽ.എ, എം.റ്റി. തോമസ് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ ജൂബിലി ആഘോഷങ്ങളുടെ വിവിധ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. ജനപ്രതിനിധികൾ, ഉദ്യോഗസ്ഥ പ്രമുഖർ, പൊതുജനങ്ങൾ, മാധ്യമങ്ങൾ തുടങ്ങിയ വൻ സദസ്സ് ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.

വസ്തു നികുതി ഒടുക്കുന്നതിനുള്ള ഇ-പേയ്മെന്റ് സംവിധാനം, പൊതുവിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗ്, വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്തെടുക്കുന്ന ജനന-മരണ-വിവാഹ സർട്ടിഫിക്കറ്റുകൾ, ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എസ്.എം.എസ് അലെർട്ട് സംവിധാനം, കമ്പ്യൂട്ടർവൽകൃത ജനസേവനകേന്ദ്രം തുടങ്ങിയ സേവനങ്ങൾ ഇടുക്കി ജില്ലയിലെ ആദ്യ സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത ഗ്രാമപഞ്ചായത്തായ കട്ടപ്പനയിൽ ലഭ്യമായിട്ടുണ്ട്. ഇതോടുകൂടി പൊതുജനങ്ങൾക്ക് പഞ്ചായത്തിൽ നിന്നുള്ള വിവിധ സേവനങ്ങൾ ഇന്റർനെറ്റ് വഴി ലഭ്യമാക്കാൻ കഴിയുന്നു.

### കാസറഗോഡ് ജില്ലയിൽ പൊതുവിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗ് സമ്പൂർണ്ണമായി

കാസറഗോഡ് ജില്ലയിലെ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും പൊതുവിവാഹ രജിസ്ട്രേഷൻ ഇ-ഫയലിംഗ് സൗകര്യം ലഭ്യമാക്കി. ഈ സംവിധാനം പൂർണ്ണമായി നടപ്പിലാക്കിയ ഇന്ത്യയിലെ ആദ്യ ജില്ലയാണ് കാസറഗോഡ്.

### കെട്ടിടനിർമ്മാണ പെർമിറ്റ്-സങ്കേതം സോഫ്ട്വെയർ വിന്യാസം

കോഴിക്കോട് ജില്ലയിലെ കെട്ടിട നിർമ്മാണ പെർമിറ്റ് നിയമം ബാധകമായ മുഴുവൻ പഞ്ചായത്തുകളിലും സങ്കേതം സോഫ്ട്വെയർ പൈലറ്റ് അടിസ്ഥാനത്തിൽ നവംബർ മാസത്തിൽ വിന്യസിക്കുന്നതാണ്.

### കാസറഗോഡ് ജില്ലയ്ക്ക് പുറമേ പത്തനംതിട്ട ജില്ലയിലും സാംഖ്യ (ഡബിൾ എൻട്രി അക്കൗണ്ടിംഗ്) പൂർണ്ണമായി.

പത്തനംതിട്ട ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സാംഖ്യ നടപ്പിലാക്കി. ഇതോടുകൂടി സാംഖ്യ എല്ലാ ഗ്രാമപഞ്ചായത്തുകളിലും പൂർണ്ണമായി. നടപ്പിലാക്കിയ കേരളത്തിലെ രണ്ടാമത്തെ ജില്ലയായി പത്തനംതിട്ട മാറി. സാംഖ്യ പരിശീലനം നവംബർ മുപ്പതോടുകൂടി പൂർത്തിയാകുന്നതിനാൽ സംസ്ഥാനത്തെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും 2012 ഡിസംബർ അവസാനത്തോടുകൂടി സാംഖ്യവിന്യാസം പൂർത്തിയാക്കുന്നതാണ്.



## എം – ഗവേണൻസ് കൂടുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേക്ക്

ജനന-മരണ-വിവാഹ രജിസ്ട്രേഷൻ സംബന്ധമായ അറിയിപ്പുകളും നവജാത ശിശുക്കളുടെ പ്രതിരോധ കുത്തിവെയ്പ് സംബന്ധമായ അറിയിപ്പുകളും ഫയൽ നീക്കളുടെ നിജസ്ഥിതിയും എസ്.എം.എസ്. ആയി ബന്ധപ്പെട്ടവർക്ക് നൽകുന്നതിന് വേണ്ടി ഇൻഫർമേഷൻ കേരളാ മിഷൻ പുതിയതായി ഉൾപ്പെടുത്തിയിട്ടുള്ള സംവിധാനം കൂടുതൽ തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. മുദാക്കൽ, ചെറുന്നിയൂർ, അതിയന്നൂർ, കിഴുവിലം, കാരക്കുറിശ്ശി, കൊഴിഞ്ഞാമ്പാറ, തൃക്കരിപ്പൂർ, കട്ടപ്പന എന്നീ ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെ 13 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഈ സംവിധാനം ഏർപ്പെടുത്താൻ ചുരുങ്ങിയ കാലയളവിനുള്ളിൽ കഴിഞ്ഞിട്ടുണ്ട്. കൊഴിഞ്ഞാമ്പാറ ഗ്രാമപഞ്ചായത്തിൽ എസ്.എം.എസ്., ഇ-ഫയലിംഗ് സംവിധാനങ്ങൾ നടപ്പാക്കുന്നതിന്റെ ഉദ്ഘാടനം എം.എൽ.എ, കെ. അച്യുതാനന്ദൻ നിർവ്വഹിച്ചു.

## സാമൂഹ്യസുരക്ഷാ പെൻഷുകൾ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലൂടെ

കേരളത്തിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളിലും സാമൂഹ്യ സുരക്ഷാ പെൻഷനുകൾ സേവന പെൻഷൻ സോഫ്ട്‌വെയർ ഉപയോഗിച്ച് ഇ- മണിയോഡറായാണ് വിതരണം ചെയ്തു വരുന്നത്. മുഴുവൻ ഗുണഭോക്താക്കളുടെയും ആധാർ നമ്പറുകൾ ശേഖരിച്ച് സോഫ്ട്‌വെയറിൽ ഉൾപ്പെടുത്തണമെന്നും, പെൻഷൻ വിതരണം സേവിംഗസ് ബാങ്ക് അക്കൗണ്ട്സ് മുഖേനയും കൂടി നിർവ്വഹിക്കണമെന്നും സർക്കാർ നയപരമായി തീരുമാനിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഇവകൂടി ഉൾപ്പെടുത്തിക്കൊണ്ട് സോഫ്ട്‌വെയർ പരിഷ്ക്കരിച്ചിരിക്കുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ വെട്ടൂർ, കരകുളം എന്നീ ഗ്രാമപഞ്ചായത്തുകളിലെ പെൻഷൻ വിതരണം ബാങ്ക് വഴി നിർവ്വഹിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിക്കഴിഞ്ഞു. 2013 ജനുവരി മാസം മുതൽ സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും ഈ സംവിധാനം നടപ്പിലാക്കാനാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

## ഗ്രാമപഞ്ചായത്തുകളിലെ കണക്ടിവിറ്റി സംവിധാനം പൂർണ്ണതയിലേക്ക്

നിലവിൽ 972 ഗ്രാമപഞ്ചായത്തുകളിൽ കണക്ടിവിറ്റി സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. അഞ്ചുതെങ്ങ്, മറവൻതുരുത്ത്, കാഞ്ഞിരപ്പള്ളി, കാവനൂർ, ചീക്കോട്, എരഞ്ഞോളി എന്നീ ഗ്രാമപഞ്ചായത്തുകളിൽകൂടി കണക്ടിവിറ്റി ഏർപ്പെടുത്തി 100% കണക്ടിവിറ്റി എന്ന ലക്ഷ്യം കൈവരിക്കുവാൻ ഈ മാസം തന്നെ കഴിയുന്നതാണ്.

## വെബ് അധിഷ്ഠിത സുഗമ സോഫ്ട്‌വെയർ വിന്യസിക്കൽ

സുഗമ സോഫ്ട്‌വെയർ ഉപയോഗിച്ച് തയ്യാറാക്കുന്ന പ്രോജക്ടുകളുടെ സാങ്കേതികാനുമതി ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള സംവിധാനം വിന്യസിച്ചിട്ടുണ്ട്. ഈ സംവിധാനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും വെബ് അധിഷ്ഠിത സുഗമ ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള സംവിധാനം നവംബർ മുപ്പതോടുകൂടി വിന്യസിക്കുന്നതാണ്. ■

**ഉദയഭാനു കണ്ടേത്ത്**

# പഞ്ചായത്ത് അക്കൗണ്ട്

## സംശയങ്ങളും മറുപടികളും

***? ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും കുടുംബശ്രീ സി.ഡി.എസ്. കമ്യൂണിറ്റി ഡവലപ്‌മെന്റ് സൊസൈറ്റി) പ്രവർത്തിക്കുന്നുണ്ട്. നഗരസഭകളിൽ എസ്.ജെ.എസ്.ആർ.വൈ, വാംബേ തുടങ്ങിയ പരിപാടികൾ നടപ്പാക്കുന്നത് സി.ഡി.എസ്. മുഖേനയാണ്. അതിനാൽ സി.ഡി.എസിന്റെ ബാങ്ക് അക്കൗണ്ടും പഞ്ചായത്തിന്റെ/നഗരസഭയുടെ സാംഖ്യ ഡേറ്റാബേസിൽ ഉൾപ്പെടുത്തേണ്ടത് അല്ലേ?***

ഗ്രാമപഞ്ചായത്തുകളും നഗരസഭകളും കൂടി ബന്ധപ്പെട്ട് പഞ്ചായത്ത് രാജ് സംവിധാനത്തിന്റെ ഭാഗമായിത്തന്നെയാണ് കുടുംബശ്രീ സി.ഡി.എസ്. പ്രവർത്തിക്കുന്നത്. എന്നാൽ ചാരിറ്റബിൾ സൊസൈറ്റീസ് നിയമപ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന സി.ഡി.എസിന് പ്രത്യേക നിയമാവലിയും സ്വന്തം അക്കൗണ്ടിംഗ് സംവിധാനവുമുണ്ട്. സി.ഡി.എസ് നഗരസഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രത്യേക സംവിധാനമാണ്. മറ്റൊരു സ്ഥാപനത്തിന്റെ അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ സാംഖ്യ ഡേറ്റാബേസിൽ ഉൾപ്പെടുത്താനാവില്ല.

ഗ്രാമപഞ്ചായത്തിന്റെയോ നഗരസഭയുടെയോ പരിപാടികൾ സി.ഡി.എസ് നടപ്പാക്കുന്നത് നിർവഹണ ഏജൻസി എന്ന നിലയിലാണ്. നിർവഹണ ഏജൻസിക്ക് ചെക്ക് നൽകുമ്പോൾ "നിർവഹണ ഏജൻസി അഡ്വാൻസ്" എന്ന രീതിയിൽ സാംഖ്യയിൽ രേഖപ്പെടുത്തണം. അടുത്തമാസം 5-ാം തീയതിക്കകം ചെലവ് സ്റ്റേറ്റ്‌മെന്റ് വാങ്ങി അഡ്വാൻസ് ക്രമീകരിച്ച് ചെലവ് രേഖപ്പെടുത്തണം. ഇത് ജേണൽ വൗച്ചർ വഴിയാണ് ചെയ്യേണ്ടത്.

***? നഗരസഭകളിൽ സാംഖ്യ നടപ്പാക്കിയത് 2010-11 ലാണ്. 2009-10 ലെ വാർഷിക അക്കൗണ്ടിൽ സി.ഡി.എസ്. അക്കൗണ്ടിന്റെ നീക്കിയിരിപ്പ് കൂടി ഉൾപ്പെടുത്തിയ ക്ലോസിംഗ് ബാലൻസിന് ആണ് കാണിച്ചിരിക്കുന്നത്. ഇപ്രകാരം ഉൾപ്പെടുത്തി മാന്വൽ ആയി തയ്യാറാക്കിയ 2009-10 ലെ വാർഷിക അക്കൗണ്ടാണ് ലോക്കൽ ഫണ്ട് ഓഡിറ്റിനു സമർപ്പിച്ചത്. എന്നാൽ സി.ഡി.എസ്. അക്കൗണ്ട് 2010-11 ൽ സാംഖ്യയിൽ ഉൾപ്പെടുത്തിയില്ല. അതിനാൽ മാന്വൽ സമ്പ്രദായത്തിൽ തയ്യാറാക്കിയ വാർഷിക അക്കൗണ്ടിലെ 2009-10 നീക്കിയിരുപ്പും സാംഖ്യയിലെ 2010- 11 ലെ പ്രാരംഭ ബാക്കിയും തമ്മിൽ വ്യത്യാസമുണ്ട്. ഒരു വർഷത്തെ നീക്കിയിരിപ്പ് തന്നെ അടുത്തവർഷത്തെ പ്രാരംഭ ബാക്കിയായി രേഖപ്പെടുത്തേണ്ടതല്ലേ? കുടുംബശ്രീ സി.ഡി.എസ്. അക്കൗണ്ട് സാംഖ്യയിൽ രേഖപ്പെടുത്തേണ്ടതല്ലെങ്കിൽ അതിന് ഉപപോൽബലകമായ സർക്കാർ ഉത്തരവിന്റെ നമ്പർ അറിയിച്ചുതരാമോ?***

സി.ഡി.എസ്. അക്കൗണ്ട് എന്തുകൊണ്ട് ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ സാംഖ്യയിൽ ഉൾപ്പെടുത്താൻ പാടില്ലെന്നതിന്റെ വിശദീകരണം മുകളിലെ ഉത്തരത്തിൽ നൽകിയിട്ടുണ്ട്. നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്താൻ പാടില്ലാത്ത ഒരു നീക്കിയിരിപ്പ് ഒഴിവാക്കി 2009-10 ലെ ശരിയായ നീക്കിയിരിപ്പ് (സമർപ്പിച്ച കണക്കിൽ രേഖപ്പെടുത്തിയ പ്രകാരം തന്നെ) 2010-11 ലെ പ്രാരംഭ ബാക്കിയായി രേഖപ്പെടുത്തിയെന്നേയുള്ളൂ. അതിനാൽ 2009-10 ലെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയ യഥാർത്ഥ നീക്കിയിരുപ്പ് തന്നെയാണ് 2010-11 ലെ പ്രാരംഭ ബാക്കിയായി ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ ഒരു തെറ്റുമില്ല.

ഗ്രാമപഞ്ചായത്തിന്റെയും നഗരസഭയുടെയും നിർവ്വഹണ ഏജൻസികളുടെ ബാങ്ക് അക്കൗണ്ടുകൾ ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ കണക്കിൽ ഉൾപ്പെടുത്തരുതെന്ന സാധാരണ അക്കൗണ്ടിംഗ് തത്വമായതിനാൽ ഇതിനായി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ ഉത്തരവ് കണ്ടേ തീരൂ എന്ന് ആരെങ്കിലും നിർബന്ധിക്കുകയാണെങ്കിൽ "നിർവഹണ ഏജൻസികളുടെ ബാങ്ക് അക്കൗണ്ടുകളും സാംഖ്യയിൽ ഉൾപ്പെടുത്തണം" എന്ന് അനുശാസിക്കുന്ന ഉത്തരവിന്റെ പകർപ്പു തരാൻ അവരോട് ആവശ്യപ്പെടുന്നതായിരിക്കും ഉചിതം.

*? ആദ്യ അർദ്ധവർഷം ഏപ്രിൽ 1ന് ആരംഭിച്ച് സെപ്തംബർ 30ന് അവസാനിക്കുകയാണല്ലോ. വസ്തു നികുതിയുടെ കാര്യത്തിൽ ആദ്യ അർദ്ധവർഷം ആരംഭിച്ച ഉടൻതന്നെ പിഴപ്പലിശ ഈടാക്കേണ്ടതുണ്ടോ? ഇതിന് സാവകാശം സർക്കാർ നൽകിയിട്ടില്ലേ? നവംബർ 1 മുതൽ പിഴപ്പലിശ ഈടാക്കിയാൽ മതിയെന്ന് 2000-ത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടല്ലോ?*

ഏതു സർക്കാർ ഉത്തരവ് എപ്പോൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും, നിയമത്തിൽ ഭേദഗതി വരുത്തിയിട്ടുണ്ടെങ്കിൽ ആ നിയമഭേദഗതി മാത്രമേ നിലനിൽക്കുകയുള്ളൂ. കേരള പഞ്ചായത്ത് രാജ് ആക്ടിന്റെ 203-ാം വകുപ്പ് 2009 ഒക്ടോബർ 7 മുതൽ പ്രാബല്യത്തിൽ ഭേദഗതി ചെയ്തു. ഭേദഗതി ചെയ്ത 203-ാം വകുപ്പിന്റെ 15-ാം ഉപവകുപ്പുപ്രകാരം ഒരു അർദ്ധവർഷത്തിൽ നൽകേണ്ട വസ്തുനികുതി ആ അർദ്ധവർഷത്തിന്റെ അവസാന ദിവസത്തിനകം നൽകിയിട്ടില്ലെങ്കിൽ തൊട്ടടുത്ത ദിവസം മുതൽ പിഴ ഈടാക്കേണ്ടതാണ്

*? ഒരു വർഷത്തെ വാർഷിക അക്കൗണ്ട് ലോക്കൽ ഫണ്ട് ഓഡിറ്റിനു സമർപ്പിക്കുകയും ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിക്കുകയും ചെയ്തു എന്നിരിക്കട്ടെ. പിന്നീട് ആ വർഷത്തെ എൻട്രികളിൽ എന്തെങ്കിലും തെറ്റുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടാൽ ആ വർഷത്തെ അക്കൗണ്ടിൽ തന്നെ തിരുത്തൽ വരുത്തേണ്ടതല്ലേ?*

ഒരു വർഷത്തെ അക്കൗണ്ട് പഞ്ചായത്ത് അംഗീകരിച്ച് ലോക്കൽഫണ്ട് ഓഡിറ്റിനു സമർപ്പിച്ചുകഴിഞ്ഞാൽ ആ കണക്കിൽ പിന്നീട് തിരുത്തലുകൾ വരുത്താൻ പാടില്ല. എന്നാൽ ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനുമുമ്പ് കണക്കിലെ തെറ്റുകൾ തിരുത്തി ശരിയായ റിപ്പോർട്ട് നൽകാമെന്ന് ലോക്കൽ ഫണ്ട് ഓഡിറ്റ് ആവശ്യപ്പെട്ടാൽ അപ്രകാരം തിരുത്തി കണക്ക് നൽകാവുന്നതാണ്. തെറ്റുണ്ടെന്ന് സ്വയം ബോദ്ധ്യപ്പെടുകയാണെങ്കിൽ ലോക്കൽ ഫണ്ട് ഓഡിറ്റിൽ അറിയിപ്പ് തിരികെവാങ്ങി അവരുടെ സമ്മതത്തോടെ തിരുത്തിയ റിപ്പോർട്ട് സമർപ്പിക്കാവുന്നതുമാണ്.

എന്നാൽ ഓഡിറ്റ് കഴിഞ്ഞ് ഓഡിറ്റ് സർട്ടിഫിക്കറ്റ് ലഭിച്ചുകഴിഞ്ഞാൽ ആ വർഷത്തെ കണക്കിൽ പിന്നീട് ഒരു മാറ്റവും വരുത്താവുന്നതല്ല. തന്നാണ്ടിലെ കണക്കിൽ തിരുത്തലുകൾ വരുത്തി "നോട്ട് ഓൺ അക്കൗണ്ട്സി"ൽ വിശദമാക്കിയിൽ മതി.

*? ദേശീയ തൊഴിലുറപ്പു പദ്ധതി (NREGA) സംബന്ധിച്ച ബാങ്ക് അക്കൗണ്ട് ബ്ലോക്ക് പഞ്ചായത്തിന്റെ സാംഖ്യയിൽ ഉൾപ്പെടുത്തേണ്ടതുണ്ടോ*

ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി മൂന്ന് ഓഫീസുകളുടെ ഭരണ സാരഥ്യം വഹിക്കുന്നു. (1) ബ്ലോക്ക് ഡവലപ്പ്മെന്റ് ഓഫീസ് (2) ബ്ലോക്ക് പഞ്ചായത്ത് (3) ബ്ലോക്ക് പ്രോഗ്രാം ഓഫീസ്. ബ്ലോക്ക് പഞ്ചായത്തിലേക്ക് കൈമാറ്റം ചെയ്ത ഒരു സർക്കാർ ഓഫീസാണ് ബ്ലോക്ക് ഡവലപ്മെന്റ് ഓഫീസ്. അതായത് ബ്ലോക്ക് പഞ്ചായത്തിന്റെ ഘടക സ്ഥാപനം. ജീവനക്കാരുടെ ശമ്പളം മുതലായ കാര്യങ്ങൾ കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്ന് ട്രഷറി മുഖേന പിൻവലിക്കുകയും TR 7-A കാഷ്ബുക്കിൽ രേഖപ്പെടുത്തുകയും ചെയ്യുന്നു. ദേശീയ തൊഴിലുറപ്പു പദ്ധതി നടപ്പാക്കുന്നത് ഗ്രാമപഞ്ചായത്തുകളാണ്. അതിന്റെ മേൽനോട്ടം വഹിക്കുന്ന ബ്ലോക്ക് പഞ്ചായത്ത് ഓഫീസും ബ്ലോക്ക് പഞ്ചായത്തിൽ നിന്നു വ്യത്യസ്തമായ ഒരു ഓഫീസുമാണ്.

ബ്ലോക്ക് പഞ്ചായത്തിന് ദേശീയ തൊഴിലുറപ്പു പദ്ധതിയുടെ ഫണ്ട് ലഭിക്കുന്നില്ലെന്ന് മേൽപറഞ്ഞ വിശദീകരണത്തിൽ നിന്നു വ്യക്തമാണല്ലോ. അതിനാൽ NREGA ബാങ്ക് അക്കൗണ്ട് സാംഖ്യയിൽ ഉൾപ്പെടുത്തേണ്ട കാര്യവുമില്ല.

*? ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമില്ലാത്ത പല ഹെഡ് ഓഫ് അക്കൗണ്ടുകളും സാംഖ്യയിൽ കാണുന്നുണ്ട്. ഇത് ഒഴിവാക്കികൊണ്ട് സാംഖ്യ ബ്ലോക്ക് പഞ്ചായത്തുകളിൽ വിന്യസിക്കുന്നതല്ലേ നല്ലത്?*

ത്രിതല പഞ്ചായത്തുകൾക്കും ചേർന്നുള്ളതാണ് 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം. അതുപോലെ ത്രിതല പഞ്ചായത്തുകളിൽ അക്രൂവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നടപ്പാക്കുന്നത് 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരമാണ്. ത്രിതല പഞ്ചായത്തുകൾക്കും ചേർന്നുള്ളതാണ് പ്രസ്തുത ചട്ടങ്ങളിലെ കോഡുകൾ. അതിനാൽ ഓരോ വിഭാഗം പഞ്ചായത്തുകൾ പ്രത്യേകം പ്രത്യേകം അക്കൗണ്ട്സ് കോഡുകൾ ഇല്ല; ആവശ്യമില്ല.

ബ്ലോക്ക് പഞ്ചായത്തുകൾക്ക് ആവശ്യമായ എല്ലാ കോഡുകളും ഇപ്പോൾ തന്നെ നിലവിലുണ്ട്. ആവശ്യമില്ലാത്ത കോഡുകൾ പ്രത്യക്ഷപ്പെടാത്ത രീതിയിലുള്ളവയാണ് ട്രാൻസാക്ഷേൻ ടൈപ്പുകൾ. ബ്ലോക്ക് പഞ്ചായത്തുകളുടെ ആവശ്യങ്ങളും കൂടെ മനസ്സിൽ കരുതിയാണ് അക്കൗണ്ടിംഗ് ചട്ടങ്ങളും സാംഖ്യയും രൂപകല്പന ചെയ്തിട്ടുള്ളത്.

*? പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ സർക്കാർ അക്കൗണ്ടിലേക്ക് അടയ്ക്കുമ്പോൾ സാംഖ്യയിൽ ഏത് അക്കൗണ്ട് ഹെഡിലാണ് പേയ്മെന്റ് രേഖപ്പെടുത്തേണ്ടത്?*

ശമ്പളച്ചെലവ് മാസാന്ത്യത്തിൽ രേഖപ്പെടുത്തിയപ്പോൾ താഴെപറയുന്ന ജേണൽ വൗച്ചർ ഓട്ടോമാറ്റഡ് ആയി രേഖപ്പെടുത്തിയിരിക്കും.

210 30 01 02 Pension Contribution
Permenant staff
To 350 11 01 01 Employees Liabilities
Pension Contribution payable

അടുത്ത മാസാരംഭത്തിൽ പെൻഷൻ കോൺട്രിബ്യൂഷൻ ട്രഷറിയിൽ സർക്കാർ അക്കൗണ്ടിൽ അടയ്ക്കുമ്പോൾ 350 11 01 04 Employees LIabilities - Pension Contribution

*? തുക ട്രഷറിയിൽ അടച്ചതിന്റെ പേയ്മെന്റ് ആയി 210 30 01 02 Pension Contribuion-Permenant Staff എന്ന ഹെഡിനാണ് ഡെബിറ്റ് നൽകിയത്. ഇനി എന്തു ചെയ്യാൻ സാധിക്കും?*

തന്നാണ്ടിലാണ് ഈ തെറ്റു സംഭവിച്ചതെങ്കിൽ ഒരു ജേണൽ എൻട്രി വഴി തിരുത്താവുന്നതാണ്.

350 11 01 04 Employees LIabilities - Pension Contribution Payable എന്ന ഹെഡിനാണ് ഡെബിറ്റും 210 30 01 02 Pension Contribuion-Permenant Staff എന്ന ഹെഡിന് ക്രെഡിറ്റും നൽകുക.

മുൻവർഷത്തെ തെറ്റാണെങ്കിൽ 350 11 01 04 Employees LIabilities - Pension Contribution Payable എന്ന ഹെഡിന് ഡെബിറ്റും 280 80 01 01 Prior Period Establishment expenses എന്ന ഹെഡിന് ക്രെഡിറ്റും നൽകണം.■

# വൻമതിൽ കടന്ന കാഴ്ചകൾ

എം.കെ. റഫീഖ



**കേ**ന്ദ്ര യുവജനക്ഷേമ മന്ത്രാലയത്തിന്റെ ചൈന സന്ദർശിച്ച 100 അംഗ പ്രതിനിധി സംഘത്തിലെ കേരളത്തിൽ നിന്നുള്ള ഏക വനിത ആയിരുന്ന പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എം.കെ. റഫീഖ തന്റെ ചൈനാ അനുഭവങ്ങൾ പങ്കുവെയ്ക്കുന്നു.

കേന്ദ്രയുവജനക്ഷേമ മന്ത്രാലയം സംഘടിപ്പിച്ച് ചൈന സന്ദർശനത്തിൽ ഇന്ത്യൻ പ്രതിനിധികളായി വിവിധ സംസ്ഥാനങ്ങളിൽ നിന്നും 35 വയസ്സിനുതാഴെയുള്ള 100 പേരെയാണ് തെരഞ്ഞെടുത്തത്. കേരളത്തെ പ്രതിനിധീകരിച്ച 2 പേരിൽ ഒരാളായിരുന്നു ഞാൻ. എന്നെ കൂടാതെ പത്തനംതിട്ട ജില്ലയിലെ അസിസ്റ്റന്റ് ജില്ലാ യൂത്ത് ഓഫീസർ ശരത്. എസ്. നായരും ഉണ്ടായിരുന്നു.

വളരെ പെട്ടെന്നാണ് ചൈന സന്ദർശനത്തിനായി തെരഞ്ഞെടുത്തത്. ജീവിതത്തിലെ ആദ്യ വിദേശയാത്ര ചൈനയിലേക്കായത് നൂറുശതമാനവും യാദൃശ്ചികമായിരുന്നു. ആയതിനാൽ സന്തോഷവും അതിലുപരി ആശങ്കയുമാണ് ഉണ്ടായത്. കാരണം പത്രങ്ങളിലൂടെയും പുസ്തകങ്ങളിലൂടെയും മാത്രമാണ് ഞാനും ഇതുവരെ ചൈനയെ കുറിച്ചറിഞ്ഞത്. ലോകരാജ്യങ്ങളിൽ വിസ്തൃതിയിൽ മൂന്നാംസ്ഥാനവും ജനസംഖ്യയിൽ ഒന്നാംസ്ഥാനവും ലോകാത്ഭുതങ്ങളിൽ ഒന്നായ വൻമതിലിന്റെയും നാടായ ചൈന. പാമ്പിനേയും പഴുതാരയേയും തിന്നുന്ന നാട്. കമ്യൂണിസത്തിന്റെ ചെമ്പട്ട് പുതച്ച നാട് തുടങ്ങിയ ഒട്ടേറെ വിശേഷങ്ങൾ.

ഡൽഹി എയർപോർട്ടിൽ നിന്നും ജൂലൈ 12ന് പുലർച്ചെ മൂന്ന് മണിക്കാണ് ഇന്ത്യൻ പ്രതിനിധി സംഘം യാത്ര പുറപ്പെട്ടത്. ഏഴുമണിക്കൂർ നീണ്ട യാത്ര കഴിഞ്ഞ് തലസ്ഥാനമായ ബീജിങ്ങിൽ കാലുകുത്തിയപ്പോൾ മനസ്സ് ത്രസിക്കുകയായിരുന്നു. അടിമുടി അവിശ്വസനീയത. മലപ്പുറം ജില്ലയിലെ തൂതപ്പുഴയോട് ചേർന്ന് കിടക്കുന്ന പുലാമന്തോൾ എന്ന ഉൾനാട്ടിൽ നിന്ന് ചൈന എന്ന വിദൂര രാജ്യത്ത് വന്നിറങ്ങിയതിന്റെ അമ്പരപ്പ്.

ചൈനയിലെ ജീവിത രീതികളും സംസ്കാരവും നേരിൽ പരിചയപ്പെടുകയായിരുന്നു ലക്ഷ്യം. പത്ത് ദിവസം നീണ്ടുനിന്ന ചൈനാദിനങ്ങൾ സമ്മാനിച്ചതത്രയും അപൂർവ്വവും അവിസ്മരണീ

യവുമായ അനുഭവങ്ങളാണ്.

ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്ന് തികഞ്ഞ സൗഹാർദ്ദാന്തരീക്ഷത്തിലാണ് ഇന്ത്യ-ചൈന ബന്ധം. കിഴക്കനേഷ്യയിൽ ബൃഹത്തായി പരന്ന് കിടക്കുന്ന ചൈന ഭൂമിശാസ്ത്രപരമായിതന്നെ ഒരത്ഭുതമാണ്.

## ബീജിംഗ് എന്ന വിസ്മയം

ഇന്ത്യൻ സമയത്തേക്കാൾ രണ്ടരമണിക്കൂർ മുമ്പിലാണ് ചൈനീസ് സമയം. വിമാനത്താവളത്തിൽ ഇറങ്ങിയപ്പോൾ നട്ടുച്ച. വിസ്തൃതിയും സൗകര്യങ്ങളുമായി നമ്മെ അമ്പരിപ്പിക്കുന്ന ബീജിങ്ങ് വിമാനത്താവളം. അടിമുടി ഒരു സുന്ദരിയെപ്പോലെ അണിഞ്ഞൊരുങ്ങിയിരിക്കുന്നു. വിമാനത്താവളത്തിന്റെ ഒരു ഭാഗത്ത് നിന്ന് മറുഭാഗത്തേക്ക് കടക്കുന്നതിനായി മാത്രം പ്രത്യേക ട്രെയിൻ സർവ്വീസുണ്ട്.

മൂന്ന് ദിവസമാണ് ബീജിങ്ങിൽ ഞങ്ങൾ ചെലവഴിച്ചത്. മനോഹരങ്ങളാണ് ചൈനയിലെ പാതകളും തെരുവുകളും. പ്രധാന റോഡുകൾക്കു സമീപം നടപ്പാതയും സൈക്കിൾ മാത്രം ഓടിക്കാനുള്ള പ്രത്യേക പാതയും കാണാം. റോഡുകളുടെ നടുവിലൂടെയും നടപ്പാതക്ക് സമീപവും പല നിറത്തിലുള്ള പൂന്തോട്ടം അതിലുപരി നമ്മെ അതിശയിപ്പിക്കുന്ന തരത്തിൽ റോഡിന്റെ ഇരുവശവും അതിസുന്ദരമായ മരങ്ങൾ... ശുചിത്വത്തിന്റെ കാര്യത്തിൽ ചൈന വളരെ വളരെ മുൻപന്തിയിലാണ്. റോഡുകളുടെ ഇരുവശവും വളരെ മനോഹരമായ രീതിയിലാണ് ശുചീകരണ പ്രവർത്തനങ്ങൾ നടത്തുന്നത്. രാവിലെ മുതൽ വൈകുന്നേരംവരെ ഇത്തരം ശുചീകരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരെ നമുക്ക് കാണാൻ കഴിയും. ഓരോരുത്തരും അവർ ഉപേക്ഷിക്കുന്ന മാലിന്യം എന്തുമാകട്ടെ അവ റോഡിന്റെ സൈഡിലുള്ള ഡസ്റ്റ്ബിന്നി മാത്രമാണ് ഇടുന്നത്. ഇതാണ് അതിശയിപ്പിക്കുന്ന ചൈനയിലെ ഏറ്റവും വലിയ പ്രത്യേകത.

“ഇന്ത്യയും ചൈനയും തമ്മിലുള്ള ബന്ധത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. ഇന്ന് തികഞ്ഞ സൗഹാർദ്ദാന്തരീക്ഷത്തിലാണ് ഇന്ത്യ-ചൈന ബന്ധം. കിഴക്കനേഷ്യയിൽ ബൃഹത്തായി പരന്ന് കിടക്കുന്ന ചൈന ഭൂമിശാസ്ത്രപരമായിതന്നെ ഒരത്ഭുതമാണ്.”

ചൈനീസ് വിഭവങ്ങൾക്കും വലിയ പ്രത്യേകതയാണ്. ചോറ്, നൂഡിൽസ്, പുഴുങ്ങിയ ചോളം, പച്ചക്കറികൾ, മത്സ്യം, മാംസം, ബീൻസ് എന്നിവയാണ് പ്രധാന ഭക്ഷണങ്ങൾ. ചൈനീസ് ഭക്ഷണം കഴിക്കുന്നതിനുമുണ്ട് പ്രത്യേകതകൾ. ഖരവിഭവങ്ങൾ കഴിക്കുന്നത് ചോപ്സ്റ്റിക് ഉപയോഗിച്ചാണ്. ചെറിയ രണ്ട് കോലുകളാണ് ചോപ്സ്റ്റിക്ക്. അതുപോലെ മീൻ പാചകം ചെയ്യുന്നത് മുറിക്കാതെ മുഴുവനോടെയാണ്. പാമ്പും തേളുമൊക്കെ കഴിക്കാൻകിട്ടുന്ന സ്ഥലമാണെങ്കിലും ഞങ്ങൾക്ക് ലഭിച്ച ഭക്ഷണത്തിൽ ഭാഗ്യം അതൊന്നും കണ്ടില്ല. ഹലോ എന്ന് പറയുന്നതിന് ചൈനയിൽ നീ ഹായ് എന്നാണ് ഉപയോഗിക്കുന്നത്. അപരിചിതരെങ്കിലും നീ ഹായ് പറയാതെ, ഒരു ചെറുപുഞ്ചിരി പൊഴിക്കാതെ ചൈനക്കാർ ആരും നമ്മളെ കടന്നുപോകില്ല.

ജോലിയിൽ ആൺ-പെൺ വ്യത്യാസം പേരിനുപോലുമില്ല എന്നതാണ് മറ്റൊരു കൗതുകകരമായ കാഴ്ച. ബസ്, ക്രെയിൻ ഉൾപ്പെടെയുള്ള വലിയ വാഹനങ്ങൾ ഓടിക്കുന്നതും, ഹോട്ടൽ, ഷോപ്പിങ്ങ് മാളുകൾ തുടങ്ങിയവ മുതൽ വഴിയോര കച്ചവടത്തിൽ വരെ സ്ത്രീ സാന്നിദ്ധ്യം നമുക്ക് കാണാൻ കഴിയും. അതുപോലെ വഴിയോരങ്ങളിൽ കച്ചവടം നടത്തുന്നത് കുടുംബസമേതമാണ്.



തൊഴിൽ മേഖലകളിൽ യുവജനങ്ങൾക്ക് വളരെയേറെ പ്രാധാന്യം നൽകിവരുന്നുണ്ട്. ഷാൻയാങ്ങിലെ ഏറ്റവും വലിയ ഇൻഡസ്ട്രിയൽ ഗ്രൂപ്പായ ഷാൻയാങ്ങ് ബ്ലോവർ ഗ്രൂപ്പിന്റെ ഫാക്ടറിയിൽ 350 ജോലിക്കാരിൽ 180 പേരും യുവജനങ്ങളാണ്. ഇവിടെയും ഭൂരിഭാഗം സ്ത്രീകളാണ്.

സർക്കാർ ജീവനക്കാർക്ക് ഗവൺമെന്റ് ഫ്ളാറ്റുകൾ നിർമ്മിച്ച് 3 വർഷത്തിന് ഫ്രീയായിട്ടാണ് നൽകുന്നത്. സ്വകാര്യമേഖലകളിൽ ശമ്പളം വളരെ കുറവാണ്. തുച്ഛമായ ശമ്പളത്തിനും ജോലി ചെയ്യാൻ ചൈനക്കാർ തയ്യാറാണ് എന്നത് മറ്റൊരു പ്രത്യേകതയാണ്.

കർഷകർക്ക് ഗവൺമെന്റ് ഭൂമി 15-20 വർഷത്തിനു പാട്ടത്തിന് നൽകുകയാണ് പതിവ്. ഗവൺമെന്റ് ഭൂമി ആവശ്യപ്പെടുന്ന മുറയ്ക്ക് കർഷകർ ഭൂമി തിരികെ നൽകണം.

ളിലുള്ള വൃദ്ധ-ദമ്പതികൾ വിവിധ തരത്തിലുള്ള കായിക വിനോദങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന കാഴ്ച ഞങ്ങൾ വളരെ കൗതുകത്തോടെ വീക്ഷിച്ചു.

കൃത്യനിഷ്ഠതയുടെയും അച്ചടക്കത്തിന്റെയും കാര്യത്തിൽ ചൈനക്കാരെ വെമ്പാൻ ആർക്കും കഴിയില്ല എന്നതും മറ്റൊരു പ്രത്യേകതയാണ്.

ലോകാത്ഭുതങ്ങളിൽ ഒന്നാണ് ചൈനയുടെ വൻമതിൽ. ആളുകൾ പൊതുവെ കരുതുംപോലെ നെടുനീളത്തിൽ കെട്ടിയിരിക്കുന്ന ഒരു മതിൽ. ഇത്. ബി.സി. 20ൽ നിർമ്മാണം തുടങ്ങിയ വൻമതിലിന്റെ നീളം 6325 കിലോ മീറ്ററാണ്. ഞങ്ങൾ ഇവിടെ എത്തുന്നത് ഏകദേശം 3 മണിക്കാണ്. ഒരു മണിക്കൂർ നീണ്ട യാത്ര കഴിഞ്ഞ് മുകളിലെത്തിയപ്പോൾ വളരെ കൗതുകകരമായ കാഴ്ചകൾ കണ്ടാൽ തീരില്ല. വൻമതിൽ കാഴ്ചകൾ താഴെ വന്ന് വീണ്ടും ആ കാഴ്ചകൾ ഞങ്ങളെ

വിളിയുമായായാണ്. ഇങ്ങനെയാണ് ഇവിടുത്തുകാർ അതിഥികളെ സ്വീകരിക്കുന്നത്. അന്നുതന്നെ ഇന്നർ മംഗോളിയയിലെ യൂത്ത് ഇക്കോളജിക്കൽ പാർക്കിലേക്ക് ഞങ്ങൾ പോയി. ആശ്ചര്യത്തോടെയും കൗതുകത്തോടേയുമാണ് ഞങ്ങൾ ഓരോരുത്തരും അവരുടെ പരമ്പരാഗത ആചാരങ്ങൾ വീക്ഷിച്ചത്.

യൂത്ത് ഇക്കോളജിക്കൽ പാർക്കിൽ ഇന്നർ മംഗോളിയയെക്കുറിച്ചുള്ള വ്യക്തമായ രൂപരേഖയുണ്ട്. 1970 മുതൽ 2011 വരെയുള്ള ഇന്നർ മംഗോളിയയുടെ രൂപരേഖയും 2011 മുതൽ 2020വരെ ആവുമ്പോഴേക്കും ഇന്നർ മംഗോളിയ എങ്ങനെയാവണം എന്ന വ്യക്തമായ പ്ലാനിങ്ങും അവിടെയുണ്ട്. വ്യക്തമായ കാഴ്ചപ്പാടുള്ള എഞ്ചിനീയർമാർ തയ്യാറാക്കിയ പ്ലാനിങ്ങ് അനുസരിച്ച് അവർ 2020 ആവുമ്പോഴേക്കും ആ ലക്ഷ്യം കൈവരിക്കും എന്നതാണ് ഏറ്റവും വലിയ പ്രത്യേകത.



എല്ലാവർക്കുമുള്ള വിദ്യാഭ്യാസം ആശുപത്രി ചെലവുകൾ എന്നിവ ഗവൺമെന്റാണ് വഹിക്കുന്നത്. പ്രൊഫഷണൽ കോഴ്സിന് ചേരുമ്പോൾ അതാത് വ്യക്തികൾ ചെലവ് വഹിക്കണം, ഓരോ തലത്തിലും കായിക വിദ്യാഭ്യാസത്തിന് വളരെയധികം പ്രാധാന്യം നൽകിവരുന്ന രാജ്യമാണ് ചൈന. ഒളിംബിക്സിലും മറ്റു കായിക മത്സരങ്ങളിലും ചൈനക്കാർ മെഡലുകൾ നേടുന്നതിന്റെ പിന്നിലെ വിജയരഹസ്യവും ഇതുതന്നെ. പാതയോരങ്ങളിൽ 60 വയസ്സിനു മുക

ല്ലാവരും കുറച്ച് നേരം നോക്കിനിന്നു. തിരികെ ഇറങ്ങുമ്പോൾ ഒരു കൗതുകത്തിനുവേണ്ടി വൻമതിലിന്റെ പടവുകൾ എണ്ണി 804 പടവുകൾ.

## ഇന്നർ മംഗോളിയയിലേക്ക്

ജൂലൈ 15ന് ചൈനീസ് സമയം 2 മണിക്കാണ് ഇന്നർ മംഗോളിയിയുടെ തലസ്ഥാനമായ ഹോഹോട്ടിൽ ഞങ്ങൾ വിമാനം ഇറങ്ങിയത്. ഏകദേശം 2 മണിക്കൂർ യാത്ര. ഞങ്ങളെ ഇവിടെയുള്ളവർ സ്വീകരിച്ചത് പരമ്പരാഗത പാട്ടും കുഴൽ

ഇന്നർ മംഗോളിയയിലെ ബുദ്ധമതക്കാരുടെ അമ്പലമായ ജോക്ക്ഹാങ്ങ് അമ്പലത്തിൽ ഞങ്ങൾപോയി. അവിടെ സ്വർണ്ണനിറത്തിലുള്ള ധാരാളം പ്രതിമകളും വിലപിടിപ്പുള്ള ധാരാളം വസ്തുക്കളും ഉണ്ടായിരുന്നു. ഒരു പ്രത്യേക രീതിയിലാണ് ഇതെല്ലാം സജ്ജമാക്കിയിട്ടുള്ളത്. അവിടെ ഒരു മണിക്കൂർ ഞങ്ങൾ ചെലവഴിച്ചു.

പാലും അതുമായി ബന്ധപ്പെട്ട ഉൽപ്പന്നങ്ങളും തയ്യാറാക്കുന്ന ഇന്നർ മംഗോ

ളിയയിലെ ഏറ്റവും വലിയ ബിസിനസ് ഗ്രൂപ്പായ യിലി ഗ്രൂപ്പിന്റെ വ്യവസായ സ്ഥാപനത്തിലാണ് പിന്നീട് പോയത്. ഇവിടെനിന്നും ഉൽപ്പാദിപ്പിക്കുന്ന പാൽ ഉൽപ്പന്നങ്ങളാണ് ചൈനയിൽ മൊത്തം വിറ്റഴിക്കുന്നത. ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതുമുതൽ അതിന്റെ അവസാനഘട്ടമായ പാക്കിംഗ് വരെ മെഷിനറികളാണ് എല്ലാം ചെയ്യുന്നത്. ഫാക്ടറിക്കകത്ത് കുറഞ്ഞ തോതിലുള്ള തൊഴിലാളികളാണ് ഉള്ളത്. ഇതെല്ലാം ചെയ്യുന്നത് ഒരു പ്രത്യേക രീതിയിലാണ്.

## ഷാൻയാങ്ങ് സിറ്റി

ജൂലൈ 18 ചൈനീസ് സമയം രാത്രി 8:10 നാണ് ഷാൻയാങ്ങിലെ തായേകസിയാൻ എയർപോർട്ടിൽ വിമാനം ഇറങ്ങിയത്. പിറ്റേ ദിവസം കാലത്ത് ഞങ്ങൾ ഷാൻയാങ്ങിലെ ഏറ്റവും വലിയ മ്യൂസിയമായ വേസ്റ്റ് ഫോൺട്രി സന്ദർശിച്ചു. നമ്മുടെ മ്യൂസിയങ്ങളോട് സാമ്യമുള്ളതാണെങ്കിലും ഒരു പ്രത്യേക രീതിയിലാണ് ഇവിടെ ഓരോന്നും സജ്ജീകരിച്ചിരിക്കുന്നത്. ഇവിടെ ഏകദേശം ഒന്നരമണിക്കൂർ ചിലവഴിച്ചു.

അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയിലാണ് പിന്നീട് ഞങ്ങൾ പോയത്. ഗ്രീൻ ഹൗസ് ഫാമിങ്ങ് രീതിയിലാണ് ഇവിടെ ചെടികളും മറ്റും നട്ടുപിടിപ്പിച്ചിട്ടുള്ളത്. വിത്ത് ചെറിയ ചട്ടിയിൽ മുളപ്പിച്ചത് മുതൽ പൂക്കൾ ഉണ്ടായ ഘട്ടംവരെയുള്ളത് ഞങ്ങൾക്ക് കാണാൻ കഴിഞ്ഞു. പുതിയ ഒരുപാട് തരം ചെടികളും പല വർണ്ണങ്ങളിലുള്ള പൂക്കളും അവിടെ കാണാൻ കഴിഞ്ഞു.

പിന്നീട് പോയത് ഫുഡ് പ്രൊഡക്ട്സ് ഉണ്ടാക്കുന്ന കമ്പനിയിലാണ്. ചെറുകിട കർഷകർ അവർ ഉൽപ്പാദിപ്പിക്കുന്ന ബീൻസ് മൊത്തമായി കമ്പനി വാങ്ങിക്കുകയും അത് ഒരാഴ്ച വെള്ളത്തിൽ ഇട്ടതിന് ശേഷം മുളപ്പിച്ച ബീൻസ് ഒരു പ്രത്യേകതരം യന്ത്രത്തിൽ ഇട്ട് കഴുകി വൃത്തിയാക്കുകയും അതിന് ശേഷം ഉൽപ്പന്നങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. ചൈനക്കാരുടെ ഭക്ഷണത്തിൽ ഏറ്റവും കൂടുതലായി കാണുന്ന ഒരു പ്രധാന ഇനമാണ് ബീൻസ്.

ഇൻഡസ്ട്രിയൽ ഉൽപ്പന്നങ്ങൾ എല്ലാംതന്നെ ഉണ്ടാക്കുന്ന ചൈനയിലെ ഏറ്റവും വലിയ സ്ഥാപനമായ ഷാൻയാങ്ങ് ബ്ലോവർഗ്രൂപ്പ് സ്ഥിതിചെയ്യുന്നത് ഷാൻയാങ്ങിലാണ്. പല രാജ്യങ്ങളിലേക്കും ഈ ഫാക്ടറിയിൽ നിന്നാണ് ചെറുതും വലുതുമായ യന്ത്രങ്ങളും വാങ്ങുന്നത്. ഇവിടെ ഞങ്ങളെ അമ്പരിപ്പിച്ച ഒരു കാഴ്ച ഈ ഫാക്ടറിക്കുള്ളിൽ ഉണ്ടാക്കിയ ഉപകരണങ്ങൾ ഒരു ഭാഗത്തുനിന്ന് മറുഭാഗത്തേക്ക് കൊണ്ടുപോകുന്ന വലിയ ക്രെയിനിൽ ജോലിചെയ്യുന്നത് മുഴുവൻ സ്ത്രീകളാണ് എന്നതാണ്. ആ ഫാക്ടറിക്കകത്ത് നിന്ന് അതിന്റെ ഫോട്ടോ എടുക്കാൻ പാടില്ല എന്നുള്ളതാണ് മറ്റൊരു പ്രത്യേകത.

അമ്പരപ്പിക്കുന്നതും പുതുമയുള്ളതുമായ പല കാഴ്ചകളുമാണ് ഈ മൂന്ന് സിറ്റിയിലും ഞങ്ങൾക്ക് കാണാൻ കഴിഞ്ഞത്.

21ന് ജൂലൈ 11 മണിക്ക് ഞങ്ങൾ ഷാൻയാങ്ങ് നോർത്ത് റെയിൽവെ സ്റ്റേഷനിൽ എത്തി. അവിടുത്തെ റയിൽവേ സ്റ്റേഷനും നമ്മുടെ എയർപോർട്ടും ഏകദേശം ഒരേ പോലെയാണ്. കൃത്യം 11.54 നാണ് ട്രെയിൻ പുറപ്പെട്ടത്. റെയിൽവെ സ്റ്റേഷനിൽ കണ്ട പ്രത്യേകത ട്രെയിൻ വരുന്നതിന് 15 മിനിട്ട് മുമ്പാണ് ആ പ്ലാറ്റ് ഫോമിലേക്കുള്ള ഗേറ്റ് തുറന്നത്. അതിനുശേഷം എസ്കവേറ്ററിലാണ് പ്ലാറ്റ്ഫോമിൽ എത്തിയത്. ആ ട്രെയിനിൽ യാത്ര ചെയ്യേണ്ട ആളുകൾ മാത്രമാണ് ആ പ്ലാറ്റ്ഫോമിലുള്ളത്. മറ്റു പ്ലാറ്റുഫോമുകളും കാലിയാണ്. അതുപോലെ റയിൽവേ ട്രാക്ക് കണ്ടപ്പോൾ ഞങ്ങൾ ഓരോരുത്തരും ഞെട്ടിപ്പോയി. കാരണം നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ മാലിന്യം കാണുന്നത് റെയിൽവെ ട്രാക്കിലാണ്. ഒരു സിഗരറ്റു കുറ്റിപോലും ആ ട്രാക്കിൽ കാണുന്നില്ല. എന്നതാണ് അത്ഭുതം. ഏകദേശം കേരളത്തിൽ നിന്നും ഡൽഹിയിലേക്കുള്ള ദൂരമുണ്ട് ഷാൻയാങ്ങ് സിറ്റിയിൽ നിന്നും ബീജിംഗിലേക്ക്. അത് വെറും 5 മണിക്കൂർകൊണ്ട് എത്തി എന്നതും എന്നെ അതിശയിപ്പിച്ചു.

ഷാൻയാങ്ങിൽ നിന്ന് പുറപ്പെട്ട് അഞ്ചാമത്തെ സ്റ്റേഷനായ ബീജിംഗിൽ എത്തിയത് വെറും അഞ്ച് മണിക്കൂറുകൊണ്ടാണ്. ട്രെയിൻ പോകുന്നത് മുഴുവൻ മലയോര സൈഡുകളിലൂടെയാണ്. അല്ലാതെ ഒരു റോഡിനു കുറുകെപോലും റെയിൽവെ ട്രാക്ക് ഇല്ല എന്നതും വേറൊരു പ്രത്യേകതയാണ്. ആളുകളോ മൃഗങ്ങളോ റെയിൽവെട്രാക്ക് മുറിച്ചു കടക്കാതിരിക്കാൻ റെയിൽവെട്രാക്കിന്റെ ഇരുവശവും മതിലുകൊണ്ടോ, കമ്പിവേലികൊണ്ടോ കെട്ടിയിട്ടുണ്ട്.

ബീജിംഗിൽ എത്തിയ സമയത്ത് അവിടെ ഭയങ്കര മഴയായിരുന്നു. റെയിൽവെ സ്റ്റേഷനിൽനിന്ന് പുറത്തിറങ്ങി വെറും 20 മിനുട്ടുകൊണ്ട് ബീജിംഗ് എയർപോർട്ടിൽ ഞങ്ങൾ എത്തി. ചെക്കിങ്ങ് എല്ലാം കഴിഞ്ഞതിന് ശേഷം 9 ദിവസം ഞങ്ങളുടെ കൂടെയുണ്ടായിരുന്ന ഗൈഡുകൾ എല്ലാവരും തിരിച്ചുപോയി. 8.50 നായിരുന്നു ഞങ്ങളുടെ വിമാനം പുറപ്പെടേണ്ട സമയം. കോരിച്ചൊരിയുന്ന മഴ കാരണം വിമാനം വളരെ വൈകിയാണ് പുറപ്പെട്ടത്. 7 മണിക്കൂർ നീണ്ട യാത്ര കഴിഞ്ഞ് ഡൽഹി എയർപോർട്ടിൽ ഞങ്ങൾ 4.30 മണിക്കാണ് എത്തിയത്.

ചൈനയിലെ ഓരോ സ്ഥലത്തും വികസന മ്യൂസിയങ്ങൾ കാണാം. നടപ്പാക്കികൊണ്ടിരിക്കുന്നതും 2020 ആകുമ്പോഴേക്കും നടപ്പാക്കേണ്ടതുമായ വികസനത്തിന്റെ കൃത്യമായ മാപ്പ് ഓരോ മ്യൂസിയത്തിലുമുണ്ടാകും. വ്യക്തമായ പ്ലാനോടുകൂടിയ ഈ വികസനം തന്നെയാണ് നമ്മൾ കണ്ടുപഠിക്കേണ്ട പാഠങ്ങൾ ■

*ലേഖിക പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*





# തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതികളിൽ സുതാര്യത ഉറപ്പാക്കി വേഗത്തിലാക്കും.

**ഡോ. എം.കെ. മുനീർ**
പഞ്ചായത്ത് സാമൂഹ്യക്ഷേമ വകുപ്പുമന്ത്രി

പത്തും പതിനൊന്നും പദ്ധതികളിലെ പോരായ്മകൾ പരിഹരിച്ച് പദ്ധതി ആസൂത്രണവും നിർവ്വഹണവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെത്തന്നെ ഏൽപ്പിക്കേണ്ടിവന്നത് മൂലവും വിവിധ തലങ്ങളിലെ വിദഗ്ധരുടെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ തലത്തിലുള്ള ഭാരവാഹികളുമായും പലവട്ടം കൂടിയാലോചന നടത്തി അഭിപ്രായ സമന്വയം ഉണ്ടാക്കുന്നതിനായും സ്വാഭാവികമായ കാലതാമസം നേരിട്ടു. പത്തും പതിനൊന്നും പദ്ധതി ആസൂ ത്രണ സമയത്തും, ആസൂത്രണം പൂർത്തിയായപ്പോഴും കഴിഞ്ഞ ഒരു ദശാബ്ദമായി ഡിസംബറോടുകൂടി മാത്രമാണ് യഥാർത്ഥത്തിൽ പദ്ധതി നിർവ്വഹണം ആരംഭിച്ചത്. പത്തും പതിനൊന്നും പദ്ധതികളിൽനിന്ന് വ്യത്യസ്തമായി, ദ്വിവത്സര, പഞ്ചവത്സര പദ്ധതിക്കുള്ള ശക്തമായ ചുവടുവയ്പാണ് പന്ത്രണ്ടാം പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുണ്ടായിരുന്ന വിദഗ്ധ സമിതികളെ ഒഴിവാക്കി ഉദ്യോഗസ്ഥർക്ക് തന്നെ ഉത്തരവാദിത്വം നൽകുന്ന വിധത്തിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. ചരിത്രത്തിൽ ആദ്യമായി പദ്ധതി നിർവ്വഹണത്തിലും ആസൂത്രണത്തിലും അംഗീകാരത്തിലും സുതാര്യത ഉറപ്പാക്കുന്നതിനായി വെബ് അധിഷ്ഠിതമായാണ് ഈ പ്രക്രിയ പൂർത്തിയാക്കി വരുന്നത്. തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾക്ക് കൂടുതൽ അധികാരവും അംഗീകാരവും നൽകി യഥാർത്ഥ വികേന്ദ്രീകരണം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഊട്ടിഉറപ്പിച്ച് രാഷ്ട്രപിതാവായ മഹാത്മജിയുടെ ഗ്രാമസ്വരാജ് എന്ന സ്വപ്നം സാക്ഷാത്ക്കരിക്കുന്നതിന് ഈ പ്രക്രിയയിലൂടെ കഴിയുമെന്ന് ഉറച്ച വിശ്വാസമുണ്ട്. ലോകത്തിന്റെ ഏത് കോണിൽ ഇരുന്നും ഏതൊരാൾക്കും അയാളുടെ ഗ്രാമത്തിലും നഗരത്തിലും നടപ്പാകുന്ന പദ്ധതികൾ ഒരു വിരൽ സ്പർശത്തിലൂടെ അറിയാൻ കഴിയുന്ന വിപ്ലവമാണ് ഇതിലൂടെ സാധിതമാകുന്നത്.

പദ്ധതി പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ ജില്ലാ ആസൂത്രണ സമിതിയുടെ (ഡി.പി.സി) വ്യവസ്ഥകൾ ലഘൂകരിച്ചു. ഡിപിസി യുടെ അംഗീകാരത്തിനായി പദ്ധതികൾ സമർപ്പിക്കേണ്ടതില്ല പകരം പദ്ധതി രേഖ നൽകിയാൽ മതി. പദ്ധതികൾ രണ്ട് വർഷത്തേക്ക് ഒന്നിച്ച് തയ്യാറാക്കാനും തീരുമാനമായിട്ടുണ്ട്.

ഓരോ വർഷവും ടെൻഡർ നിരക്ക് പുതുക്കിക്കൊണ്ടുള്ള പൊതുമരാമത്തിന്റെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും ഉത്തരവ് ഒരേദിവസം ഇറക്കും.

വികേന്ദ്രീകൃത ആസൂത്രണത്തെ അട്ടിമറിക്കാനാണ് സർക്കാർ ശ്രമിക്കുന്നതെന്നും തദ്ദേശസ്ഥാപനങ്ങളുമായി ആലോചിക്കാതെയാണ് പദ്ധതികൾ തയ്യാറാക്കിയതെന്നുമുള്ള ചില ആരോപണങ്ങൾ തള്ളിക്കളയുന്നു. പദ്ധതി നിർവ്വഹണവും രൂപീകരണവും ലളിതവൽക്കരിക്കാനുള്ള തീരുമാനത്തിൽ എല്ലാവരും കൂടെയുണ്ടായിരുന്നു. പല പുതിയ മാറ്റങ്ങളും പദ്ധതി പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നടപ്പിലാക്കി. തുടക്കം മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി കൂടിയാലോചിച്ചാണ് തീരുമാനങ്ങൾ എടുത്തത്. ഏതൊരു മാറ്റത്തിന്റെയും തുടക്കത്തിലുണ്ടാകുന്ന കാലതാമസം മാത്രമെ ഇപ്പോഴുണ്ടായിട്ടുള്ളൂ. ചില തെറ്റിദ്ധാരണാപരമായ പ്രചരണങ്ങൾ നടക്കുന്നുണ്ട്. ഇതിനുപിന്നിൽ ഗൂഢാലോചന ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പദ്ധതിനിർവ്വഹണം അട്ടിമറിക്കാൻ ശ്രമങ്ങളുണ്ടായാൽ കടുത്ത നടപടികൾ സ്വീകരിക്കും.

*(കോഴിക്കോട് വച്ചുനടന്ന 12-ാം പഞ്ചവത്സര പദ്ധതിയുടെ നിർവ്വഹണ ഉൽഘാടന ചടങ്ങിൽ നടത്തിയ പ്രസംഗത്തിൽ നിന്ന്)*





## 12-ാം പഞ്ചവത്സര പദ്ധതി നിർവ്വഹണം ഉദ്ഘാടനം ചെയ്തു.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ 12-ാം പഞ്ചവത്സര പദ്ധതിയുടെ സംസ്ഥാനതല നിർവ്വഹണ ഉദ്ഘാടനം (ആദ്യമായി പദ്ധതിക്ക് അംഗീകാരം ലഭ്യമായ പുതുപ്പാടി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട്) 2012 നവംബർ 10-ാം തീയതി കോഴിക്കോട് ജൂബിലി ഓഡിറ്റോറിയത്തിൽ വച്ച് പഞ്ചായത്ത് സാമൂഹ്യ ക്ഷേമവകുപ്പ് മന്ത്രി ഡോ. എം. കെ. മുനീർ നിർവ്വഹിച്ചു. കോർപ്പറേഷൻ-മുനിസിപ്പാലിറ്റി സംസ്ഥാനതല പദ്ധതി നിർവ്വഹണ പ്രഖ്യാപനം എം.കെ. രാഘവൻ എം. പി. നിർവ്വഹിച്ചു. വി.എം. ഉമ്മർ എം.എൽ.എ അദ്ധ്യക്ഷം വഹിച്ചു. ജില്ലാ കളക്ടർ കെ. വി. മോഹൻകുമാർ ഐ.എ.എസ്, ജില്ലാ പഞ്ചായത്ത് ചേംബർ സെക്രട്ടറി സുഹറ മമ്പാട്, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേ



















ഷൻ പ്രസിഡന്റ് മണികണ്ഠൻ, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് പി.ടി. മാത്യൂ, ജനറൽ സെക്രട്ടറി സൂപ്പിനരിക്കാട്ടേരി, ചേംബർ ഓഫ് മുനിസിപ്പൽ ചെയർമാൻസ് കേരളയുടെ ജനറൽ സെക്രട്ടറി എം.പി.എം. ഇസ്ഹാക്ക് കുരിക്കൾ, ഇടുക്കി ജില്ലാ പഞ്ചായത്തു പ്രസിഡന്റ് എം.റ്റി. തോമസ്, പഞ്ചായത്ത് ഡയറക്ടർ എസ്. ലളിതാംബിക ഐ.എ.എസ്, കില ഡയറക്ടർ ഡോ. പി.പി. ബാലൻ.

മുൻമന്ത്രി എം.ടി. പത്മ തുടങ്ങിയവർ സംസാരിച്ചു. ഗ്രാമസഭകൾ മെച്ചപ്പെടുത്തുന്നതിനായി നടത്തിയ വിശേഷാൽ ഗ്രാമസഭാ നടത്തിപ്പിൽ സംസ്ഥാന അവാർഡു നേടിയ നാദാപുരം, ചെമ്പിലോട്, ബേഡഡുക്ക, പത്മന, എടക്കാട്, എന്നീ ഗ്രാമപഞ്ചായത്തുകൾക്കുള്ള അവാർഡും മന്ത്രി വേദിയിൽ വച്ച് നല്കി. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സി.എൻ. ബാബു നന്ദി പറഞ്ഞു. ■







# വാർത്തകളും വിശേഷങ്ങളും

## അറവ്ശാല നിർമ്മാണ ധനസഹായത്തിന് അപേക്ഷ ക്ഷണിക്കുന്നു

2012-13 സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി അറവുശാലകൾ നിർമ്മിക്കുന്നതിനായി പ്രോത്സാഹന ധനസഹായത്തിന് ഗ്രാമപഞ്ചായത്തുകളിൽ നിന്നും അപേക്ഷകൾ ക്ഷണിക്കുന്നു. അറവുശാല നിർമ്മാണത്തിന് 20 ലക്ഷം രൂപ വീതം 25 ഗ്രാമപഞ്ചായത്തുകൾക്കാണ് സഹായധനം നൽകുന്നത്. നിലവിൽ സ്വന്തമായി ഭൂമിയുള്ള ഗ്രാമപഞ്ചായത്തുകൾക്കും പദ്ധതി നടത്തിപ്പ് ചെലവിന്റെ 50% പഞ്ചായത്ത് വിഹിതമായി ഉൾപ്പെടുത്തുന്ന ഗ്രാമപഞ്ചായത്തുകൾക്കും മുൻഗണന നൽകുന്നതാണ്. മുൻകാലങ്ങളിൽ ഈ പദ്ധതി പ്രകാരം സഹായധനം ലഭിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളുടെ അപേക്ഷ പരിഗണിക്കുന്നതല്ല. അപേക്ഷകൾ 2012 നവംബർ 30 ന് മുമ്പായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർ മുഖേന പഞ്ചായത്ത് ഡയറക്ടർക്ക് സമർപ്പിക്കേണ്ടതാണ്.

## നിലംനികത്ത് ഭൂമിയിലെ വാസഗൃഹങ്ങൾക്ക് റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്

കെട്ടിടനിർമ്മാണ ചട്ടങ്ങളും നിയമങ്ങളും ലംഘിക്കപ്പെടുന്ന 100 ച.മീ. വരെയുള്ള വാസഗൃഹങ്ങൾക്ക് താൽക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് നൽകാൻ അനുമതി നൽകിയ 4.8.2012 ലെ സ.ഉ (എം.എസ്) 211/2012 തസ്വഭവ തീയതി 4.08.2012 ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി ആനുകൂല്യം നഞ്ച, നിലം, വയൽ എന്നീതരം ഭൂമികളിൽ നിലവിൽ 100 ചതുരശ്ര മീറ്റർവരെ വിസ്തീർണ്ണം ഉള്ള വാസഗൃഹങ്ങളിൽ താമസിക്കുന്നവർക്കും നൽകാവുന്നതാണ് (സർക്കുലർ 38476/ആർ.എ1/2012 തസ്വഭവ തദ്ദേശസ്വയംഭരണ (ആർ.എ) വകുപ്പ് തീയതി 11.10.2012)

## ജനപ്രതിനിധികളായ അധ്യാപകർക്ക് ഡ്യൂട്ടിലീവ്

പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിലെ ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായിരിക്കുന്ന എയ്ഡഡ് സ്കൂൾ, എയ്ഡഡ് കോളേജ് അധ്യാപകർ, എയ്ഡഡ് സ്കൂൾ/എയ്ഡഡ് കോളേജിൽ അധ്യാപകേതര ജീവനക്കാർ, അർദ്ധസർക്കാർ ജീവനക്കാർ എന്നിവർക്ക് പ്രസ്തുത പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു വർഷം പരമാവധി 15 ദിവസം ഡ്യൂട്ടി ലീവ് അനുവദിച്ച് ഉത്തരവായി.

## സർക്കാർ ആനുകൂല്യങ്ങൾക്ക് ആധാറിൽ രജിസ്റ്റർ ചെയ്യണം

ക്ഷേമപെൻഷനുകളും മറ്റു സർക്കാർ ധനസഹായങ്ങളും 2013 ഏപ്രിൽ മുതൽ യുഐഡി നമ്പർ ആധാർ ഉപയോഗപ്പെടുത്തി ഇ-പേമെന്റ് അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ സർക്കാർ തീരുമാനിച്ചതിനാൽ ഏപ്രിൽ ഒന്നുമുതൽ ക്ഷേമ പെൻഷനുകളുടെയും മറ്റ് ധനസഹായങ്ങളുടെയും നിലവിലുള്ള വിതരണരീതി ഉപേക്ഷിക്കും. 2012 ഡിസംബർ 31നകം എല്ലാ പെൻഷൻ ഗുണഭോക്താക്കളും മറ്റ് ധനസഹായ പദ്ധതികളുടെ ഗുണഭോക്താക്കളും ബന്ധപ്പെട്ട അക്ഷയ, കെൽട്രോൺ എന്നിവയിൽ ഏതെങ്കിലും ഏജൻസി മുഖാന്തിരം ആധാർ (യു.ഐ.ഡി) പദ്ധതിയിൽ രജിസ്റ്റർ ചെയ്യണം.

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ആറാം ഗഡു അനുവദിച്ചു

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് മെയിന്റനൻസ് എക്സ്പെൻഡിച്ചർ ഇനത്തിൽ റോഡ് അസറ്റ്സ് ആന്റ് നോൺ റോഡ് അസറ്റ്സിന് ആറാം ഗഡുവായി 103,85,71,900 രൂപ അനുവദിച്ചു.

## ഭരണഭാഷ മാതൃഭാഷ

നവംബർ ഒന്നുമുതൽ ഒരു വർഷക്കാലം ഭരണഭാഷാ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി മുഖ്യമന്ത്രിയുടെയും മറ്റു മന്ത്രിമാരുടെയും കാര്യാലയങ്ങൾ ഉൾപ്പെടെ സംസ്ഥാനത്തെ വിവിധ ഓഫീസുകളിൽ നിന്നും അയയ്ക്കുന്ന എല്ലാ കത്തുകളുടെയും മുകളിൽ ഭരണഭാഷ മാതൃഭാഷ എന്ന വാക്യം പതിപ്പിക്കണമെന്നും സർക്കാർ ഡയറി, കലണ്ടർ, ലറ്റർ പാഡുകൾ തുടങ്ങിയവയിൽ ഈ വാക്യം അച്ചടിക്കണമെന്നും നിർദ്ദേശം നൽകി ഉത്തരവ് പുറപ്പെടുവിച്ചു.


## സ്വയംതൊഴിൽ വായ്പ

സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷന്റെ സ്വയം തൊഴിൽ വായ്പാ പദ്ധതിയിലേക്ക് സ്മോൾ എന്റർപ്രൈസസ് ലോണിന് പട്ടികവർഗ്ഗത്തിൽപ്പെട്ട സംരംഭകത്വഗുണമുള്ള യുവതി യുവാക്കളിൽ നിന്നും അപേക്ഷ ക്ഷണിച്ചു. 50,000 രൂപയാണ് വായ്പാതുക. അപേക്ഷകൻ തൊഴിൽ രഹിതരും 18നും 50നും മദ്ധ്യം പ്രായമുള്ളവരുമായിരിക്കണം കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 81000 രൂപയിലും നഗരപ്രദേശങ്ങളിൽ താമസിക്കുന്നവർക്ക് 10400 രൂപയിലും കവിയാൻ പാടില്ല. വിജയസാദ്ധ്യതയുള്ള ഏതൊരു സ്വയം തൊഴിൽ പദ്ധതിയിലും (കൃഷിഭൂമി വാങ്ങൽ/മോട്ടോർ വാഹനം വാങ്ങൽ ഒഴികെ) ഗുണഭോക്താവിന് ഏർപ്പെടാം. വായ്പാ തുക ആറ് ശതമാനം പലിശ സഹിതം അഞ്ച് വർഷംകൊണ്ട് തിരിച്ചടയ്ക്കണം. തെരഞ്ഞെടുക്കപ്പെടുന്നവർ ഈടായി ആവശ്യമായ ഉദ്യോഗസ്ഥ ജാമ്യം ഹാജരാക്കണം.

## നാട്ടറിവുകൾ പങ്കുവെച്ച് കർഷക കൂട്ടായ്മ

കൊല്ലം ജില്ലയിൽ പത്തനാപുരം ഗ്രാമപഞ്ചായത്തിൽപ്പെട്ട കുണ്ടയം വാർഡിൽ കർഷകരുടെ കൂട്ടായ്മ സംഘടിച്ചു. പ്രദേശത്തെ സാംസ്ക്കാരിക പ്രവർത്തനത്തിന്റെ സിരാകേന്ദ്രമായ ദേശിയ ഗ്രന്ഥശാലയിലാണ് കർഷകരുടെ ഒത്തുചേരൽ നടന്നത്. പഴയ തലമുറയിലും പുതിയ തലമുറയിലുംപ്പെട്ട എൺപതിൽപ്പരം കർഷകരുടെ ഒത്തുചേരൽ കുണ്ടയത്തിന് നവ്യാനുഭവമായി. പ്രദേശത്തെ കാർഷിക മേഖലയിലെ പ്രശ്നങ്ങളും കർഷകർ നേരിടുന്ന പ്രയാസങ്ങളും ഫലപ്രദമായ കാർഷിക പുരോഗതിക്കുവേണ്ട നിർദ്ദേശങ്ങളും ചർച്ച ചെയ്യുന്നതിനും ഗ്രാമസഭയിൽ കർഷകരുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും വേണ്ടിയാണ് കാർഷിക കൂട്ടായ്മ സംഘടിപ്പിച്ചത്.

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.







ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

# പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

## പരസ്യ നിരക്ക്

| | | തുക (രൂപയിൽ) |
|---|---|---|
| കവർ (അവസാനപുറം) കളർ | : | 12000/- |
| കവർ (ഉൾവശം) കളർ | : | 10000/- |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | : | 8000/- |
| മറ്റു പേജുകൾ (കളർ) | : | 8000/- |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | : | 6000/- |
| അര പേജ് (കളർ) | : | 5000/- |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | : | 3000/- |

**വാർഷിക വരിസംഖ്യ : 120 രൂപ**

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:

**എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,**
**പഞ്ചായത്ത് രാജ് മാസിക**
**പഞ്ചായത്ത് ഡയറക്ടറേറ്റ്,**
**മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033**

**PANCHAYATRAJ** (Monthly) November 2012
Annual Subscription ₹120/-
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/66
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

# അമ്മിണി എനർജി സിസ്റ്റംസ്

**Introduces..**

## LED Magic...!
## in Road Lighting

- LED Life more than 10 years
- Highly advanced driver circuits
- Virtually maintenance free
- More than 100 Lumens / Watt
- Aluminium Die cast body
- IP-65 grade protection

## LEDtron
*LED ROAD LIGHTING LUMINAIRE*



12W | 18W | 24W | 36W | 48W | 72W | 96W

*Special packages for*
*LOCAL BODY PROJECTS*

കൂടുതൽ വിവരങ്ങൾക്ക്:
*1800 300 00600 (Toll Free)*
*0471-3060200 (Call Centre)*

## The brightest range of Solar & Energy Conservation Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം (DGS&D Approved)
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം (DGS&D Approved)
- സോളാർ ലാന്റേൺ (MNRE Approved)
- സോളാർ പവർ പ്ലാന്റുകൾ (With 30% MNRE Subsidy)
- CFL സ്ട്രീററ്ലൈററുകൾ (ISI Marked)

**അമ്മിണി എനർജി സിസ്റ്റംസ്**
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം– 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ–മെയിൽ: mail@ammini.com

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
18 വർഷത്തെ
സേവന പാരമ്പര്യം

भारतीय मानक ब्यूरो IS/ISO 9001
STQC Certification QMS
MGMT. SYS. RvA C 286
BUREAU OF INDIAN STANDARDS
ISO 9001: 2008 CERTIFIED

एन. एस. आई. सी
NSIC REGISTERED
ONICRA We Secure Trust
NSIC - ONICRA CREDIT RATED: SE2A

*CONTACT : 1800 300 00 600 (TOLL FREE)*

Printed & Published by S. Lalithambika IAS, Director, Dept. of Panchayats on behalf of Govt. of Kerala and Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: S. Lalithambika IAS